

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കോട്ടക്കൽ മുനിസിപ്പാലിറ്റി

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം 20/487/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 16/04/2026
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കോട്ടക്കൽ മുനിസിപ്പാലിറ്റി

സർ,

വിഷയം : കോട്ടക്കൽ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടക്കൽ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

DISTRICT AUDIT OFFICER * KERALA STATE AUDIT DEPARTMENT * MALAPPURAM - 676 505

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(AIMS മുഖേന)
2) ഡയറക്ടർ, നഗരകാര്യ വകുപ്പ്,തിരുവനന്തപുരം (ഇ.മെയിൽ)
3) റീജ്യണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്,കോഴിക്കോട്(ഇ.മെയിൽ)
4) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.എം.പി.എം 20/487/2026 തീയ്യതി: 16/04/2026

മലപ്പുറം ജില്ലയിലെ കോട്ടക്കൽ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കോട്ടക്കൽ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-02-2026 മുതൽ 10-03-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 78 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 11-03-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. രാം മനോഹർ വി കെ	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	26-02-2026	11-03-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
26-02-2026	11-03-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൽ റഷീദ്.എം.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),
ശ്രീ.റിഷിൽ. പി, ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ,
ശ്രീമതി.അസീന എ.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,

ശ്രീമതി.സിന്ധു.ഐ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി.ലത ഒ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി. ഷീബ പി.ഓഡിറ്റർ,
ശ്രീമതി.ഖാലിദ പി,ഓഡിറ്റർ,
ശ്രീമതി. നിഷ.എസ്,ഓഡിറ്റർ.

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ഡോ.ഹനീഷ കെ	ചെയർപേഴ്സൺ	01-04-2024	31-03-2025
ശ്രീ. മാമ്പള്ളി സന്തോഷ് കുമാർ	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ബാബു.ഇ	ക്ലീൻ സിറ്റി മാനേജർ	01-04-2024	30-09-2024
ശ്രീ.അരുൺ സാബു.പി.ജി	ക്ലീൻ സിറ്റി മാനേജർ-ഇൻ-ചാർജ്ജ്	01-10-2024	31-10-2024
ശ്രീ.സക്കീർ ഹുസൈൻ.വി.പി	ക്ലീൻ സിറ്റി മാനേജർ	01-11-2024	31-03-2025
ശ്രീ.അരുൺ സാബു.പി.ജി	പ്രൊജക്ട് ഓഫീസർ	01-04-2024	31-03-2025
ശ്രീമതി.ജീന.എ	അസി.എഞ്ചിനീയർ	01-04-2024	02-06-2024
ശ്രീ.മഹേഷ്.ഒ	അസി.എഞ്ചിനീയർ	03-06-2024	25-06-2024
ശ്രീ.സിജേഷ്.കെ	അസി.എഞ്ചിനീയർ	26-06-2024	02-07-2024
ഒഴിവ്	അസി.എഞ്ചിനീയർ	03-07-2024	11-07-2024
ശ്രീ.ഹുസൈൻ പോത്തങ്ങോടൻ	അസി.എഞ്ചിനീയർ	12-07-2024	15-12-2024
ശ്രീമതി.ജീന എ	അസി.എഞ്ചിനീയർ	16-12-2024	13-01-2025
ശ്രീമതി.മേരി മഞ്ജു	അസി.എഞ്ചിനീയർ	14-01-2025	31-03-2025
ശ്രീമതി. മുംതാസ്. ടി. വി.	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	31-03-2025
ഡോ.നഷീദ	മെഡിക്കൽ ഓഫീസർ FHC	01-04-2024	31-03-2025
ഡോ.ഷാഹിന.ടി.വി	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-04-2024	01-11-2024
ഡോ.മിനു ചാക്കോ	മെഡിക്കൽ ഓഫീസർ(	02-11-2024	31-03-2025

	ഹോമിയോ)		
ഡോ. ഡോ. ജോഷ്ന കെ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2024	31-03-2025
ശ്രീമതി. സുജാത. ആർ	പ്രിൻസിപ്പാൾ	01-04-2024	31-03-2025
ശ്രീ.രാജൻ.എം.വി	ഹെഡ് മാസ്റ്റർ	01-04-2024	31-03-2025
ഡോ.അബ്ദുൾ ഗഫൂർ പൂങ്ങാടൻ	വെറ്ററനറി സർജൻ	01-04-2024	31-03-2025
ശ്രീ. വൈശാഖൻ. എം. വി	കൃഷി ഓഫീസർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-1
3	അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ സമർപ്പിച്ചിട്ടില്ല	1-1-2
4	ബാങ്കിൽ സമർപ്പിച്ച ചെക്കുകൾ അക്കൗണ്ടിൽ ക്രഡിറ്റായിട്ടില്ല	1-1-3
5	റീകൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള Directly Debited By Bank ആയി കാണിച്ചിട്ടുള്ള തുകയുടെ ആധികാരികത വ്യക്തമല്ല.	1-1-4
6	ഷെഡ്യൂൾ B-4 ലെ നീക്കിയിരിപ്പ് B-17 മായി പൊരുത്തപ്പെടുന്നില്ല.	1-1-5
7	പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്ക് ACR സൂക്ഷിക്കുന്നില്ല.	1-1-6
8	Capital Work In Progress - കാലികമാക്കിയില്ല.	1-1-7
9	ബജറ്റ്	1-2
10	സാമ്പത്തിക വിശകലനം (റസീറ്റ് & പെയ്മെന്റ് പത്രിക പ്രകാരം)	1-3
11	ഫണ്ട് വിനിയോഗം (ACR പ്രകാരം)	1-4
12	പ്രത്യേക ഉദ്ദേശ്യ ഫണ്ടുകൾ ചെലവഴിക്കാൻ അവശേഷിക്കുന്നു.	1-4-1
13	പദ്ധതി അവലോകനം	1-5
14	തൊഴിലുറപ്പ് പദ്ധതി	1-6
15	ക്ഷേമ പദ്ധതികൾ.	1-7
16	ക്യാഷ് പരിശോധന	1-8
17	ആഭ്യന്തര നിയന്ത്രണം	1-9
18	മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
19	ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം	1-11
20	നഗരസഭ പെൻഷൻ ഫണ്ട്-അവലോകനം	1-12
21	ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ- അപാകതകൾ	1-13
22	വിനോദ നികുതി - സർക്കാർ ഉത്തരവനുസരിച്ച് നഗരസഭ തുടർ നടപടികൾ സ്വീകരിക്കുന്നില്ല.	1-14
23	വിനോദ നികുതി പിരിവ് അനുബന്ധ ഫയലുകൾ പരിശോധനക്ക് ലഭ്യമായില്ല	1-15
24	നഗരസഭാ ഫണ്ട് സഹകരണ ബാങ്കിൽ സൂക്ഷിക്കുന്നു	1-16
25	സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - അപാകതകൾ	1-17
26	വാടക കുടിശ്ശികയിനത്തിൽ വൻതുക ഈടാക്കാനവശേഷിക്കുന്നു.	1-18
27	വാടക വരവ്- അപാകതകൾ	1-19
28	അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കിയില്ല	1-20

29	അങ്കണവാടികളിലേക്ക് ഫർണിച്ചറുകൾ വാങ്ങൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ	1-21
30	കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ്- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.	1-22
31	അൺ എയ്ഡഡ് സ്കൂളുകളുടെ വസ്തുനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.	1-23
32	ലൈബ്രറി സെസ്സ് സമയബന്ധിതമായി അടവാക്കുന്നില്ല	1-24
33	പരസ്യചാർജ്ജിനത്തിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമായില്ല.	1-25
34	തെരുവു വിളക്കുകളുടെ എ.എം .സി- അപാകതകൾ	1-26
35	സെക്രട്ടറിയുടെ ശമ്പളം തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്	1-27
36	കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച തുക- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല,	1-28
37	എസ്.എസ്.കെ വിഹിതം അടവാക്കൽ അനുബന്ധരേഖകൾ , വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല.	1-29
38	വീട് വാസയോഗ്യമാക്കൽ- പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല	1-30
39	വനിതകൾക്ക് സ്വയം തൊഴിൽ സബ്സിഡി- സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.	1-31
40	വെള്ളക്കരം അടവാക്കൽ - വിവരങ്ങൾ ലഭ്യമാക്കിയില്ല	1-32
41	വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും - അവലോകനം	1-33
42	വയോമിത്രം പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല	1-34
43	വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം- അപാകതകൾ	1-35
44	PMAY(നഗരം)/ ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.	1-36
45	മൈത്രി റോഡ് പാടം കൈവരി നിർമ്മാണം - പ്രവൃത്തിയിലെ അപാകതകൾ	1-37
46	സ്റ്റോൺ മേസനറി പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി.	1-38
47	വെറ്റിറിനറി ആശുപത്രി നവീകരണം - പ്രവൃത്തിയിൽ അധികം നൽകിയ 48,774 രൂപ തിരിച്ചടവാക്കി	1-39
48	റോഡ് കോൺക്രീറ്റിങ് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി- ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി 144845 രൂപ തിരിച്ചടവാക്കി	1-40
49	ആലിക്കൽ സബ് സെന്റർ പുനരുദ്ധാരണം - പിഴ ഈടാക്കിയില്ല	1-41
50	മുനിസിപ്പൽ എഞ്ചിനീയർ - ടെണ്ടർ ഫീ നഗരസഭയിലേക്ക് നൽകിയിട്ടില്ല	1-42
51	തൊഴിൽ നികുതി - അപാകതകൾ	1-43
52	തൊഴിൽ നികുതി (ട്രേഡേഴ്സ്) പൂർണ്ണമായി ഈടാക്കിയിട്ടില്ല	1-44
53	തരിശു ഭൂമി കൃഷി യോഗ്യമാക്കൽ-മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല	1-45

54	സമഗ്ര തെങ്ങ് കൃഷി വികസനം- അപാകതകൾ	1-46
55	വാഴ കൃഷിക്ക് ധനസഹായം- അപാകതകൾ	1-47
56	വെറ്റില കൃഷിക്ക് സഹായം- അപാകതകൾ	1-48
57	സമഗ്ര നെൽകൃഷി വികസനം- അപാകതകൾ	1-49
58	വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണ- പ്രവർത്തനങ്ങളിലെ അപാകതകൾ	1-50
59	തുല്യതാ പരീക്ഷക്ക് വിഹിതം നൽകൽ- വിശദാംശങ്ങൾ ഹാജരാക്കിയില്ല	1-51
60	2024-25 ബജറ്റ്- അപാകതകൾ	1-52
61	2.86 കോടിയിലധികം രൂപ മുൻകൂർ- ക്രമീകരിച്ചിട്ടില്ല	1-53
62	ഫെസ്റ്റിവൽ അഡ്വാൻസ് സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല.	1-54
63	വാർഡ് സഭ യോഗം- മുനിസിപ്പാലിറ്റി നിയമം, ചട്ടങ്ങൾ എന്നിവ പൂർണ്ണമായി പാലിക്കുന്നില്ല.	1-55
64	ചിറകളുടെ നവീകരണം-പൂർത്തീകരണ വിവരം ലഭ്യമല്ല. 40,00,000 രൂപ തടസ്സം ചെയ്യുന്നു.	1-56
65	മരാമത്ത് പ്രവൃത്തികളുടെ സെന്റേജ് ചാർജിനത്തിൽ 18.29 ലക്ഷം രൂപ ചെലവഴിച്ചു.	1-57
66	ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിലെ അപാകതകൾ	1-58
67	വെറ്ററിനറി ഹോസ്പിറ്റൽ -സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങലുകൾ നടത്തി	1-59
68	തെരുവ് വിളക്കുകളുടെ രജിസ്റ്റർ പരിപാലനം- അപാകതകൾ	1-60
69	മെഡിക്കൽ ഓഫീസറുടെ പദ്ധതിച്ചെലവ്- സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവ് അപാകങ്ങൾ	1-61
70	സാമൂഹികാരോഗ്യകേന്ദ്രത്തിലേക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല	1-62
71	അർബൻ പി.എച്ച്.സി-സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങലുകൾ നടത്തി	1-63
72	നഗരസഭയിലേയ്ക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - ചെലവു രേഖകൾ ഹാജരാക്കിയില്ല	1-64
73	സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - വിശദാശങ്ങൾ ലഭ്യമാക്കിയില്ല	1-65
74	ഫയൽ പരിശോധനക്ക് ലഭ്യമാക്കിയില്ല	1-66
75	കിണർ റീ-ചാർജ്-അപാകങ്ങൾ	1-67
76	റിജക്ടഡ് മാലിന്യം നീക്കം ചെയ്യൽ -അപാകങ്ങൾ	1-68

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	മെഡിസെപ്പ് പ്രീമിയം-ഒടുക്ക് പരിശോധന	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം	4-5
6	വായ്പ/വായ്പ തിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപങ്ങൾ	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ	4-9
10	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-12

അനുബന്ധം

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കോട്ടക്കൽ മുനിസിപ്പാലിറ്റിയുടെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ **28-11-2025** തീയതിയിലെ 39 നം. തീരുമാനം പ്രകാരം അംഗീകരിച്ച് **01-12-2025** തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോട്ടക്കൽ മുനിസിപ്പാലിറ്റിയുടെ 2024-25 വർഷത്തേയുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

DISTRICT AUDIT OFFICE ★ KERALA STATE AUDIT DEPARTMENT ★ MALAPPURAM - 676 505

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

സ്ഥലം : മലപ്പുറം
തിയ്യതി : 16/04/2026

1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-9 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് ഡിജിറ്റലൈസേഷൻ നടന്നു കൊണ്ടിരിക്കുകയാണെന്ന മറുപടി ലഭ്യമാക്കി. ഉടൻ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-1-2 അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ ഇകകൾ എന്നിവ സമർപ്പിച്ചിട്ടില്ല

2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ് 58(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 58(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 58(3) പ്രകാരമുള്ള മുൻവർഷ താരതമ്യ ഇകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. മേൽ പരാമർശിച്ച കുറിപ്പുകൾ ലഭ്യമാക്കുന്നതിന് ഐ.കെ.എം-നോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി. തുടർ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-1-3 ബാങ്കിൽ സമർപ്പിച്ച ചെക്കുകൾ അക്കൗണ്ടിൽ ക്രഡിറ്റായിട്ടില്ല

നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തിലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ നഗരസഭ വരവിൽ ഉൾപ്പെടുത്തി കളക്ഷന് വേണ്ടി ബാങ്കിൽ സമർപ്പിച്ച 2,23,214 രൂപയുടെ ചെക്കുകൾ പ്രകാരമുള്ള പണം നാളിതുവരെ നഗരസഭയുടെ ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സംക്ഷിപ്ത വിവരം താഴെ നൽകുന്നു. ചെക്ക് നമ്പറോ തീയതിയോ രേഖപ്പെടുത്താത്തതിനാൽ ഏത് കാലയളവിലെ തുകയാണ് ഇപ്രകാരം രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമല്ല.

ക്രമ നമ്പർ	ബാങ്കിന്റെ പേര്	അക്കൗണ്ട് നമ്പർ	Cheque Deposited But Not Credited എന്നതിൽ ഉൾപ്പെട്ട തുക
1.	The Kottakkal Service Cooperative Bank	100010000014	35,714
2	ICICI	0942010016666	1,87,500
ആകെ			2,23,214

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/02.03.2026) കോട്ടക്കൽ സർവീസ് സഹകരണ ബാങ്കിലെ Cheque Issued But Not Collected എന്ന ഹെഡ്ഡിൽ 2025 മാർച്ച് മാസത്തിലാണ് ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തത്, ടി ചെക്കുകളിലെ 23665 രൂപ 2025 ഏപ്രിൽ മാസത്തിൽ ബാങ്കിൽ ക്രെഡിറ്റായത് 2025-26 വർഷത്തിൽ റീകൺസിൽ ചെയ്തിട്ടുള്ളതാണ്. ബാക്കി തുകയായ 12049 രൂപ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് ബാങ്കിൽ കത്ത് നൽകിയിട്ടുണ്ടെന്നും 1,87,500 രൂപ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഐ.സി.ഐ.സി.ഐ ബാങ്കിൽ കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. തുടർ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-1-4 റീകൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള Directly Debited By Bank ആയി കാണിച്ചിട്ടുള്ള തുകയുടെ ആധികാരികത വ്യക്തമല്ല.

2024-25 സാമ്പത്തിക വർഷത്തിലെ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ താഴെ പറയും പ്രകാരം Directly Debited By Bank ആയി കാണിച്ചിട്ടുള്ള തുകയുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ഏത് കാലയളവിലെ തുകയാണ് ഇപ്രകാരം രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തവുമല്ല.

നഗരസഭയുടെ കാനറ ബാങ്ക് അക്കൗണ്ടിന്റെ റി കൺസിലിയേഷൻ പത്രിക പ്രകാരം 14,86,387 രൂപ Directly Debited By Bank എന്നതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ക്രമ നമ്പർ	ബാങ്കിന്റെ പേര്	അക്കൗണ്ട് നമ്പർ	Directly Debited By Bank എന്ന ഹെഡ്ഡിൽ ബുക്ക് ചെയ്ത തുക.
1	Canara Bank	110160990060	14,86,387
ആകെ			14,86,387

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/02.03.2026) കെ-സ്മാർട്ട് സോഫ്റ്റ് വെയറിന്റെ സാങ്കേതിക തകരാറ് മൂലം ടി ബാങ്കിന്റെ റീകൺസിലേഷൻ 2025 ഏപ്രിൽ മാസത്തിൽ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല ആയത് പരിഹരിക്കുന്ന മുറക്ക് Directly Debited By Bank എന്ന ഹെഡ്ഡിൽ കാണുന്ന 1486387 രൂപ റീ

കൺസിലേഷൻ പൂർത്തീകരിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. ആയത് പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-1-5 ഷെഡ്യൂൾ B-4 ലെ നീക്കിയിരിപ്പ് B-17 മായി പൊരുത്തപ്പെടുന്നില്ല.

ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ ഉൾപ്പെടുന്ന ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലെ തുകകളും അവ നിക്ഷേപിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.(B17 & RP CB). ഉദാ:-

ക്രമ നമ്പർ	ഫണ്ട്	B4 പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള തുക	B17 നീക്കിയിരിപ്പ്
1.	Integrated Child Development Scheme	3615123	9353798
2.	AUEGS	1000	0
3.	PMAY	57125	1968913

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/02.03.2026) സാംഖ്യ സോഫ്റ്റ് വെയറിൽ ICDS, PMAY തുടങ്ങിയ കേന്ദ്രാവിഷ്കൃത ഫണ്ടുകൾക്ക് പ്രത്യേകം ഹെഡ്കുകൾ ഇല്ലാത്തതിനാൽ Other Grants And Contribution Specific Purpose Central Government എന്ന ഹെഡ്കിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടി ഹെഡ്കിൽ കാണിച്ചിരിക്കുന്ന തുകയിൽ ICDS, PMAY എന്നിവയുടെ മുന്നിരിപ്പ് തുകകൾ ഉൾപ്പെട്ടിട്ടുണ്ട്. ആയത് 2025-26 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ പരിഹരിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-1-6 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്ക് ACR സൂക്ഷിക്കുന്നില്ല.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്ക് പ്രത്യേകം എ.സി.ആർ. ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത ഗ്രാന്റുകളിൽ ബാധ്യതയായി B-4 ഷെഡ്യൂളിൽ ബുക്ക് ചെയ്ത തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല . ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

ശീർഷകം	തുക
3201020 Integrated Child Development Service	3615123
3208099 Other Grants & Contributions For Specific Purpose	24919916
3201050 Grants Contributions For Specific Purposes – Central Government	14862563
3201056 Sprcial Grants	2331850

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/02.03.2026) മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-7 Capital Work In Progress – കാലികമാക്കിയില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B11 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഇനത്തിൽ (ഹെഡ് കോഡ് 4120101) മുൻ വർഷത്തെ അതേ നീക്കിയിരിപ്പാണ് ചേർത്തിട്ടുള്ളത്. പാർട്ട് ബിൽ നൽകിയതിൽ പൂർത്തിയായ പ്രവൃത്തികൾ അസറ്റ് ഹെഡിൽ ചേർക്കുകയോ തൻ വർഷത്തെ പാർട്ട് ബിൽ നൽകിയ പ്രവൃത്തികൾ മേൽ ഹെഡിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/02.03.2026) 2025-26 ലെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ അപാകത പരിഹരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-2 ബജറ്റ്

2024-25 ലെ ബജറ്റ് പാസാക്കിയ തിയ്യതി.	2024-25 ലെ ബജറ്റ് പുതുക്കിയ തിയ്യതി.
12.03.2024 ലെ തീരുമാനം നമ്പർ (1/1).	28.03.2025 ലെ തീരുമാനം നമ്പർ (1/1).

1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പെയ്മെന്റ് പത്രിക പ്രകാരം)

ഇനം.	2024-25 സാമ്പത്തിക വർഷത്തെ തുക (₹).
മുന്നിരിപ്പ്	17,78,45,505
വരവ്	23,66,86,939
ആകെ	41,45,32,444
ചെലവ്	23,48,85,378
നീക്കിയിരിപ്പ്	17,96,47,066

(കുറിപ്പ്:-2023-24 വാർഷിക കണക്കു പ്രകാരം നീക്കിയിരിപ്പ് തുക 17,78,45,505.97 രൂപയും 2024-25 വാർഷിക കണക്കു പ്രകാരം മുന്നിരിപ്പ് 17,78,45,505 രൂപയുമാണ്. 2024-25 വാർഷിക കണക്കു പ്രകാരമുള്ള വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്.)

1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

ഫണ്ടിനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
വികസന ഫണ്ട്-ജനറൽ	0	3,77,02,887	3,77,02,887	3,57,36,269	19,66,618
വികസന ഫണ്ട് (എസ്.സി.പി)	0	50,14,120	50,14,120	40,62,965	9,51,155
മെയിന്റനൻസ് ഫണ്ട് (റോഡ്)	0	4,83,15,000	4,83,15,000	2,34,90,289	2,48,24,711
മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)	0	1,62,68,000	1,62,68,000	1,43,23,845	19,44,155
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)	0	75,27,836	75,27,836	1,34,84,164	(-59,56,328)
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	0	1,23,81,333	1,23,81,333	1,51,94,890	(-28,13,557)

(കുറിപ്പ്: കെ സ്മാർട്ടിൽ നിന്നും ലഭ്യമായ സ്റ്റേറ്റ്മെന്റ് പ്രകാരമാണ് വരവ് തുക ചേർത്തിരിക്കുന്നത്. ചെലവ് തുക സാംഖ്യ സ്റ്റേറ്റ്മെന്റ് പ്രകാരവും.)

1-4-1 പ്രത്യേക ഉദ്ദേശ്യ ഫണ്ടുകൾ ചെലവഴിക്കാൻ അവശേഷിക്കുന്നു.

വാർഷിക കണക്ക് B-4 പ്രകാരം 3201050- Grants Contribution For Specific Purpose - Central Government എന്ന ഹെഡിൽ 1,48,62,563/-രൂപയും, 3208099- Other Grants And Contribution For Specific Purpose എന്ന ഹെഡിൽ 2,49,19,916/-രൂപയും നീക്കിയിരിപ്പുണ്ട്. 2023-24 വർഷത്തിലും നീക്കിയിരിപ്പ് ഇതേ തുക തന്നെയായിരുന്നു.

മേൽ തുകകൾ നഗരസഭക്ക് ഏത് ആവശ്യത്തിന്, ഏത് ഇനത്തിൽ ലഭ്യമായ ഫണ്ടാണെന്നും ബാധ്യതയായി കാണിച്ച പ്രസ്തുത ഫണ്ട് ചെലവഴിക്കാതിരിക്കുന്നതിന് കാരണവും അറിയിക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി (നം.22/24-25/04.03.2026) നൽകിയതിന് ICDS, RMSA, Swach Bharat Mission, PMAY തുടങ്ങിയ സ്കീമുകളിലെ തുകകളാണെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ മേൽ പറഞ്ഞ സ്കീമുകളിൽ ലഭിക്കുന്ന ഫണ്ടുകളുടെ തൻ വർഷത്തെ വരവ് ചെലവുകൾ പ്രത്യേകം ഹെഡുകളിൽ ബുക്ക് ചെയ്തിട്ടുണ്ട്. ആയവക്കെല്ലാം പ്രത്യേകം ബാങ്ക് അക്കൗണ്ടും നിലവിലുണ്ട്. ഇതിലെ നീക്കിയിരുപ്പ് 3201050, 3208099 ഹെഡുകളിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല. പ്രത്യേകം ബാങ്ക് അക്കൗണ്ട് ഉള്ള ഫണ്ടുകളുടെ വിവരങ്ങൾ ബാലൻസ് ഷീറ്റിൽ പ്രത്യേകമായി കാണിക്കേണ്ടതാണ്. മേൽ പരാമർശിച്ച ഹെഡുകളിൽ വർഷങ്ങളായുള്ള നീക്കിയിരിപ്പ് ഏത് ഇനങ്ങളിലുള്ളതാണെന്ന് പരിശോധിച്ച് ആയതിനുള്ള പ്രത്യേക ഹെഡുകളിൽ നീക്കിയിരിപ്പ് കാണിക്കേണ്ടതാണ്. അപാകതക പരിഹരിച്ച് അറിയിക്കേണ്ടതാണ്.

ബാധ്യതയായി കാണിച്ച പ്രസ്തുത ഫണ്ടുകൾ ചെലവഴിക്കാതിരിക്കുന്നതിനുള്ള കാരണം അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിക്കുന്ന ഫണ്ടുകൾ യഥാസമയം പദ്ധതി തയ്യാറാക്കി ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്.	പദ്ധതി അടങ്കൽ. (₹)	നടപ്പാക്കിയത്.	പദ്ധതി ചെലവ് (₹).	ഭാഗികമായി നടപ്പാക്കിയത്.	നടപ്പാക്കാത്തവ.	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം.
541	47,06,62,217	301	14,65,54,298	0	240	55.63%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നിക്കിയിരിപ്പ് (₹)
തൊഴിലുറപ്പ് പദ്ധതി(AUEGS)	0	95,00,000	95,00,000	79,02,985	15,97,015

(കുറിപ്പ്:-പഞ്ചാബ് നാഷണൽ ബാങ്കിൽ AUEGS ന് വേണ്ടി തുടങ്ങിയ 4297000100058196 എന്ന അക്കൗണ്ട് നിലവിൽ ഉപയോഗിക്കുന്നില്ല.(ടി അക്കൗണ്ടിൽ 201 രൂപ ബാലൻസ് അവശേഷിക്കുന്നുണ്ട്) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവരുടെ പേരിലുള്ള ട്രഷറി അക്കൗണ്ടുകളിൽ പദ്ധതിക്കുള്ള അലോട്ടുമെന്റ് അനുവദിക്കുകയും അതേ അക്കൗണ്ടിൽ നിന്നും ഗുണഭോക്താക്കൾക്ക് നേരിട്ട് തുക അനുവദിക്കുകയുമാണ് നിലവിൽ ചെയ്യുന്നത്. ട്രഷറി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇതിൽ പരാമർശിച്ച ചെലവ് തുക വാർഷിക കണക്കിൽ തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്)

1-7 ക്ഷേമ പദ്ധതികൾ.

തൻവർഷം മുനിസിപ്പാലിറ്റി നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹).	ഗുണഭോക്താക്കളുടെ എണ്ണം.
കർഷക തൊഴിലാളി പെൻഷൻ.	6,57,600	34
വിധവ പെൻഷൻ.	2,38,24,900	1538
വാർദ്ധക്യകാല പെൻഷൻ.	4,77,87,200	3171
വികലാംഗ പെൻഷൻ.	83,49,400	542
വിവാഹ ധനസഹായം.	30,000	1
50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ.	6,03,200	41

1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.2026 ന് 04.00 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. ക്യാഷ് ചെസ്റ്റിൽ സൂക്ഷിച്ചിരുന്ന 1,32,307/- രൂപയുടെ ആധികാരികത ഡേ ബുക്ക്, പെറ്റി ക്യാഷ് ബുക്ക് എന്നിവ പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

1. തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് കൃത്യമായ വിവരം രേഖപ്പെടുത്തി റജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.
2. തനത് ഫണ്ട് ഇനത്തിൽ വൻ തുക വാർഷിക പദ്ധതിയിലുൾപ്പെടുത്തുന്നുണ്ടെങ്കിലും ചെലവഴിക്കുന്നില്ല. 2024-25 വാർഷിക പദ്ധതിയിൽ 5.11 കോടി രൂപ തനത് ഫണ്ട് വകയിരുത്തിയതിൽ 2.36 കോടി രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്.
3. പൂർത്തീകരിച്ച ബസ് സ്റ്റാന്റ് കടമുറികൾ ലേലം ചെയ്ത് കൈമാറാത്തതിനാൽ വാടകയിനത്തിൽ വൻ നഷ്ടം വരുന്നു.
4. മരാമത്ത് മേഖലയിൽ വളരെയധികം പ്രോജക്ടുകൾ ഏറ്റെടുക്കുന്നു. ഭൂരിഭാഗവും നടപ്പാക്കാതെ വരുന്നു.
5. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല. ഫലപ്രദമായ മോണിറ്ററിംഗ് നടക്കുന്നില്ല.
6.പൊതു ടാപ്പുകൾ സംയുക്ത പരിശോധന നടത്തി ആവശ്യമായവ മാത്രം നിലനിർത്തേണ്ടതാണ്
7.അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള നിർവ്വഹണം കാരണം വൻതുക സെന്റേജ് ചാർജ് ആയി നൽകാനിട വരുന്നുണ്ട്.
8.നഗരസഭ ഷോപ്പിങ് കോപ്ലക്സ് വാടക കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാൻ സാധിച്ചിട്ടില്ല.
9. പ്രധാന വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകളോ ഇടപെടലുകളോ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നടത്തിയിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തിയ്യതി
പെർഫോമൻസ് ഓഡിറ്റ്	03.06.2015	2013-14 മുതൽ 2014-15വരെ	01.07.2015
എ.ജി ഓഡിറ്റ്	07.06.2023 മുതൽ 01.07.2023 വരെ	2018-19 മുതൽ 2022-23 വരെ	08.11.2023

1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 17.07.2025 തീയതിയിലെ ഡി.കെ.എസ്.എ./208/ML3/2025 നമ്പർ കത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി കോട്ടക്കൽ നഗരസഭ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ പരിശോധിച്ചു. നഗരസഭകളിലെ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് രണ്ട് സ്കീമുകളിലായാണ് ഹെൽത്ത് ഗ്രാന്റ് തുക ലഭിക്കുന്നത്. ഓഡിറ്റ് എൻക്വയറി നം.1/26.02.2026 ന് സ്ഥാപനം ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ മുനിസിപ്പാലിറ്റിക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ (വർഷം, ഇനം തിരിച്ച് വാർഷിക കണക്ക് പ്രകാരം)

വർഷം	സ്കീം -5 Health Grants Towards Support Of Diagnostic Infrastructure To Primary Health Care Facilities In Urban PHCs	സ്കീം - 6 Health Grants Towards Urban Health And Wellness Centres (UHWCS)	ആകെ

2021-22	NIL	NIL	NIL
2022-23	NIL	1,33,00,000	1,33,00,000
2023-24	32,45,000	32,00,000	64,45,000
2024-25	NIL	40,58,000	40,58,000
ആകെ	32,45,000	2,05,58,000	2,38,03,000

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച ഇകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

സ്കീം-5

വർഷം	സ്കീം 5 (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം)	സ്കീം 5 (പ്രൊജക്ട് പ്രകാരം)	വ്യത്യാസം	നീക്കിയിരുപ്പ് (ബാങ്ക്)
2023-24	60715	159315	98600	3212440 (31.3.2024)
2024-25	28,37,331	14,68,909	13,68,422	4,42,485 (31.3.2025)
ആകെ	28,98,046	16,28,224	12,69,822	

സ്കീം-6

വർഷം	സ്കീം 6 (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം)	സ്കീം 6 (പ്രൊജക്ട് പ്രകാരം)	വ്യത്യാസം	നീക്കിയിരുപ്പ് (ബാങ്ക്)
2023-24	59,99,957	54,64,093	5,35,864	1,11,22,002 (31.3.2024)
2024-25	58,43,192	23,48,192	34,95,000	96,05,603 (31.3.2025)
ആകെ	1,18,43,149	78,12,285	40,30,864	

അപാകങ്ങൾ

1. സ്കീം 5 ൽ 32,45,000 /- രൂപ വരവ് വന്നതിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവഴിച്ചത് 28,98,046/- രൂപയും പ്രൊജക്ടുകൾ പ്രകാരമുള്ള ചെലവ് 16,28,224 /- രൂപയുമാണ്. വ്യത്യാസമായ 12,69,822/- രൂപ അധികം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഏതൊക്കെ പദ്ധതിയിനത്തിലാണ് പ്രസ്തുത ഇക ചെലവഴിച്ചതെന്ന് വ്യക്തമാക്കേണ്ടതുമാണ്.

2. സ്കീം 6 ൽ 2,05,58,000/- രൂപ വരവ് വന്നതിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവഴിച്ചത് 1,18,43,149/- രൂപയും പ്രൊജക്ടുകൾ പ്രകാരമുള്ള ചെലവ് 78,12,285/- രൂപയുമാണ്. വ്യത്യാസമായ 40,30,864/- രൂപ അധികം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഏതൊക്കെ പദ്ധതിയിനത്തിലാണ് പ്രസ്തുത ഇക ചെലവഴിച്ചതെന്ന് വ്യക്തമാക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നം.74/11.3.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള ഇകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)

സ്കീം 5	സ്കീം 6
4,42,485	96,05,603

4) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

സ്കീം 5 പ്രകാരം നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

വർഷം	പദ്ധതിയുടെ പേര്	ഇക
2023-24	378/25 യു.പി.എച്ച്സി.യിൽ ലാബ് ,ഉപകരണങ്ങൾ,റീയജന്റ് എന്നിവ വാങ്ങൽ	98,600

	376/25, എഫ്.എച്ച്.സിയിൽ ലാബ് സ്ഥാപിക്കുന്നതിനുള്ള ഉപകരണങ്ങൾ,റീയജന്റ് കിറ്റ് എന്നിവ വാങ്ങൽ	60715
2024-25	553/25 നഗരസഭയിലെ 7 സബ്സെന്ററുകളിലേക്ക് ലാബ് ഉപകരണങ്ങളും റീയജന്റ് മുതലായവ വാങ്ങൽ	98,659
	554/25, എഫ്.എച്ച്.സിയിൽ ലാബ് സ്ഥാപിക്കുന്നതിനുള്ള ഉപകരണങ്ങൾ,റീയജന്റ് കിറ്റ് എന്നിവ വാങ്ങൽ	13,43,655
	572/25, ലാബ് പ്രവർത്തനവുമായി ബന്ധപ്പെട്ട ചെലവുകൾ	26595
	ആകെ	16,28,224

സ്കീം6 പ്രകാരം നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

വർഷം	പദ്ധതിയുടെ പേര്	ഇക
2023-24	303/24 അർബൻ ഹെൽത്ത് &വെൽനെസ്സ് സെന്ററുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ	1,23,474
	305 /24 അർബൻ ഹെൽത്ത് &വെൽനെസ്സ് കേന്ദ്രങ്ങളുടെ വാടക അടവാക്കൽ	8,01,291
	306/24 അർബൻ ഹെൽത്ത് &വെൽനെസ്സ് സെന്റ് ജീവനക്കാരുടെ വേതനം നല്കൽ	12,39,346
	307/24 ഹെൽത്ത് &വെൽനെസ്സ് സെന്ററുകളിലേക്ക് ഫർണ്ണീച്ചർ വാങ്ങലും അനുബന്ധ സൗകര്യങ്ങൾ ഒരുക്കലും	18,74,481
	311/24 അർബൻ ഹെൽത്ത് &വെൽനെസ്സ് കേന്ദ്രത്തിലേക്ക് കമ്പൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ	2,38,488
	313/24 അർബൻ ഹെൽത്ത് &വെൽനെസ്സ് കേന്ദ്രത്തിലക്ക് മരുന്ന്	11,87,013
	ആകെ	54,64,093
2024-25	518/25 അർബൻ ഹെൽത്ത് &വെൽനെസ്സ് സെന്റർ കണ്ടിജൻസി ചെലവുകൾ	1,00,000
	522/25 അർബൻ ഹെൽത്ത് &വെൽനെസ്സ് കേന്ദ്രങ്ങളുടെ വാടക അടവാക്കൽ	6,00,000
	532/25 അർബൻ ഹെൽത്ത് &വെൽനെസ്സ് സെന്റർ ജീവനക്കാരുടെ വേതനം നല്കൽ	16,48,192
	ആകെ	23,48,192

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് പുതിയ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ലെങ്കിലും അർബൻ ഹെൽത്ത് &വെൽനെസ്സ് സെന്ററുകളുടെ അടിസ്ഥാന സൗകര്യം വർധിപ്പിക്കുന്നതിന് ആകെ 37,14,598 /-രൂപ

ചെലവഴിച്ചിട്ടുണ്ട്.
ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് അർബൻ ഹെൽത്ത്&വെൽനെസ്സ് സെന്ററുകളിലെ ജീവനക്കാർക്ക് വേതനം നല്കുന്നതിന് 2023-24 വർഷത്തിൽ 12,39,346 രൂപയും 2024-25 വർഷത്തിൽ 16,48,192 രൂപയും 2023-24 വർഷത്തിൽ മരുന്ന് വാങ്ങുന്നതിന് 11,87,013രൂപയും ചെലവഴിച്ചിട്ടുണ്ട്. റിക്കറിംഗ്കോസ്റ്റ് ഇനത്തിൽ 2,89,000 രൂപയിൽ നിന്ന് 98,600രൂപ ഹെൽത്ത് ഗ്രാന്റിൽ നിന്നും ബാക്കി തുക 1,90,400രൂപ തനത് ഫണ്ടിൽ നിന്നും നല്കുകയും ആയത് റീ-കൂപ്പ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്.

2021-22 വർഷം അനുവദിക്കപ്പെട്ട ഹെൽത്ത് ഗ്രാന്റ് 14.3.2024ലെ ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/5562/2024-DPLD4 നമ്പർ കത്തു പ്രകാരം താഴെ പറയും പ്രകാരം National Health Mission ഡയറക്ടറുടെ അക്കൗണ്ടിലേക്ക് 26,05,000 രൂപ തിരിച്ചടക്കുകയും 10ലക്ഷം രൂപ അർബൻ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ പോളിക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് കുര്യാട് പ്രാഥമികാരോഗ്യകേന്ദ്രത്തിന് കൈമാറുകയും(അക്കൗണ്ട് നം.427000160099315 പഞ്ചാബ് നേഷണൽ ബാങ്ക്) ചെയ്തിട്ടുണ്ട്. കുര്യാട് പ്രാഥമികാരോഗ്യകേന്ദ്രം പോളിക്ലിനിക്ക് സ്ഥാപിക്കുന്നതിന് അനുവദിച്ച 10,00,000രൂപയിൽ 408740രൂപ ചെലവഴിച്ചിട്ടുണ്ട്.

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് സമയബന്ധിതമായി പ്രോജക്ട് തയ്യാറാക്കേണ്ടതും സമയബന്ധിതമായി ഫണ്ട് ചെലവഴിക്കുന്നതിന് ശ്രദ്ധപുലർത്തേണ്ടതുമാണ്. അക്കൗണ്ടുകളിൽ നിന്നും പണം പിൻവലിക്കുമ്പോൾ കൂടുതൽ സൂക്ഷ്മതയും കൃത്യതയും പുലർത്തേണ്ടതാണ്.

1-12 നഗരസഭ പെൻഷൻ ഫണ്ട്-അവലോകനം

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 19.05.2024 തീയതിയിലെ ഡി.കെ.എസ്.എ./2078/എം.എൽ.3/2024 നമ്പർ കത്തിലെ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി കോട്ടക്കൽ നഗരസഭയിലെ മുനിസിപ്പൽ പെൻഷൻ ഫണ്ട് സംബന്ധിച്ച് പരിശോധിച്ചു. സ്ഥാപനം ഹാജരാക്കിയ രേഖകളുടേയും ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 02/26.02.2026) ലഭ്യമാക്കിയ മറുപടിയുടേയും അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

1) 2024-25 സാമ്പത്തിക വർഷം മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്തത് സംബന്ധിച്ച വിവരങ്ങൾ.

പെൻഷൻ ആനുകൂല്യങ്ങൾ കൈപറ്റിയവരുടെ വിവരം

പേര് /തസ്തിക	വിതരണം ചെയ്ത തുക
അബ്ദുൾ കരീം . കെ പി ലൈബ്രേറിയൻ	1,61,544
ഹംസ.കെ.കെ, ക്ലീൻ സിറ്റി മാനേജർ	22,56,696
സാവിത്രി. വി. റവന്യൂ ഇൻസ്പെക്ടർ	2,25,496
ആകെ	26,43,736

2)നാളിതു വരെ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയ തുകയുടെ വിവരങ്ങളും, പെൻഷനും ആനുകൂല്യങ്ങളും വിതരണം ചെയ്യുവാൻ ഓരോ സാമ്പത്തിക വർഷവും ചെലവായ തുക സംബന്ധിച്ചുള്ള വിവരങ്ങളും താഴെ ചേർക്കുന്നു

സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയ തുക സംബന്ധിച്ചുള്ള വിവരങ്ങൾ

സാമ്പത്തിക വർഷം	ആകെ ശമ്പളം	പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം.	ഒടുക്കിയ തുക.
2021-22	81,82,880	12,46,537	12,46,537
2022-23	79,84,055	12,71,184	12,71,184
2023-24	89,71,684	14,23,239	14,23,239
2024-25	76,19,512	11,27,693	11,27,693

3)സ.ഉ(എം.എസ്) നം.49/2016/തസ്വഭവ തീയതി. 04.03.2016 പ്രകാരം, വിരമിക്കുന്ന ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നഗരസഭയ്ക്ക് അനുവദിക്കുന്ന ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണെന്ന് സർക്കാർ അനുമതി നൽകിയിരുന്നു. നാളിതുവരെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും പെൻഷനും ആനുകൂല്യങ്ങളും വിതരണം ചെയ്യാൻ ചെലവായ തുക സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

സാമ്പത്തിക വർഷം.	ഡി. സി. ആർ.	ജി പെൻഷൻ കമ്മ്യൂട്ടേഷൻ	പെൻഷൻ	ആകെ
2021-22	0	00	0	0
2022-23	0	0		0
2023-24	0	0		0
2024-25	7,86,450	12,69,396	3,26,847	23,82,693

4)മുനിസിപ്പൽ പെൻഷൻ ഫണ്ടിന് പ്രത്യേക അക്കൗണ്ട് ആരംഭിക്കേണ്ടതും പെൻഷൻ ആനുകൂല്യങ്ങൾ പെൻഷൻ ഫണ്ട് അക്കൗണ്ട് മുഖേന ആയിരിക്കേണ്ടതും ആയതിന്റെ വാർഷിക അക്കൗണ്ട് തയ്യാറാക്കി പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ പെൻഷൻ വിതരണത്തിനായി പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

5)നഗരസഭയിൽ റെഗുലർ സർവീസ് പെൻഷൻ കൈപ്പറ്റുന്നവർ മാത്രമാണുള്ളത്. ഇവരുടെ സമഗ്രമായ ഡേറ്റാ ബേസ്/ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നുണ്ട്.

6)റഗുലർ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ, കണ്ടിജന്റ് സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റുന്നവരുടെ ആകെ പെൻഷൻ തുക, ചെക്ക്, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ സഹിതം ബാങ്കിലേക്ക് നൽകിയ സ്റ്റേറ്റ്മെൻറ് ലഭ്യമാണ്. എന്നാൽ ഇടപാട് ട്രഷറി വഴി ആയതിനാൽ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾ 2007 പ്രകാരമുള്ള ചെക്ക് ഇഷ്യൂ രജിസ്റ്റർ മുനിസിപ്പൽ പെൻഷൻ ഫണ്ടിന് വേണ്ടി സൂക്ഷിക്കുന്നില്ല. പെൻഷൻ ആനുകൂല്യങ്ങൾ നൽകുമ്പോൾ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക കൈമാറിയതു സംബന്ധിച്ച് ട്രഷറി/ബാങ്ക് അധികൃതർ സാക്ഷ്യപ്പെടുത്തിയ രേഖകൾ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല.

7)പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്ന വെരിഫിക്കേഷൻ റിപ്പോർട്ടിലെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന പെൻഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

8)സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ള നഗരസഭയിൽ നിന്നല്ലാതെ മറ്റ് നഗരസഭയിൽ നിന്നും പെൻഷൻ വാങ്ങുന്നതിന് ഓപ്ഷൻ നൽകിയിട്ടുള്ള ജീവനക്കാരുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

9)കേരള ട്രഷറി കോഡ് വോള്യം I ചട്ടം 273 (എ, ബി) പ്രകാരമുള്ള രജിസ്റ്ററുകൾ, ചട്ടം 280 (എ) പ്രകാരമുള്ള ലൈഫ് സർട്ടിഫിക്കറ്റ്, ചട്ടം 287, 288 പ്രകാരമുള്ള വാർഷിക മസ്റ്ററിംഗ് എന്നിവ പരിപാലിക്കേണ്ടതാണ്. നഗരസഭയിൽ നിന്ന് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നത് നിലവിൽ ആയവ സൂക്ഷിക്കുന്നില്ല.

10)പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് 1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ, ചട്ടം 11(4) പ്രകാരം പെൻഷൻ ഗ്രാറ്റുവിറ്റി നൽകുന്നതിന് സർക്കാർ ട്രഷറികളിൽ അതാത് സമയം പ്രാബല്യത്തിലുള്ള രജിസ്റ്ററുകളും ഫോറങ്ങളും(പെൻഷൻ രജിസ്റ്റർ, പെൻഷൻസപെയ്മെന്റ് ഓർഡർ, അലോട്ട്മെന്റ് രജിസ്റ്റർ, ലൈഫ് സർട്ടിഫിക്കറ്റ് രജിസ്റ്റർ) പരിപാലിക്കുന്നില്ല

11)നഗരസഭയിൽ നിന്നും പെൻഷൻ വിതരണം ചെയ്യപ്പെടുന്ന പെൻഷൻകാരുടെ പെൻഷൻ ബുക്കുകൾ പരിശോധനക്ക് ഹാജരാക്കി. നഗരസഭയിൽ മരണപ്പെട്ട പെൻഷണർ ആരും തന്നെയില്ല.

12)1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം -റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി സെക്രട്ടറി സർക്കാർ ട്രഷറിയിലോ ദേശസാത്കൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗസ് അക്കൗണ്ട് തുടങ്ങേണ്ടതും ഈ ആവശ്യത്തിന് വേണ്ടി 9-ാം ചട്ടത്തിലെ (3) ,(4) ഉപ ചട്ടങ്ങൾ അനുസരിച്ച് ഡയറക്ടർ അനുവദിക്കുന്ന തുക മുനിസിപ്പൽ പെൻഷൻഫണ്ടിൽ വരവ് വെക്കേണ്ടതുമാണ്. പെൻഷൻ ഫണ്ട് അക്കൗണ്ട്സ് വർഷം തിരിച്ച് സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ നഗര സഭയിൽ പ്രത്യേക പെൻഷൻ ഫണ്ട് ഇല്ല.

13).കേരള മുനിസിപ്പാലിറ്റി കണ്ടിജന്റ് എംപ്ലോയീസ് (ഡെത്ത് -കം- റിട്ടയർമെൻറ് ബെനഫിറ്റ്) ചട്ടങ്ങൾ 1997 (ജി.ഒ.(പി)96/97/എൽ.എ.ഡി.തീ.3.5.1997), പ്രകാരമുള്ള ഫുൾ ടൈം കണ്ടിൻജന്റ് എംപ്ലോയീസിനു വേണ്ടി പെൻഷൻ ഫണ്ട് രൂപീകരിക്കേണ്ടതുണ്ട്. എൻ പി എസ് ആയതിനാൽ ഇത്തരത്തിലുള്ള പെൻഷൻ ഫണ്ട് നഗരസഭയിൽ ആരംഭിച്ചിട്ടില്ല.നിലവിലുള്ള 21 സ്ഥിരം കണ്ടിജന്റ് ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് 2020 ഓഗസ്റ്റിലാണ്.നഗരസഭയിൽ നിലവിൽ 6 സ്ഥിരം കണ്ടിജന്റ് ജീവനക്കാരുണ്ട്. 2013 ന് മുമ്പ് 5 പേരും ഒരാൾ 2013 ലും സേവനത്തിൽ പ്രവേശിച്ചവരാണ്.

1-13 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ- അപാകതകൾ

കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 507 പ്രകാരം മുനിസിപ്പാലിറ്റിയിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ആ മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ലാത്തതാണ്. രജിസ്ട്രേഷൻ എടുക്കേണ്ട സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 506 പ്രകാരം നിർവചിച്ചിട്ടുണ്ട്.

നഗരസഭയുടെ 2024-25 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഇനത്തിൽ 19 സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ / പുതുക്കൽ ഇനത്തിലായി ആകെ 3500 രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ കെ-സ്മാർട്ടിൽ ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട്സ്, ഓഡിറ്റർ ലോഗിനിൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാലും ഇതുമായി

ബന്ധപ്പെട്ട രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കാത്തതിനാലും നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

നഗരസഭയുടെ 2024-25 -ലെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും രജിസ്ട്രേഷൻ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ക്രമ നമ്പർ	വാർഡ് / ഡോർ നമ്പർ	ഉടമയുടെ /സ്ഥാപനത്തിന്റെ പേര്
1	1/35/C	അലി ഹസ്സൻ ടി, പി.ഹി.ജി ടെയിനിംഗ് ഇൻസ്റ്റിട്ട്.
2	1/515 To 522	സിയാഹുൽ ഹഖ്, ബാബാ സ്റ്റഡി സെന്റർ
3	1/674/X	മുനവർ സാദിഖ്,ഐ ബാറ്റ് അക്കൗണ്ടിംഗ് ഇന്സ്റ്റിറ്റ്യൂട്ട്
4	4/669A	ഫോക്കസ് ട്യൂഷൻ സെന്റർ
5	3/1563	ഹംസ.സി, IELTS അക്കാഡമി
6	3/1425	നിഷാന പഞ്ചിളി, ABC ടെയിനിംഗ് സെന്റർ
7	3/1996 To 1999	മുഹമ്മദ് റസീൻ &അദ്നാൻ ഇബ്രാഹിം, ജി ടെക്ക് എഡ്യുക്കേഷൻ

മേൽ പരാമർശിച്ച ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കുന്നതിനും 2024-25ൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ, രജിസ്ട്രേഷൻ പുതുക്കൽ എന്നിവയ്ക്ക് ലഭിച്ച അപേക്ഷകൾ, രജിസ്ട്രേഷൻ നേടിയ സ്ഥാപനങ്ങളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ, രജിസ്ട്രേഷൻ നടത്താതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികളുടെ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കുന്നതിനും വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/03.03.2026) ക്രമ നമ്പർ 2,4,5 എന്നീ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ല എന്നും ക്രമ നമ്പർ 1,3,6,7 എന്നീ സ്ഥാപനങ്ങൾക്കെതിരെ രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നോട്ടീസ് നടപടികൾ സ്വീകരിച്ച വരികയാണെന്നും മറുപടി ലഭ്യമാക്കി. തുടർ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-14 വിനോദ നികുതി - സർക്കാർ ഉത്തരവനുസരിച്ച് നഗരസഭ തുടർ നടപടികൾ സ്വീകരിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ പ്രദേശത്ത് നടക്കുന്ന സിനിമാ പ്രദർശനം ഉൾപ്പെടെ എല്ലാ വിനോദങ്ങൾക്കും വിനോദ നികുതി ഈടാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് സ.ഉ(കൈ) 17/2024/ LSGD Dt 31.01.2024 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം, സിനിമാ പ്രർശനം, അമ്യൂസ്മെന്റ് പാർക്ക്, നാടക, സർക്കസ് പ്രദർശനം, മറ്റ് എല്ലാ വിനോദങ്ങൾക്കും വിനോദ നികുതി ബാധകമാക്കിയിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതു ജനങ്ങളിൽ നിന്ന് പണം വാങ്ങി പ്രവേശനം നൽകുന്ന എല്ലാ വിനോദങ്ങൾക്കും വിനോദ നികുതി ബാധകമാകുന്നുണ്ട്.
മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തിൽ നഗരസഭാ പ്രദേശത്തുള്ള വിനോദങ്ങൾ കണ്ടെത്തുന്നതിനും, അവയ്ക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള വിനോദ നികുതി ബാധകമാക്കുന്നതിനും നഗരസഭ സ്വീകരിച്ച നടപടി വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കുന്നതിനുവേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/02.03.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. 2024-25 വർഷത്തിൽ നഗരസഭാ പ്രദേശത്തുള്ള വിനോദങ്ങൾ കണ്ടെത്തുന്നതിനും, അവയ്ക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള വിനോദ നികുതി ബാധകമാക്കുന്നതിനും നഗരസഭ സ്വീകരിച്ച നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 വിനോദ നികുതി പിരിവ് അനുബന്ധ ഫയലുകൾ പരിശോധനക്ക് ലഭ്യമായില്ല

തദ്ദേശ സ്വയംഭരണ പ്രദേശത്ത് നടക്കുന്ന സിനിമാ പ്രദർശനം ഉൾപ്പെടെ എല്ലാ വിനോദങ്ങൾക്കും വിനോദ നികുതി ഈടാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി സ.ഉ(കൈ) 17/2024/ LSGD Dt 31.01.2024 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

നഗരസഭയിലെ പ്രവർത്തിക്കുന്ന തിയേറ്ററുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	തീയേറ്റർ
1	ലീന സ്ക്രീൻ 1
2	ലീന സ്ക്രീൻ 2
3	സംഗീത്
4	ലൂമിയർ

മേൽ പരാമർശിച്ച തിയേറ്ററുകളുടെ വിനോദ നികുതി പിരിവ് അനുബന്ധ ഫയലുകളും, സെസ് ഇനത്തിൽ പ്രേക്ഷകരിൽ നിന്ന് തിയറ്ററുകൾ പിരിച്ചെടുത്ത ഇക കേരള സംസ്ഥാന സാസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിലേക്ക് ഒടുക്ക് വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും പരിശോധനക്ക് ലഭ്യമാക്കുന്നതിന് വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/02.03.2026) സെസ് ഇനത്തിൽ പ്രേക്ഷകരിൽ നിന്ന് മേൽ പരാമർശിച്ച തിയറ്ററുകൾ പിരിച്ചെടുത്ത ഇക കേരള സംസ്ഥാന സാസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിലേക്ക് ഒടുക്ക് വരുത്തിയതിന്റെ രേഖകൾ ഹാജരാക്കിയെങ്കിലും തിയേറ്ററുകളുടെ വിനോദ നികുതി പിരിവ് അനുബന്ധ ഫയലുകൾ ലഭ്യമാക്കിയില്ല. തീയറ്ററുകൾ സമർപ്പിക്കുന്ന ഡെയിലി കളക്ഷൻ റിപ്പോർട്ട് അനുബന്ധ ഫയലുകൾ ഉൾപ്പെടെ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1-16 നഗരസഭാ ഫണ്ട് സഹകരണ ബാങ്കിൽ സൂക്ഷിക്കുന്നു

2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 17 (2)-ൽ നഗരസഭയിൽ ലഭിക്കുന്ന എല്ലാ പണവും സർക്കാർ ട്രഷറി സേവിങ്ങ്സ് അക്കൗണ്ടിലോ (അക്കൗണ്ടുകളിലോ) ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ ആണ് നിക്ഷേപിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭ തനത് ഫണ്ട് കോട്ടക്കൽ സർവീസ് സഹകരണ ബാങ്കിലാണ് (അക്കൗണ്ട് നമ്പർ- 102100010000014) നിക്ഷേപിക്കുന്നത്. കാരണം വ്യക്തമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/02.03.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-17 സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - അപാകതകൾ

മുനിസിപ്പാലിറ്റിയിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ആ മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ യാതൊരു സ്വകാര്യ ആശുപത്രിയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ല എന്ന് കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 311 ൽ വ്യക്തമാക്കിയതാണ്. രജിസ്ട്രേഷൻ എടുക്കേണ്ട സ്ഥാപനങ്ങൾ ഏതെല്ലാമാണ് എന്ന് കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 310 പ്രകാരം നിർവചിച്ചിട്ടുണ്ട്. ഇതനുസരിച്ച് ക്ലിനിക്കുകൾ ഉൾപ്പെടെയുള്ള സ്വകാര്യ ആശുപത്രികൾ, സ്വകാര്യ ക്ലിനിക്കൽ ലാബറട്ടറി, എക്സ്റേ യൂനിറ്റ്, രക്ത ബാങ്ക്. സ്കാനിംഗ് സെന്റർ, നഴ്സിംഗ് സ്കൂൾ, അതത് വിഷയങ്ങളെ സംബന്ധിച്ച പരിശീലന കേന്ദ്രങ്ങൾ എന്നിവ നഗരസഭയിൽ നിന്ന് രജിസ്ട്രേഷൻ നേടേണ്ടതുണ്ട്. സ്വകാര്യ ആശുപത്രികളുടെയും. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാലും, കെ സ്മാർട്ടിൽ ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട്സ്, ഓഡിറ്റർ ലോഗിനിൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാലും നഗരസഭയിൽ രജിസ്റ്റർ/പുതുക്കൽ ചെയ്തിട്ടുള്ള പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല. നഗരസഭയിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ വിവരം രേഖപ്പെടുത്തിയ 1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(6) പ്രകാരമുള്ള രജിസ്റ്റർ.(ഫോറം 2) പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2) അനധികൃത സ്ഥാപനങ്ങൾക്കെതിരെ നിയമപ്രകാരമുള്ള നടപടി സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ സ്ഥാപനം എന്നിവയ്ക്ക് മുനിസിപ്പാലിറ്റി നിയമം വകുപ്പ് 314 പ്രകാരം 5000 രൂപവരെയുള്ള പിഴയും കൂറ്റ സ്ഥാപനം നടത്തപ്പെട്ട ശേഷം വ്യവസ്ഥകൾ ലംഘിച്ച് പ്രവർത്തിക്കുന്നുവെങ്കിൽ കുറ്റം ഇടർന്നു ചെയ്യുന്ന ഓരോ ദിവസത്തിനും 1000 രൂപ വരെയുള്ള പിഴയും നൽകി ശിക്ഷിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. രജിസ്ട്രേഷനില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് നഗരസഭ സ്വീകരിച്ച നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

3) സ്ഥാപന തൊഴിൽ നികുതി അടവാക്കിയതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള പാരാമെഡിക്കൽ സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും രജിസ്ട്രേഷൻ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ക്രമ നമ്പർ	ഡോർ നമ്പർ	ഉടമയുടെ /സ്ഥാപനത്തിന്റെ പേര്
1	1/48ABC,42B,47	Muhammad Iqbal, Alikkutty Ayurveda Hospital

2	1/131,133	Dr, Navas, Alsalama Dental Clinic
3	1/137/E	Kunhalankutty, Kottakkal Ayurfidha
4	1/207A	Dinju Gopal& Smitha, Atidhi Ayurveda Clinic
5	1/283	Mini Raj, Ayurveda Nilayam
6	1/395,405,403 E	Dr.Ahammed Kabeer , Almas Hospital
7	1/490, 491	Dr.Anvar Hussain, Santhi Eye Care
8	1/507 To 509	Ahammed Riyasudheen, Nanma Lab
9	1/528	Noorudheen Relief Medicals
10	1/530	Dr. Sreeja,Smile Poly Dental Clinic
11	I/673 D	Dr.Abdulla Mufeed, 3D Digital Dento Facial Diagnostics
12	1/821A To D	Abdulla Vdakkethil, Idea Medical Centre
13	1/29, 33	AG Ajith Prasad,Ahalya Foundation Of Eye Hospital
14	2/162, 163	Ismail V, Sudharma Speciality Laboratory
15	2/223-236 K	Saleem C, Shama Laboratory
16	2/237A	Shihab.P, Relief Medicals LLP
17	2/578,578A	Jinto Mathew, DDRC Diagnostics Pvt.Ltd
18	2/641,649	Dr.Abdul Rahman, Neha Hospital
19	2/767	Dr.Devidas KP, Dental Clinic
20	3/102	Muhammad Shameed, KIMS Pharma
21	3/114,117A-F, 118-A-C	Ali Ashraf, Kottakkal Ayurveda Academy
22	3/280E	Muhammad Faisal, Ameen Dental Clinic
23	3/368	Dr. Sasi Kumar, Prime Dental Clinic
24	3/424	Dr. Manoj, Kottakkal Dental Care
25	3/768 K	Bharath Lagna, Multy Speciality Hospital
26	15/1C	Nujooma Jabin P, Relief Physiotherapy
27	17/285A	Muhammad Ali, Amruth Ayurveda

28	18/343	Abdul Nahab, Fathima Dental Clinic
29	18/425D	Sakeena Cherada, Shana Speciality Laboratory
30	24/417A,B,C,D,E	Dr. Muhammed Ramesh K, KM Health Clinic
31	367A- J	Thasneema P, Milife Medicity LLP
32	28/519A	HMS Hospital
33	4/1528	Dr. Navab Jhan, Shan Dental Clinic
34	ലേഖനം	Jasim KA, Alameen Dental Clinic
35	4/1978	Abdul Massavir Ahammed, Shifa Dental Clinic
36	4/2187	Abdul Rafeeq, Metro Lab
37	4/2237 To 2250	Sajuna P, Dr. Raheems Maternity And Surgicals
38	4/1183-1185	Dr. Najuma Ali Abbas, D Care Multy Speciality Dental Clinic
39	5/215	Koyakkutty, Koyas Health Centre
40	5/545	Sandhya, Surya Laboratory
41	6/482,483	Noufal T, Best Medical Laboratory
42	6/507,514	Dr. Babitha , Prime Dental Care
43	3/1462	Dr. Muhammed, Anees Homoeo Clinic
44	3/2022	Dr. Shameera , Khadeeja Dental Clinic
45	3/2080	Dr. Riswana , Parappur Dental Clinic
46	3/1481T35 To 36,37	Sabira Panchili, Elisian Dental Clinic
47	3/464	Dr. Sameer Pookkayil, Homoeo Clinic
48	4/66A To M	Abdul Raheem, Alshifa Kottakkal Ayurveda Hospital
49	4/456	Dr. Afsal, Care Plus Homoeopathy
50	4/475	Muhammad Musthafa, Mother Opticals & Mother Dental Centre
51	4/593	Muhammad Abdu Rahiman, Karunya Medical Lab
52	4/878,879	Muhammad Niyas, Malabar Dental Speciality Centre
53	31/345	Dr. Abdul Majeed, Classic

		Homoeo Centre
54	32/91	Dr. Ummer Alshifa Dental Clinic
55	32/341 A To C	Dr. Bindhu's Skin Laser Centre
56	32/546	Dr. PC Shaji, Dr.Shaji's MRI & Medical Research Centre
57	32/589 To 607	MIMS Hospital
58	32/597	Dr. Jasir VP, MIMS Dialysis Centre

മേൽ പരാമർശിച്ച സ്ഥാപനങ്ങൾ പാരമെഡിക്കൽ രജിസ്ട്രേഷൻ എടുക്കുകയോ /പുതുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കുന്നതിനും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(19/03.03.2026) മറുപടി ലഭ്യമാക്കിയില്ല.അപാകതയ്ക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-18 വാടക കുടിശ്ശികയിനത്തിൽ വൻതുക ഈടാക്കാനവശേഷിക്കുന്നു.

നഗരസഭയും വാടകക്കാരുമായുള്ള കരാറിൽ നിശ്ചയിച്ചുറപ്പിച്ച വാടക ഓരോ മാസവും 5-ാം തീയതിക്ക് മുമ്പ് മുൻകൂറായി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മൂന്ന് മാസം തുടർച്ചയായി വാടക അടക്കാത്തപക്ഷം വാടകക്കാരന്റെ കൃത്യകാവകാശം നഷ്ടപ്പെടുന്നതും അങ്ങനെ മുറികൾ വീണ്ടും ലേലം/ടെണ്ടർ ചെയ്ത് നൽകുന്നതാണെന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കരാറിലെ മേൽ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല. നഗരസഭയുടെ കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളുടെ കുടിശ്ശിക വാർഷിക കണക്കിലെ B-14 പ്രകാരം 31.03.2025ൽ ആകെ 17,14,280 രൂപ (4314001 -Rent Receivable From Buildings (Current) 981843 രൂപ,4314001 -Rent Receivable From Buildings (Arrears) 732437 രൂപ) പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.

വാടകയിനത്തിലുള്ള കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുന്നതിന് വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (33/05.03.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-19 വാടക വരവ്- അപാകതകൾ

നഗരസഭയുടെ കീഴിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ളക്സുകളുടെ വാടകയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ / ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാടക രജിസ്റ്റർ പ്രകാരം ലൈസൻസികളിൽ നിന്നും 2024-25 ൽ വാടക പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വാടക കുടിശികയുടെ വിവരം ചുവടെ ചേർക്കുന്നു .

ക്രമ നം	റൂം നം	വാടകക്കാരന്റെ പേര്	മാസ വാടക	വാടക അടവാക്കാൻ അവശേഷിക്കുന്നത്
1	1(4102)	ബിയ്യത്തിയിൽ അഹമ്മദ്	1480	8,880
2	6(4107)	കുഞ്ഞാച്ചുമ്മ	1550	4,650
3	8(4109)	അബൂബക്കർ	1480	1,480
4	10(4111)	കാലോടി സൈതലവി	1480	497
5	11(4112)	കൊരംതിരുത്തി അസ്സൈനാർ	1480	1,480
6	18(4119)	സൈനബ	1480	270
7	21(4122)	കോട്ടേക്കാടൻ ഇസ്മായിൽ	1480	8,880
8	22(4123)	കൈപ്രം മുസ്തഫ	1480	8,880
9	23(4124)	കോട്ടേക്കാടൻ മുസ്തഫ	1480	8,880
10	24(4125)	കദീജ	1480	1,480
11	27(4128)	കംപ്രത്ത് കുഞ്ഞിമുഹമ്മദ്	1480	17,760
12	2-New-14(4135)	കല്ലിങ്ങൽ കോയ	4436	26,616

13	3-New-15(4136)	പുളക്കിടി ഹുസൈൻ	4436	53,232
14	7-New-13(4140)	സക്കീർ ബാബു കല്ലിങ്ങൽ	4879	29,274
15	8-New-9(4141)	പുളക്കിടി കുഞ്ഞഹമ്മദ്	4436	8,872
16	10-New-10(4143)	തേനും പുലാക്കൽ ഹംസ	4436	4,436
17	10-New-10(4143)	കാട്ടിക്കുളങ്ങര അബ്ദുൾ ഗഫൂർ	4436	39,924
18	8(5111)	പാറോളി സൈനബ	2113	25,356
19	21(5104)	മച്ചിഞ്ചേരി റഫീഖ്	2113	8,452
20	25(5108)	സുബൈർ വടക്കേതിൽ	2113	2,113
21	30(6103)	മൂരിക്കുന്നൻ	1303	7,818
22	34(6107)	റിയാസ് കുണ്ടിൽ	1409	1,409
23	36(6109)	എറനിയൻ ഏണ്ണ	1409	1,409
24	G5(3112)	കെ.കെ.എസ് ഫൈസൽ തങ്ങൾ	9729	48,645
25	G9(3107)	കാരിക്കുരിയത്ത് അബൂബക്കർ	9729	9,729
26	G11(3105)	പരിയാരത്ത് ഷിഹാബ്	9729	58,374
27	G12(3104)	ഷിഹാബുദ്ധീൻ	9833	9,729
28	G13(3103)	പെരുംപത്തൂർ ഷൗക്കത്തലി	9729	19,666
29	G15(3101)	പി.എം മുഹമ്മദ് കുട്ടി	7599	19458
30	SCB10(1110)	മുഹമ്മദ് കുഞ്ഞി	3694	15,198
31	SCB US 1(1201)	ഷംസുദ്ധീൻ	4064	22,164
32	SCB US 4(1204)	റയീസ്	8129	48,768
33	SCB US 5,6(1205,1206)	റയീസ്	8129	97,548
34	SCB US 7(1207,1208)	റയീസ്	3378	97,548
35	F2A	കെ.ടി ബീരാൻ	5702	3,378
36	M4(9117)	ഹുസൈൻ പുളക്കിടി	16323	45,616
37	M5,6(9118,9119)	അഷ്റഫ് പുളക്കിടി	6335	32,646
38	2115,2121	ബീരാൻകുട്ടി	4223	12,670
39	122(2122)	പുളക്കിടി കുഞ്ഞിമുഹമ്മദ്	2113	50,676
40	127(2122)	പുളക്കിടി കുഞ്ഞിമുഹമ്മദ്	4223	25,356
41	176(2180)	തോറ്റോളി മുഹമ്മദലി	2957	4,223
42	Meat Stall-11	മഞ്ചിചേരി മുഹമ്മദ് കുട്ടി	30450	35,484
43	A43	ഫൈസൽ കല്ലൻ	30450	3,65,400
44	A44	ഫൈസൽ കല്ലൻ	30450	3,65,400
45	A45	ഫൈസൽ കല്ലൻ	30450	3,65,400

വാടകയിനത്തിലുള്ള കുടിശ്ശിക പിന്നീട് ഈടാക്കിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതും ഇല്ലെങ്കിൽ ആയതിന് കാരണം വ്യക്തമാക്കേണ്ടതുമാണ്.

2) വാടകക്ക് നൽകുന്ന റൂമുകൾ അനധികൃതമായി കൈമാറ്റം ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കാൻ നഗരസഭ സ്വീകരിച്ച നടപടി വിവരം ലഭ്യമല്ല.

3) സംവരണം ചെയ്യപ്പെട്ട വാടക റൂമുകളുടെ വിവരം ലഭ്യമാക്കിയില്ല.

കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 10 (1) പ്രകാരം "മുനിസിപ്പാലിറ്റി ലൈസൻസ് വ്യവസ്ഥയിൽ വാടകക്കോ പാട്ടത്തിനോ നൽകുന്ന കടമുറികൾ, ബങ്കുകൾ, സ്റ്റാളുകൾ മുതലായവയുടെ ഓരോ ഇനത്തിലും പത്തു ശതമാനം പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് വേണ്ടി സംവരണം

ചെയ്യേണ്ടതും അപ്രകാരം സംവരണം ചെയ്യപ്പെട്ടിട്ടുള്ളവ ആ വിഭാഗക്കാരിൽ നിന്ന് മാത്രം പരസ്യമായി അപേക്ഷ ക്ഷണിച്ച് നൽകേണ്ടതുമാണ്." എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഇത്തരത്തിൽ നഗരസഭയിൽ വാടകക്ക് നൽകുന്ന ഓരോ വിഭാഗം കെട്ടിടങ്ങളിലും പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗത്തിന് സംവരണം ചെയ്യപ്പെട്ടവ ഏതെല്ലാം ആണ് എന്ന വിവരം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4) നഗരസഭയുടെ കെട്ടിടങ്ങൾ ഉടർച്ചയായി വാടകക്കെടുക്കുന്നവരിൽ നിന്നും വാർഷിക വർദ്ധനവ് വരുത്തിയതിന്റേയും ആയതിനനുസരിച്ച് ഡെപ്പോസിറ്റ് തുക ഈടാക്കിയതിന്റേയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

മേൽ പരാമർശിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34/05.03.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-20 അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കിയില്ല

2011 ലെ കേരളാ മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനു ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗ ക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. 2023 ലെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കൽ സംബന്ധിച്ച, സ.ഉ(കൈ) നം. 77/2023/LSGD തിയതി 22.03.2023 നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 നിർദ്ദേശം പ്രകാരവും മേൽ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 10 നിർദ്ദേശം പ്രകാരം കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നതുമാണ്. സ.ഉ(സാധാ) നം. 1228/2024/LSGD തിയതി 06.07.2024 പ്രകാരം മുനിസിപ്പാലിറ്റികളിലെ K-Smart വഴിയുള്ള വസ്തു നികുതി ഡാറ്റാ പ്യൂരിഫിക്കേഷൻ 2024 സെപ്തംബർ 30-നകം പൂർത്തീകരിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നതുമാണ്.

കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 21 പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് 2 വർഷത്തിനു ശേഷം ഏത് സമയത്തും സെക്രട്ടറിക്ക് രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച മീ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, G1, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുകയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.01.2019ലെ സർക്കുലർ നം. ആർ.എ.1/20/2018-ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ചട്ടപ്രകാരം കെട്ടിടങ്ങളുടെ പാർക്കിംഗിനായി നീക്കിവെച്ച സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നില്ല എന്നത് പരിശോധനയിൽ ഉറപ്പാക്കാൻ ഒക്കുപ്പൻസി നൽകുമ്പോൾ കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷകന് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിട നമ്പർ/ഒക്കുപ്പൻസി അനുവദിക്കപ്പെട്ട കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ/മാറ്റങ്ങൾ കണ്ടെത്തി യഥാസമയം തുടർനടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ചും കെട്ടിങ്ങളെ/വസ്തു നികുതി സംബന്ധിച്ച കൃത്യമായ വിവരങ്ങൾ നഗരസഭയുടെ കെ-സ്മാർട്ടിൽ ഉൾപ്പെടുത്തേണ്ടത് സംബന്ധിച്ചുമാണ് മേൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും സർക്കുലറും നിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുള്ളത്.

മേൽ ചട്ടങ്ങൾ/സർക്കാർ ഉത്തരവുകൾ/സർക്കുലറുകൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് നഗരസഭ പരിധിയിൽ എത്ര കെട്ടിടങ്ങൾക്ക് ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടെന്നും എത്ര കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും, കെട്ടിടങ്ങൾക്ക് മാറ്റം വന്നിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകളും വിവരങ്ങളും ഫീൽഡ് പരിശോധനക്കായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (77/11.03.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-21 അങ്കണവാടികളിലേക്ക് ഫർണിച്ചറുകൾ വാങ്ങൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ

ICDS സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി 2024-25 സാമ്പത്തിക വർഷത്തിൽ പുതുതായി ചേർത്ത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

പ്രൊജക്ട്	നഗരസഭയിലെ വിവിധ അങ്കണവാടികളിലേക്ക്

	ഫർണിച്ചറുകൾ വാങ്ങൽ (188/25)
അടങ്കൽ/ഫണ്ട്	533000/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം)
ചെലവ്	529580/-
വൗച്ചർ നമ്പർ/ തീയതി / തുക	J-M100700-24000708/ 31.01.2025/ 5,29,580/- (Limited To 5,29,580/-)
ഇൻവോയ്സ് നം. / തീയതി / തുക	1. 2024-25/ MPM 427/ 06.03.2024 / 2,78,952/- 2. 2024-25/ MPM 428/ 06.03.2024 / 2,50,632 /-

മേൽ പദ്ധതി പ്രകാരം ക്രമ നം. 1,2 ഇൻവോയ്സുകൾ പ്രകാരം 5,29,580 രൂപയ്ക്ക് ARTCOയിൽ നിന്ന് വിവിധ ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകത ചുവടെ ചേർക്കുന്നു.

1. സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ ഇളവ് നൽകി ആർട്ട്കോയിൽ നിന്നും നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (GO(RT) 20/2023/ SPD Dt. 24.02.2023). മേൽ ഉത്തരവിൽ പരാമർശിച്ച സാധനങ്ങൾ മാത്രമേ ടെണ്ടർ നടപടികൾ പാലിക്കാതെ ARTCO യിൽ നിന്ന് നേരിട്ട് വാങ്ങാൻ പാടുള്ളൂ എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെടാത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കണമെന്നും ഉത്തരവുകളിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ മേൽ പ്രൊജക്ടിൽ ARTCO വിതരണം ചെയ്ത താഴെപ്പറയുന്ന വിവിധ സാധനങ്ങൾ മേൽ ഉത്തരവിൽ പരാമർശിച്ചിട്ടുള്ളതായി കാണുന്നില്ല.

		ക്രമ നം. 1 ഇൻവോയ്സ് പ്രകാരം	ക്രമ നം. 2 ഇൻവോയ്സ് പ്രകാരം	
ക്രമ നമ്പർ	ഇനം	എണ്ണം	എണ്ണം	GST ഒഴികെയുള്ള Unit Price
1	Smart Bench With Attached Desk L32" * W30.3" H23"	35	30	4800
2	Smart Book Shelf L32" * W 15.5" * H 31.5" * 5 Shelf	18	18	3800

മേൽ ഇനങ്ങൾ ആർട്ട്കോയിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ള ഉത്തരവ് ഉണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 72/ 10.3.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുകയോ മേൽ ഇനങ്ങൾ ആർട്ട്കോയിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ള ഉത്തരവ് ഉണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

1-22 കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ്- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് നമ്പർ/ പേര്	310/25 കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ്
അടങ്കൽ	1,50,000 (വികസന ഫണ്ട്- പൊതുവിഭാഗം സാധാരണ വിഹിതം)

ചെലവ്	50,000 രൂപ
നിർവഹണ ഉദ്യോഗസ്ഥൻ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ
വൗച്ചർ നം./ തീയതി/തുക	J-M100700-24000572 / 21.01.2025 / 50,000

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ഫാത്തിമ ത്വയ്ബ, വില്ലൂർ (H) എന്ന കുട്ടിയുടെ കോക്ലിയർ ഇംപ്ലാന്റിന്റെ മെയിന്റനൻസിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് മേൽ പട്ടികയിൽ ചേർത്ത ബിൽ പ്രകാരം 50,000 രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 75/ 11) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-23 അൺ എയ്ഡഡ് സ്കൂളുകളുടെ വസ്തുനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പിന്റെ 05.04.2023ലെ സ.ഉ. (അച്ചടി) നം. 26/ 2023/LSGD ഉത്തരവ് പ്രകാരം മുനിസിപ്പാലിറ്റികളിൽ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. ആയത് പ്രകാരം വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണത്തിന് 8 രൂപ കുറഞ്ഞ നിരക്കായും 17 രൂപ കൂടിയ നിരക്കായും വസ്തുനികുതി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭാ പരിധിയിലെ അൺഎയ്ഡഡ് സ്കൂളുകളുടെ വസ്തുനികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചു. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. NSS കരയോഗം Education Societyയുടെ കീഴിലുള്ള 11 / 61, 11/62, 11/63 എന്നീ കെട്ടിട നമ്പറുകളിൽ പ്രവർത്തിക്കുന്ന NSS കരയോഗം ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കുന്നതിനായി 13.3.2023ലെ R1/ 7436/ 20 നമ്പർ കത്ത് പ്രകാരം NSS കരയോഗം സെക്രട്ടറിക്ക് നഗരസഭാ സെക്രട്ടറി കത്തയച്ചിട്ടുണ്ട്. 2015-16 മുതലുള്ള വസ്തുനികുതി കുടിശ്ശിക അടവാക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസ് കത്തിനോടൊപ്പം സമർപ്പിച്ചിട്ടുണ്ട്. എന്നാൽ WP (C) No. 22014 Of 2023 കേസിൽ ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം 01.04.2023 വരെ സർക്കാർ അംഗീകാരമുള്ള അൺഎയ്ഡഡ് സ്കൂളുകൾക്ക് വസ്തുനികുതി ഇളവിന് അർഹതയുണ്ടെന്ന് കോടതി ഉത്തരവായിട്ടുണ്ട്. എന്നാൽ കേരള മുനിസിപ്പാലിറ്റി ആക്ട് 235 ബിഎ വകുപ്പ് പ്രകാരം ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദിച്ചിരുന്ന വസ്തുനികുതി ഇളവ് 01.04.2023 പ്രാബല്യത്തിൽ ഒഴിവാക്കിയതിനാൽ 01.04.2023 മുതലുള്ള വസ്തുനികുതി അടവാക്കേണ്ടതുണ്ട്. വസ്തുനികുതി ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുകയോ നാളിത് വരെ വസ്തുനികുതി അടവാക്കിയിട്ടില്ലെങ്കിൽ ആയത് ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദ വിവരം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 40 / 06.03.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

2. നജ്മുൽ ഹുദാ HSS, കോട്ടക്കൽ വിദ്യാഭവൻ EMHS എന്നീ സ്ഥാപനങ്ങളുടെ കെട്ടിടനമ്പർ, വസ്തുനികുതി ചുമത്തിയതിന്റെ വിശദാംശങ്ങൾ , കോട്ടക്കൽ നഗരസഭാ പരിധിയിലുള്ള മറ്റ് അൺ -എയ്ഡഡ് സ്കൂളുകളുടെ കെട്ടിടനമ്പർ, വസ്തുനികുതി ചുമത്തിയതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 44/ 06.03.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

നഗരസഭാ പരിധിയിലുള്ള മുഴുവൻ അൺ -എയ്ഡഡ് സ്കൂളുകളുടെയും കെട്ടിട നമ്പർ, വസ്തുനികുതി ചുമത്തിയതിന്റെ വിശദാംശങ്ങൾ, വസ്തുനികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-24 ലൈബ്രറി സെസ്സ് സമയബന്ധിതമായി അടവാക്കുന്നില്ല

ഫയൽനം 1683411-2024

സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് ഓരോ അർദ്ധ വർഷവും പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് തുക ഓരോ അർദ്ധവർഷം കഴിഞ്ഞ് 30 ദിവസത്തിനകം അടയ്ക്കേണ്ടതാണെന്ന് സർക്കുലർ നമ്പർ 17263/I3/ത.സ്വ.ഭ.വ, തീ. 29.12.2000 പ്രകാരം നിർദ്ദേശം ഉള്ളതാണ്. ഈടാക്കിയ ലൈബ്രറി സെസ്സ് സമയക്രമം പാലിച്ച് അടവാക്കിയിട്ടില്ലെങ്കിൽ 2% പിഴപ്പലിശ സെക്രട്ടറിയുടെ ബാധ്യതയായി വരുന്നതാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ലൈബ്രറി സെസ് അടവാക്കിയതിൽ മേൽ സർക്കുലറിലെ വ്യവസ്ഥ പാലിച്ചിട്ടില്ല. തുക അടവാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

സാമ്പത്തിക വർഷം.	തുക.	അടവാക്കേണ്ട തീയതി.	അടവാക്കിയ തീയതി.	വൗച്ചർ നമ്പർ/ തീയതി.
2023-24 രണ്ടാം അർദ്ധ വർഷം	4,47,335	30.4.2024	8.8.2024	24000246/8.8.2024

2024-25 ഒന്നാം അർദ്ധ വർഷത്തെ ലൈബ്രറി സെസ്സ് തുകയും ഇപ്രകാരം അടവാക്കിയതായി കാണുന്നില്ല. രണ്ട് അർദ്ധവർഷങ്ങളിലെയും കൂടിയുള്ള തുക 14,73,773 രൂപ 16.6.2025 നാണ് അടവാക്കിയിട്ടുള്ളത്. ലൈബ്രറി സെസ്സ് സമയക്രമം പാലിച്ച് അടവാക്കിതിരിക്കുന്നതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ് എന്ന സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻകൃയറി നം 18/2.3.26 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-25 പരസ്യചാർജ്ജിനത്തിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമായില്ല.

ഫയൽ നം :1645077-2024

ജി.ഒ.(ആർ.ടി)നം.288/14/ഐ &പി ആർ ഡി തീ.10.09.14 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൌണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ഓഡിറ്റ് വർഷം മാതൃഭൂമി പത്രത്തിന് പത്ര പരസ്യം ഇനത്തിൽ ആകെ 1,30,011 രൂപ (വൗച്ചർ നം P-M100700-24000363/13.8.24) നൽകിയിട്ടുള്ളതിൽ , കൂടെ ചേർത്തിരിക്കുന്ന ബില്ലുകളിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് കുറവ് ചെയ്യാതെ മാധ്യമ സ്ഥാപനം സമർപ്പിച്ച മുഴുവൻ ബിൽ തുകയും അനുവദിച്ചു നൽകുകയാണുണ്ടായത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	ബിൽ നം നം / തീയ്യതി	തുക
1	321000070259 27.09.2019	12,852
2	321000078213 /07.12.2021	6,511
3	321000090331 /07.01.2022	11,130
4	321000106670 /19.02.2022	8,904
5	321000119436/20.03.2022	6,511
6	321000084479/24.11.2022	7,997
7	321000112449/11.02.2023	7,997
8	321000116915/25.02.2023	4,873
9	321000126119/22.03.2023	7,997
10	321000128275/29.03.2023	9,996
11	321000015590/23.05.2023	8,282
12	321000079121/12.12.2023	6,057
13	321000088231/12.01.2024	6,212
14	321000099826/18.02.2024	8,282
15	321000099825/18.02.2024	10,353
16	3210001011216/24.02.2024	6,057
	ആകെ	1,30,011

ഡിസ്കൗണ്ട് കൂടാതെ ബിൽ തുക പൂർണമായി അനുവദിച്ചതിന് കാരണം അറിയിയ്ക്കേണ്ടതാണ് എന്നറിയിച്ചുകൊണ്ട് നൽകിയ 7/28.2.2026 ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രഥമ മറുപടിയിൽ തന്നെ വിവരം ലഭ്യമാക്കി അറിയിയ്ക്കേണ്ടതാണ്.

1-26 തെരുവു വിളക്കുകളുടെ എ.എം .സി- അപാകതകൾ

FILE NO :E2/19920/21

Ksmart File No-257928.2024

പ്രൊജക്ട് നം/പേര്	322/25-നഗരസഭയിലെ മുഴുവൻ വാർഡുകളിലെയും തെരുവുവിളക്കുകളുടെ എ.എം .സി
ചെലവ്	3399990/-

നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ/ഫണ്ടിനം	5641120/- (സി.എഫ് .സി)

മേൽ പ്രൊജക്ട് പ്രകാരം നഗരസഭ പരിധിയിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ വാർഷിക അറ്റകുറ്റപണികൾ അക്രഡിറ്റഡ് ഏജൻസി മുഖേന നടത്തുന്നതിനുവേണ്ടിയാണ് പ്രൊജക്ട് തയ്യാറാക്കി അനുമതി നേടിയിട്ടുള്ളത് . ബഹു വർഷ പ്രൊജക്ടാണിത്. പ്രവൃത്തി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം (UEIL) എന്ന ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളത്. സ്ഥാപനം ഹാജരാക്കിയ ബില്ലുകളുടെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

ക്ര നം.	ഇൻവോയ്സ് നം.തിയ്യതി	തുക	നൽകിയ തുക	വൗച്ചർ നം./ബിൽ നം. തിയ്യതി
1	Invoice No.UEI736/8.2.24	10,19,987	9,76,767	Co32515664056/4.9.24
2	Invoice No.UEI815/7.3.25	23,80,003	23,80,003	Co32523367196/31.3.25
	കിഴിവുകൾ പ്രകാരമുള്ള തുക		43,220	Co32515666152/30.10.24
	ആകെ	33,99,990	33,99,990	

പ്രൊജക്ട് ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു

1)ക്രമ നം (1) ഇൻവോയ്സ് പ്രകാരം 1200 തെരുവുവിളക്കുകൾക്കും ക്രമ നം (2) ഇൻവോയ്സ് പ്രകാരം 2800 തെരുവുവിളക്കുകൾക്കും ഉൾപ്പെടെ ഒരു വിളക്കിന് 850 രൂപ പ്രകാരം ആകെ 4000 തെരുവുവിളക്കുകളുടെ മെയിന്റനൻസിനാണ് മേൽ തുകകൾ നൽകിയിട്ടുള്ളത്. എന്നാൽ മേൽ ഇൻവോയ്സുകളിൽ ഏതു തരത്തിലുള്ള തെരുവുവിളക്കുകൾക്കാണ് AMC തുക നൽകിയത് എന്ന് വ്യക്തമാക്കിയിട്ടില്ല.

2)ഏതെല്ലാം വാർഡുകളിലെ ഏതിനത്തിലുള്ള തെരുവുവിളക്കുകൾക്കാണ് AMC പ്രവൃത്തി നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാകുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

3) പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം , പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറി നം 23/4.3.26ന്ന് ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കി. അവശേഷിയ്ക്കുന്ന രേഖകൾ പ്രഥമ മറുപടിയോടൊപ്പം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-27 സെക്രട്ടറിയുടെ ശമ്പളം തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

File No. 2066034-2024

1994 ലെ കേരള മുനിസിപ്പൽ ആക്ട്, സെക്ഷൻ 48(3) പ്രകാരം നഗരസഭാ സെക്രട്ടറിമാർ സർക്കാർ ട്രഷറിയിൽ നിന്നും കൈപ്പറ്റുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും തിരിച്ച് സർക്കാർ ട്രഷറിയിൽ തിരികെ അടവാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയതിൽ പ്രകാരം 2024-25 വർഷത്തിൽ മുനിസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ.മാമ്പള്ളി സന്തോഷ് എന്നവരുടെ 1/2025 മുതൽ 3/2025 വരെയുള്ള കാലയളവിലെ ട്രഷറിയിൽ നിന്നും പിൻവലിച്ച ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തനതു ഫണ്ടിൽ നിന്നും സർക്കാറിലേക്ക് തിരിച്ചടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറി നം.26/5.3.26 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രഥമമറുപടിയിൽ തന്നെ വിവരം ലഭ്യമാക്കി അറിയിയ്ക്കേണ്ടതാണ്.

1-28 കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച തുക- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല,

കെ സ്മാർട് ഫയൽ നം: 1719807-24

2024-25 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ റോഡ് നവീകരണ പ്രവൃത്തിയ്ക്ക് തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റൽ എന്ന സ്പിൽ ഓവർ പ്രൊജക്ട് (294/25) പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി 4,10,279 രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി 1,57,452 രൂപ KSEB ക്ക് നൽകിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയില്ല, വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വൗച്ചർ നം/തീയതി	തുക	നൽകിയ സ്ഥാപനം
P-M100700-25000870- 31-03-2025	27,311	KSEB കോട്ടയ്ക്കൽ

P-M100700-25000868- 31-03-2025	13,371	KSEB കോട്ടയ്ക്കൽ
P-M100700-25000916- 31-03-2025	28,586	KSEB ചട്ടിപറമ്പ്
Co 321418695438/3.4.2024	66,556	KSEB ചട്ടിപറമ്പ്
Co 3214186938888/3.4.2024	23,165	KSEB ഒതുക്കുങ്ങൽ
ആകെ	1,58,989	

വിനിയോഗസാക്ഷ്യപത്രങ്ങൾ പരിശോധയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം 32/5.3.2025 ത്തിന് 1,57,452 രൂപയുടെ ചെലവുരേഖകൾ ഹാജരാക്കിയെങ്കിലും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. 1,57,452 രൂപയ്ക്കുള്ള മുഴുവൻ വിനിയോഗസാക്ഷ്യപത്രങ്ങളും ഹാജരാക്കേണ്ടതാണ്. സൂക്ഷ്മ പത്രിക പ്രകാരമുള്ള ചെലവിൽ നിന്നും 1537 രൂപ അധികമായാണ് ഈ പദ്ധതിയ്ക്കുവേണ്ടി ചെലവു വന്നിട്ടുണ്ട്. ആയതിന് മറുപടി ലഭ്യമാക്കേണ്ടതുമാണ്. വിനിയോഗസാക്ഷ്യ പത്രങ്ങൾ ഹാജരാക്കി അറിയിയ്ക്കുന്നതുവരെ ചെലവുതുക 1,57,452 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-29 എസ്.എസ്.കെ വിഹിതം അടവാക്കൽ അനുബന്ധരേഖകൾ , വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല.

ഫയൽ നം 1911063-2024

സെക്രട്ടറി നിർവഹണം നടത്തിയ എസ്.എസ്.കെ വിഹിതം അടവാക്കൽ എന്ന പ്രൊജക്ടുകൾ മുഖേന താഴെ പറയും പ്രകാരം ₹ 35,00,000 സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ SSK ക്ക് നൽകിയിട്ടുണ്ട്.

പ്രോജക്ട്	അടങ്കൽ	ചെലവഴിച്ച തുക	വൗച്ചർ നമ്പർ
എസ്.എസ്.എ വിഹിതം അടവാക്കൽ (1/25)	35,00,000	35,00,000	P-M100700-24000517/14.10.24

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 86/2022/LSGD Dt 19.04.2022 ഖ 8.6.3 പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖ 8.6.4 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Utilisation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം.

എന്നാൽ പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1. പദ്ധതി തയ്യാറാക്കുന്നതിൽ നഗരസഭയുടെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.
2. പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ നഗരസഭയ്ക്ക് നൽകിയിട്ടില്ല.
3. ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ നഗരസഭയെ അറിയിച്ചതായി കാണുന്നില്ല.
4. വികസന പദ്ധതികളിൽ നഗരസഭയുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
5. 35,00,000 രൂപ കൈപ്പറ്റിയതിന്റെ രശീതി, നഗരസഭാ പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.മേൽ അപാകതകൾക്ക് വിശദീകരണം / രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നം.35/6.3.2026 മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പ്രഥമമറുപടിയിൽ തന്നെ ഹാജരാക്കേണ്ടതാണ്

1-30 വീട് വാസയോഗ്യമാക്കൽ- പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല

നം.183/25, വിധവകളുടെ വീട് വാസയോഗ്യമാക്കൽ (So) എന്ന പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 1,00,000

രൂപ വീതം വികസനഫണ്ട് (ജനൽ) ആകെ 19,50,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ആയിഷ കൊട്ടക്കാട്ടിൽ, പാറയിൽ സ്ട്രീറ്റ്, കോട്ടക്കൽ എന്ന ഗുണഭോക്താവിന് വൗച്ചർ നം. 24000694/19.09.2024 (ബിൽ നം.41517470012006841 25/19.09.2024) പ്രകാരം 50,000രൂപ അഡ്വാൻസ് ആയി നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ വീട് റിപ്പയർ പൂർത്തിയാക്കി നാളിതുവരെ രണ്ടാം ഗഡു കൈപ്പറ്റിയതായി കാണുന്നില്ല.

ഗുണഭോക്താവ് മരണപ്പെട്ടതിനാൽ ബാക്കി തുക മകൾക്ക് അനുവദിക്കുന്നതിന് 31.02.2024 ലെ 27ാം നമ്പർ കൗൺസിൽ തീരുമാനമുള്ളതാണ്. വീട് റിപ്പയർ പൂർത്തീകരിച്ചതായി അറിയിച്ചതിനെ തുടർന്ന് നടത്തിയ സ്ഥല പരിശോധനയിൽ നിർമ്മാണ പ്രവർത്തനങ്ങളൊന്നും തന്നെ കാണാൻ സാധിച്ചില്ലെന്ന് 12.03.2025ന് എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ലഭിച്ച തുക വിനിയോഗിച്ച് അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് വിവരം രേഖാമൂലം അറിക്കണമെന്നും, അല്ലാത്തപക്ഷം നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ച് ഗുണഭോക്താവിന് കത്ത് നൽകിയിട്ടുണ്ടെന്നും തുടർനടപടി വിവരം അറിയിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.24/24-25/05.03.2026) മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-31 വനിതകൾക്ക് സ്വയം തൊഴിൽ സബ്സിഡി- സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ, പേര്	119/25, വനിതകൾക്ക് സ്വയം തൊഴിൽ തുടങ്ങുന്നതിന് സബ്സിഡി നൽകൽ
അടങ്കൽ	700000 (വികസനഫണ്ട് ജനറൽ)
ചെലവ് തുക	292832
വൗച്ചർ നം., തുക	24000630/15.03.2025- 23,656 രൂപ 24000779/15.03.2025 -50,595 രൂപ 24000459/18.03.2025- 1,28,581 രൂപ 24000561/23.03.2025 - 90,000 രൂപ
നിർവ്വഹണം	പ്രോജക്ട് ഓഫീസർ

വനിതകളുടെ വ്യക്തിഗത സ്വയം തൊഴിൽ സംരംഭത്തിന് സബ്സിഡി നൽകൽ എന്ന പദ്ധതി പ്രകാരം താഴെ പറയുന്ന 5 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്.

ക്രമ നം.	പേര്	സബ്സിഡി നൽകിയ തുക	സംരംഭത്തിന്റെ പേര്
1	സുബൈദ, ചെമ്പ ഹൗസ്, കുറ്റിപ്പുറം, കോട്ടക്കൽ	23,657	Mehanoor Pickles
2	ഷിനി ടി.പി, കുറ്റിക്കാട്ട്പറമ്പിൽ,	50,595	Swd Food Products

	വെസ്റ്റ് വില്ലർ		
3	ഷാക്കിറ പഴേരി, കുറുക്കോട്ടിൽ, ആലിൻചുവട്	90,000	Alinchuvad Janasevana Kendram
4	ഫസ്ല എ.കെ, മങ്ങാടൻ, പറമ്പിലങ്ങാടി	90,000	Adhi Milk And Milk Products
5	കദിയാമു, കാലൊടി ഹൗസ്, ചങ്കുവെട്ടിക്കുണ്ട്	38,581	Little Botique

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022 തസ്വഭവ തിയ്യതി 28.05.2022 ഖണ്ഡിക 6.5.2 പ്രകാരം വായ്പാ ബന്ധിതമല്ലാത്ത വനിതാ വ്യക്തിഗത സ്വയം തൊഴിൽ സംരംഭങ്ങൾക്ക് , സംരംഭം ആരംഭിച്ചതിനുശേഷം 3 മാസത്തെ പ്രവർത്തനം വിലയിരുത്തി ആയതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി (75%, പരമാവധി 90000) ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടത്. മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ്, വ്യവസായ വകുപ്പ് നിയോഗിച്ചിട്ടുള്ള ഇന്റേൺ, നിർവ്വഹണ ഉദ്യോഗസ്ഥൻ, ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവരാണ് വിലയിരുത്തൽ സമിതിയിൽ ഉണ്ടാവേണ്ടത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ മേൽ സംരംഭകരുടെ 3 മാസത്തെ പ്രവർത്തനം വിലയിരുത്തിയതിന്റെ രേഖകളില്ല. നിർവ്വഹണ ഉദ്യോഗസ്ഥനും എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുമാരും 01.03.2025 ന് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിന് നിർദ്ദേശം നൽകിയതായി ഫയലിൽ കാണുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി നൽകിയിട്ടുള്ളത്. പല ഗുണഭോക്താക്കളെയും ഫോൺ മുഖേന ബന്ധപ്പെട്ടതിൽ നലവിൽ പ്രവർത്തിക്കുന്നില്ല എന്ന് അറിയുന്നു. സംരംഭം ആരംഭിച്ചതിനുശേഷം മൂന്ന് മാസത്തെ പ്രവർത്തനം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി തുക അനുവദിക്കേണ്ടത്. എന്നാൽ അത്തരത്തിലുള്ള പരിശോധന തുക അനുവദിക്കുന്നതിന് മുമ്പ് നടത്തിയിട്ടില്ല.

നിലവിൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും നോമ്പ് കാലമായതിനാൽ പ്രവർത്തനം മന്ദഗതിയിലാണെന്ന് അറിയാൻ കഴിഞ്ഞെന്നും, മേലിൽ ഇത്തരം പദ്ധതി നടപ്പിലാക്കുമ്പോൾ എല്ലാ മാനദണ്ഡങ്ങളും പൂർണ്ണമായി പാലിക്കുമെന്ന് ഓഡിറ്റ് എൻകൃയറിക്ക് (നം.05/24-25/27.02.2026) മറുപടി ലഭ്യമാക്കി. മുൻ വർഷത്തെ പദ്ധതിയിലും ഇത്തരം അപാകത ശ്രദ്ധയിൽപെടുത്തിയിട്ടും ആയത് പരിഹരിച്ചിട്ടില്ല. പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. മൂന്ന് മാസത്തെ പ്രവർത്തനം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ മാത്രം സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി നൽകേണ്ടതാണ്.

1-32 വെള്ളക്കരം അടവാക്കൽ – വിവരങ്ങൾ ലഭ്യമാക്കിയില്ല

ഫയൽ നമ്പർ :914015-2024

നഗരസഭയിലെ 32 വാർഡുകളിലായി പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ 4/2024 മുതൽ 10/24വരെ പ്രതിമാസം 43,678 രൂപ പ്രകാരം 3,05,746 രൂപയും 11/2024 മുതൽ 3/2025 വരെ പ്രതിമാസം 38,218 രൂപ പ്രകാരം

1,91,090 രൂപയുൾപ്പെടെ ആകെ 4,96,836 രൂപ വാട്ടർ അതോറിറ്റിയ്ക്ക് അടവാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നഗരസഭയിലെ പൊതു ടാപ്പുകളുടെ വിവരം രേഖപ്പെടുത്തിയ വാർഡ് തിരിച്ചുള്ള രജിസ്റ്റർ,വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 45/7.3.2026 ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-33 വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും - അവലോകനം

നഗരസഭകളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് 2000-ത്തിലെ കേരള മുനിസിപ്പാലിറ്റി (വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും)ചട്ടങ്ങളിൽ നഗരസഭയിലെ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി. നം.46/7.3.2026 മുഖേന ആവശ്യപ്പെട്ടതു പ്രകാരം ലഭ്യമാക്കിയ കോട്ടയ്യൽ നഗരസഭയിലെ വാഹനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	വണ്ടി നമ്പർ	വാഹനത്തിന്റെ നിലവിലെ അവസ്ഥ/ ഉപയോഗത്തിന്റെ വിവരം
1	KL55AA 1682 INNOVA	ചെയർമാൻ
2	KL55 R 9145 BOLERO	ഹെൽത്ത് വിഭാഗം
3	KL55AH 9842 BOLERO	സെക്രട്ടറി
4	KL55 M 3414XYLO	എഞ്ചിനീയറിംഗ് വിഭാഗം
5	KL55k 1371 Bajaj	ജനറൽ
6	KL10AG 3797 VERNA	ഉപയോഗരഹിതം-കണ്ടം ചെയ്യാൻ മാറ്റിവച്ചിരിയ്ക്കുന്നു.
7	KL55J 58 EICHER	ഉപയോഗരഹിതം-കണ്ടം ചെയ്യാൻ മാറ്റിവച്ചിരിയ്ക്കുന്നു.
8	KL65 S 1579 EICHER	ഹെൽത്ത് വിഭാഗം , ശുചീകരണം

ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1)ധനകാര്യ (ഐ.ടി,സോഫ്റ്റ്വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "Vehicle Management And Location Tracking System (VEELS)" എന്ന വെബ്സൈറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്.2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്. വാഹനത്തിന്റെ വിവരങ്ങൾ, VEELS ചേർത്തതിന്റെ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയില്ല. ആയത് ഹാജരാക്കേണ്ടതാണ്.

2)2000ത്തിലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ ചട്ടം 4(1) (2) തദ്ദേശസ്വയംഭരണവകുപ്പിന്റെ 30.6.2007ലെ ജി ഒ എം. എസ് 170/2007 നം ഉത്തരവ് എന്നിവ പ്രകാരം വാഹനവുമായി ബന്ധപ്പെട്ട് നഗരസഭയിൽ സൂക്ഷിയ്ക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ താഴെ പറയുന്ന രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1.വാഹനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ (സൂക്ഷിക്കുന്നുണ്ടെങ്കിലും വിവരങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല)

2.വെഹിക്കിൾ ഹിസ്റ്ററി രജിസ്റ്റർ

3.ഇന്ധന ഓർഡർ രജിസ്റ്റർ
രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3) വാഹനത്തിന്റെ വരവ് ചെലവ് റിപ്പോർട്ട്.

2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ ചട്ടം 4 (2) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ട വരവ് ചെലവ് റിപ്പോർട്ട് (2024-25 I, II അർദ്ധവർഷത്തേക്കുള്ളത്)ഹാജരാക്കേണ്ടതുണ്ട്. എന്നാൽ വാഹനങ്ങളുടെ ഇനം, ഓരോ വാഹനത്തിന്റെയും വരവ്

ചെലവ് എന്നിവ സംബന്ധിച്ച റിപ്പോർട്ട് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വാഹനങ്ങളുടെ വരവ് ചെലവ് റിപ്പോർട്ട്, പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4)ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയതിന്റെ വിവരം ലഭ്യമല്ല.

ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് വർഷത്തിലൊരിക്കൽ പി.ഡബ്ളിയു.ഡി മെക്കാനിക്കൽ വിഭാഗം/മോട്ടോർ വാഹന വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെകൊണ്ട് നടത്തിക്കേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ് . എന്നാൽ മുനിസിപ്പാലിറ്റിയിലെ വാഹനങ്ങളുടെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നിശ്ചിത കാലപരിധിക്കുള്ളിൽ നടത്തുന്നില്ല. ഫ്യൂവൽ കൺസംഷൻ ടെസ്റ്റ് നിശ്ചിത കാലപരിധിക്കുള്ളിൽ നടത്തേണ്ടതും മുൻ ടെസ്റ്റിനെ അപേക്ഷിച്ച് ഇന്ധന ഉപയോഗ തോത് കൂടിയിട്ടുണ്ടെങ്കിൽ വാഹനത്തിനുണ്ടായ തകരാറ് എന്തെന്ന് കണ്ടെത്തി ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയ ഉദ്യോഗസ്ഥന്റെ നിർദേശമനുസരിച്ച് കസ്റ്റോഡിയൻ ഓഫീസർ നടപടി സ്വീകരിക്കേണ്ടതുമാണ്.

വാഹനങ്ങളുടെ ഉപയോഗത്തിലും അവയുടെ പരിപാലനത്തിലും കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ, തദ്ദേശസ്വയംഭരണവകുപ്പിന്റെ 30.6.2007ലെ ജി ഒ എം. എസ് 170/2007 നം ഉത്തരവിലെ നിർദേശങ്ങൾ എന്നിവ പാലിയ്ക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

1-34 വയോമിത്രം പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രൊജക്ട്	വയോമിത്രം സാമൂഹ്യ സുരക്ഷാ മിഷന് വിഹിതംനൽകൽ (76/25)
അടങ്കൽ	1000000 (Cfc)
ചെലവ്	1000000 /-
വൗച്ചർ നമ്പർ	P-M100700-24000807/10.1.25
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
കെ-സ്മാർട്ട് ഫയൽ നമ്പർ	2865236-2024

സ.ഉ. (സാധാ) നം. 1209/2013/ത.സ്വ.ഭ.വ, തീ. 6.5.2013 ൽ നിർദ്ദേശിച്ചത് പ്രകാരം വയോമിത്രം പദ്ധതിക്കായി നഗരസഭ 10 ലക്ഷം രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ പേരിൽ ജില്ലാ ട്രഷറിയിലുള്ള സ്പെഷ്യൽ ടി.എസ്ബി അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 79901140000770) ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 36/6.3.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിയ്ക്കുന്നതുവരെ ചെലവുതുക 1000000 /- ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-35 വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം- അപാകതകൾ

ഫയൽ നമ്പർ-1185561-2024

1)

പ്രൊജക്ട് നമ്പർ/ പേര്	290/25 വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം (സ്പിൽ ഓവർ)
അടങ്കൽ	2,18,000 രൂപ (തനത് ഫണ്ട്)
ചെലവ്	1,33,200 രൂപ
നിർവഹണ ഉദ്യാഗസ്ഥൻ	സെക്രട്ടറി

2)

പ്രൊജക്ട് നമ്പർ/ പേര്	104/25 വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം
അടങ്കൽ	18,00,000 രൂപ
ചെലവ്	13,56,660 (തനത് ഫണ്ട്- 9,15,660, സിഎഫ്.സി-4,41,000)

നിർവഹണ ഉദ്യാഗസ്ഥൻ	സെക്രട്ടറി

കിഡ്നി രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചെയ്യുന്നതിനുവേണ്ടി മേൽ പദ്ധതികൾ പ്രകാരം, ആ[illegible] 1489860/- ചെലവഴിച്ചിട്ടുണ്ട്. 40% തുക നഗരസഭയും, 40% അൽമാസ് ഹോസ്പിറ്റലും, 20% പൊതുജന സമാഹരണത്തിലൂടെയും കണ്ടെത്തി കിഡ്നി രോഗികൾക്ക് സൗജന്യ ഡയാലിസിസ് നടത്തുന്നതിനുള്ള പ്രൊജക്ട് ഏറ്റെടുക്കാൻ 2015-16 ൽ സർക്കാർ ഉത്തരവ് (സാ.ധാ) നമ്പർ 957/2016 ത.സ്വ.ഭ.വ. തിയ്യതി 01.03.2016 പ്രകാരം അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രൊജക്ടുകൾ പ്രകാരം കിഡ്നി രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചെയ്യുന്നതിനായി അൽമാസ് ഹോസ്പിറ്റൽ, കോട്ടക്കലുമായി ചേർന്ന് പ്രോജക്ട് നടപ്പാക്കുകയും വൃക്കാരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്നതിന് താഴെ പറയും പ്രകാരം തുക ചെലവഴിയ്ക്കുകയും ചെയ്തതിട്ടുണ്ട്. പ്രതിമാസം 4000 രൂപയാണ് നൽകുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	രോഗികളുടെ എണ്ണം	മാസം	തുക	വൗച്ചർ നമ്പർ തിയതി
പ്രൊജക്ട് നമ്പർ 290	ലഭ്യമല്ല	2024 മാർച്ച് മാസത്തെ തുക	1,33,200	P-M100700-24000413-04-09-2024
പ്രൊജക്ട് നമ്പർ 104	ലഭ്യമല്ല	ഏപ്രിൽ മുതൽ ഓഗസ്റ്റ് 2024 വരെയുള്ള 5 മാസത്തെ ഡയാലിസിസ് വിഹിതം	6,64,800	P-M100700-24000466-24-09-2024
	32	സെപ്റ്റംബർ , ഒക്ടോബർ 2024 മാസത്തെ ഡയാലിസിസ് വിഹിതം	2,50,800	P-M100700-24000615-15-11-2024
	19	നവംബർ,ഡിസംബർ 2024 മാസത്തിലെ നഗരസഭാ വിഹിതം	2,81,400	P-M100700-24000803-21-01-2025
	21	2025 ജനുവരി മാസത്തെ വിഹിതം	1,59,660	
			14,89,860	

മേൽ പ്രൊജക്ടുകളുടെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ട്.

1)പ്രൊജക്ട് നമ്പർ 290/25 പ്രകാരവും പ്രൊജക്ട് നമ്പർ 104 ക്രമ നം 1 പ്രകാരവും എത്ര ഗുണഭോക്താക്കൾക്കാണ് തുക അനുവദിച്ചത് എന്നത് വ്യക്തമല്ല.

2)തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ 01.01.2021 ലെ ഡിഎ 1/321/2020/ തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്ന പ്രൊജക്ട് മെഡിക്കൽ ഓഫീസർ നിർവ്വഹിക്കണം എന്നും ധനസഹായം ബന്ധപ്പെട്ട ഡയാലിസിസ് നടത്തുന്ന ആശുപത്രികൾക്ക് കൈമാറേണ്ടത് മെഡിക്കൽ ഓഫീസർ ആണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് സെക്രട്ടറിയാണ്.

3) സർക്കുലർ നമ്പർ ഡിഎ1/151/2022 തി. 18.9.22പ്രകാരം ഗുണഭോക്തൃ പട്ടിക മറ്റ് സർക്കാർ സഹായം ലഭ്യമാകുന്ന രോഗികളെ ഒഴിവാക്കി കൃത്യമാക്കി നിർവഹണ ഉദ്യോഗസ്ഥന് നൽകണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ പട്ടിക പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4) ഡിമാന്റ് ലെറ്ററിലെ ചെലവ് തുകയുടെ 40% അൽമാസ് ഹോസ്പിറ്റലിന് അനുവദിക്കുന്നതിന് മുമ്പ് ഗുണഭോക്താക്കൾക്ക് ഈ സേവനം ലഭിച്ചുവെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല. ഇപ്രകാരം ഡയാലിസിസ് നടത്തിയ രോഗികളുടെ കൃത്യമായ വിവരം, ഡയാലിസിസ് നടത്തിയ കാലയളവ് ഡയാലിസിസിന്റെ എണ്ണം എന്നിവ നിരീക്ഷിക്കുന്നതിന് നഗരസഭയിൽ സംവിധാനവുമില്ല. ഡയലിസിസിന് വിധേയരായ ഗുണഭോക്താക്കൾ അവർക്ക് സൗജന്യ ഡയാലിസിസ് സേവനം ലഭിച്ചിട്ടുണ്ട് എന്ന സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. നഗരസഭയിൽ ഇത് സംബന്ധിച്ച് സൂക്ഷിച്ച റജിസ്റ്ററിൽ 72 രോഗികളുടെ പേർ ചേർത്തിട്ടുണ്ടെങ്കിലും ഡയാലിസിസ് സംബന്ധിച്ച വിവരങ്ങളൊന്നും ചേർത്തിട്ടില്ല.

5)പദ്ധതിക്ക് വേണ്ടിയുള്ള 20% ഫണ്ട് പൊതു ജനങ്ങളിൽ നിന്നും കണ്ടെത്തുന്നതിനാണ് സർക്കാർ അനുമതിയിൽ വ്യക്തമാക്കിയിരുന്നത്. എന്നാൽ ഇപ്രകാരം ഫണ്ട് പിരിച്ചെടുത്തതിന്റെ വിവരം ലഭ്യമല്ല,

6) പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയില്ല.

പാകതകൾ പരാമർശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 39/6.3.26 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വസ്തുതാപരമായ മറുപടി ലഭ്യമാക്കി അറിയിക്കുന്നതുവരെ 14,89,860 രൂപ തടസ്സം ചെയ്യുന്നു.

1-36 PMAY(നഗരം)/ ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

DPR	അംഗീകരിച്ചതും എഗ്രിമെന്റ് വെച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം	ഒന്നാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം	രണ്ടാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം	മൂന്നാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം	വീട് നിർമ്മാണം പൂർത്തീകരിച്ചവരുടെ എണ്ണം	വീട് നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നവരുടെ എണ്ണം (3-6)
1	2	3	4	5	6	7
DPR-1 (2017-18)	37	37	37	37	37	0
DPR-2 (2017-18)	100	100	100	100	100	0
DPR-3 (2017-18)	25	25	25	25	24	1
DPR-4 (2017-18)	8	8	8	8	8	0
DPR-5 (2018-19)	116	116	116	116	115	1
DPR-6 (2019-20)	93	93	93	91	89	4
DPR-7 (2021-22)	49	49	48	47	40	9

DPR-8 (2021-22)	15	15	15	14	14	1
DPR-9 (2023-24)	27	27	26	26	18	9
ആകെ	470	470	448	464	445	25

നഗരസഭയുമായി കരാറിലേർപ്പെട്ട് ഒരു വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കണമെന്നിരിക്കെ 25 ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതാണ്. വിവിധ DPRകളിൽ ഉൾപ്പെട്ടതും നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഓരോ ഗുണഭോക്താക്കളും നിർമ്മാണം പൂർത്തീകരിക്കുന്നതിന്/ തുക തിരികെ ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.37/24-25/06.03.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതും ഓരോ ഗുണഭോക്താക്കളുടേയും ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

1-37 മൈത്രി റോഡ് പാടം കൈവരി നിർമ്മാണം - പ്രവൃത്തിയിലെ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് - 446/25

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (Road)

ബിൽ - 24151747000901665011/24.3.25 -197219/-

എം. ബുക്ക് - E M Book

കരാർ - 7/24.1.25

മൂല്യനിർണ്ണയം - 197219

കരാറുകാരൻ - ശ്രീ. അമീറലി.എൻ

ഏജൻസി -FOREST INDUSTRIES (TRAVANCORE) LIMITED (FIT)

Cost Index -36.44% (MoRD 2018)

AS-E-2-23550022/25.11.24 - 2,00,000

FOREST INDUSTRIES (TRAVANCORE) LIMITED (FIT-Centage Charge 7.8%) എന്ന അക്രഡിറ്റഡ് ഏജൻസി [Project Management Consultancy (PMC)] മുഖേനയാണ് പ്രൊജക്ട് നിർവ്വഹണം നടത്തിയിട്ടുള്ളത്. പ്രവൃത്തി സ്ഥലം 6.03.26 ന് ഗ്രാമ/ FIT അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

1. പ്രവൃത്തിയുടെ ഇനം 13.02 പ്രകാരം കൈവരി സ്ഥാപിക്കുന്നതിന് 4.32 M3 (MoRD 11.4.4) ബോട്ടം കോൺക്രീറ്റ് (1:2:4 CC) ചെയ്തതിന് 8642.72 /M3 (Estimate Rate 8642.72/M3)) നിരക്ക് വെച്ച് 37336.55 രൂപ അനുവദിച്ചിട്ടുണ്ട്. 72 മീറ്റർ നീളത്തിലും 20 Cm വീതിയിലും 30 Cm കനത്തിലും കോൺക്രീറ്റ് ചെയ്തതിനാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ സ്ഥല പരിശോധനയിൽ കോൺക്രീറ്റ് ചെയ്തതിന്റെ കനം 17 Cm മാത്രമാണെന്ന് ബോധ്യപ്പെട്ടു.

ചെയ്ത അളവിന് അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

2.448 M3 X 8642.72 /M3 = 21157.37/-

അധികം = 37336.55 - 21157.37 = 16179.18 + 18% GST = 19091 രൂപ

2. പ്രവൃത്തിയുടെ ഇനം 13.03 പ്രകാരം സൈറ്റ് ബോർഡ് സ്ഥാപിച്ചതിന് 3214 (2724.12+18% GST) അനുവദിച്ചിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തിയിൽ സൈറ്റ് ബോർഡ് സ്ഥാപിച്ചിട്ടില്ല.

മേൽ അപാകതകൾ കാരണം പ്രവൃത്തിയുടെ കരാറുകാരനും ഏജൻസിക്കും അധിക തുക നൽകിയിട്ടുണ്ട്.

കരാറുകാരന് അധികം നൽകിയ തുക - 22305 രൂപ

അക്രഡിക്കഡ് ഏജൻസിക്ക് അധികം നൽകിയ തുക – 1740

(18903.30* 7.8% Centage Charge +18% GST On Centage Charge)

പ്രവൃത്തിയിൽ ആകെ അധികം നൽകിയ തുക - 24045 രൂപ

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ ചെയ്യാത്തത് കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ച്ചയായും, തെറ്റായി മൂല്യ നിർണ്ണയം നടത്തിയത് അക്രഡക്കഡ് ഏജൻസിയുടെ ഭാഗത്തുനിന്നുള്ള വീഴ്ച്ചയായും ഓഡിറ്റ് വിലയിരുത്തുന്നു. ഓഡിറ്റ് പരാമർശത്തിന് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയെ (Audit Enquiry No.57/9.03.2026) തുടർന്ന് കരാറുകാരൻ അധികം നൽകിയ 22305/-രൂപ R-M100700-25032509/9.3.26 നമ്പർ രസീതി പ്രകാരവും, സെന്റേജ് ചാർജ് ഇനത്തിൽ അക്രഡിക്കഡ് ഏജൻസിക്ക് അധികം നൽകിയ 1740/-രൂപ R-M100700-25032553/10.3.26 നമ്പർ രസീതി പ്രകാരവും, നഗരസഭാ ഫണ്ടിൽ തിരിച്ചടവാക്കി.

ഓഡിറ്റ് പരാമർശം/ നിർദ്ദേശം.

അക്രഡിക്കഡ് ഏജൻസികൾ മുഖേന നിർവ്വഹണം നടത്തുന്ന സാഹചര്യത്തിൽ ഏജൻസികൾക്ക് നൽകുന്ന സെന്റേജ് ചാർജ് മൂലം പദ്ധതി ചെലവിന്റെ 6.9% ശതമാനത്തോളം അധിക ചെലവ് നഗരസഭക്ക് ഉണ്ടാവുന്നുണ്ട്.

18.04.2021 തിയ്യതിയിലെ GO(P)No.67/2021/Fin സർക്കാർ ഉത്തരവ് പ്രകാരം നഗരസഭക്ക് വേണ്ടി മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട Planning, Design, Preparation Of Drawings, Detailed Estimates And DPR, Preparation Of Tender Documents, Evaluation Tenders, Award Of Work And Execution Of Contract, Supervision, Quality Control, Measurement, Check Measurement, Preparation And Passing Of Contract Bills എന്നീ സേവനങ്ങൾ നൽകുന്നതിന് വേണ്ടിയാണ് സെന്റേജ് ചാർജ് നൽകുന്നത്. മേൽ സേവനങ്ങളിൽ പ്രത്യേകിച്ച് Supervision, Measurement, Check Measurement എന്നിവയിൽ വീഴ്ചയുണ്ടായിട്ടുണ്ട്. അക്രഡിക്കഡ് ഏജൻസിയുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടുള്ള വീഴ്ച്ചയിന്മേൽ വിശദീകരണം ഭരണ സമിതിക്ക് നൽകേണ്ടതാണ്. ആയതിന്മേൽ ഭരണസമിതിയുടെ അഭിപ്രായം/ തീരുമാനം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-38 സ്റ്റോൺ മേസനറി പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികൾ FOREST INDUSTRIES (TRAVANCORE) LIMITED (FIT) എന്ന അക്രഡക്കഡ് ഏജൻസി [Project Management Consultancy (PMC)] മുഖേനയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. പ്രവൃത്തികളിൽ സ്റ്റോൺ മേസനറി (MorD Code 11.6.3.2) ചെയ്യുതിന് 8138.49/M3 നിരക്കാണ് നൽകിയിട്ടുള്ളത്. പ്രസ്തുത ഡാറ്റ പ്രകാരമുള്ള നിരക്കിൽ Through And Bond Stone (Size 24 X 24 X 39cm) 7 എണ്ണം ഉപയോഗിച്ച് പടവ് നടത്തുന്നതിനുള്ള തുകയും കൂടി ഉൾപ്പെടുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തികളിൽ കരിങ്കൾ പടവിൽ Through And Bond Stone ഉപയോഗിച്ചിട്ടില്ല എന്ന് 6.3.26 ന് അക്രഡിറ്റഡ് ഏജൻസിയുടെ എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ സൈറ്റ് പരിശോധനയിൽ ബോധ്യപ്പെട്ടു. ഈ ഇനം പ്രവൃത്തിയിൽ ചെയ്തിട്ടില്ലാത്തതിനാൽ ഇതിനുള്ള നിരക്ക് ഒഴിവാക്കിയാണ് പ്രവൃത്തിക്ക് തുക നൽകേണ്ടിയിരുന്നത്. മേൽ ഇനത്തിന്റെ നിരക്ക് ഒഴിവാക്കാത്തത് വഴിയുണ്ടായ അധിക ചെലവ് ചുവടെ ചേർക്കുന്നു

1. പ്രവൃത്തി - പള്ളിപ്പുറം കാലടി റോഡ് കോൺക്രീറ്റ് & സംരക്ഷണ ഭിത്തി നിർമ്മാണം (വാർഡ് 25)

പ്രോജക്ട്- 365/25

ഫണ്ട് - തനത് ഫണ്ട്

Mbook No. 150/2020-21

മൂല്യനിർണ്ണയം - 498603

DsoR - 2018, Cost Index : 36.44 %

കരാറുകാരൻ - ശ്രീ. അമീറലി.എൻ

ഏജൻസി - FIT (Centage Charge - 6.9%)

കരാർ :15/18-02-25

വൗച്ചർ നം. P-M100100-24001003/20-01-2025 : 498603

AS- E2-2350022/25.11.24 – 5,00,000

പ്രവൃത്തിയുടെ അളവ്	നൽകിയ തുക	നല്കാവുന്ന തുക	അധികം

25.200 M^3 (ഇനം -25.03)	205089.95 @8138.49/ M^3	189727.77 @7528.88/ M^3	18128 (15362.18+18% GST)

2. പ്രവൃത്തി - എറയസ്സൻ കുളമ്പ് റോഡ് പ്രവൃത്തി (വാർഡ് 22)

പ്രോജക്ട്- SO512/25

ഫണ്ട് - MG(R)

Mbook No. 135/2024-25

മൂല്യനിർണ്ണയം - 186638

DsoR - 2018, Cost Index : 36.44 %

കരാറുകാരൻ - ശ്രീ. അമീറലി.എൻ

ഏജൻസി - FIT (Centage Charge - 6.9%)

കരാർ : 07/24-01-25

BRN - 24151747000901370237/22-02-2025 : 186638

AS- E2-2350022/25.11.24 – 2,00,000

പ്രവൃത്തിയുടെ അളവ്	നൽകിയ ഉക	നല്കാവുന്ന ഉക	അധികം
14.05 M^3 (ഇനം -25.0$^{2)}$	114346 @8138.49/ M^3	105781 @7528.88/ M^3	10107 (8565+18% GST)

മേൽ പ്രവൃത്തികളിൽ കരാറുകാരന് അധികം അനുവദിച്ച ഉകയും അക്രഡിക്കഡ് ഏജൻസിക്ക് അധികം അനുവദിച്ച ഉകയും താഴെ പറയുന്നു.

കരാറുകാരന് പ്രവൃത്തിയിൽ അധികം അനുവദിച്ചത് - 28235 രൂപ

അക്രഡിക്കഡ് ഏജൻസിക്ക് അധികം അനുവദിച്ചത് - 1948

(15362.18+ 8565 = 23927.18x6.9% Centage Charge=1651+18 GST On Centage Charge=1948)

പ്രവൃത്തിയിൽ ആകെ അധികം അനുവദിച്ച ഉക – 30182 രൂപ

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ചെയ്യാത്തത് കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ച്ചയായും, തെറ്റായി മൂല്യ നിർണ്ണയം നടത്തിയത് അക്രഡക്കഡ് ഏജൻസിയുടെ ഭാഗത്തുനിന്നുള്ള വീഴ്ച്ചയായും ഓഡിറ്റ് വിലയിരുത്തുന്നു. ഓഡിറ്റ് പരാമർശത്തിന് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയെ (Audit Enquiry No.56/09.03.2026) തുടർന്ന് കരാറുകാരന് അധികം നൽകിയ 28235/-രൂപ R-M100700-25032554/10.3.26 നമ്പർ രസീതി പ്രകാരവും, സെന്റേജ് ചാർജ് ഇനത്തിൽ അക്രഡിക്കഡ് ഏജൻസിക്ക് അധികം നൽകിയ 1948/-രൂപ R-M100700-25032553/10.3.26 നമ്പർ രസീതി പ്രകാരവും, നഗരസഭ ഫണ്ടിൽ തിരിച്ചടവാക്കി.

ഓഡിറ്റ് പരാമർശം/ നിർദ്ദേശം.

അക്രഡിക്കഡ് ഏജൻസികൾ മുഖേന പ്രൊജക്ടുകൾ നിർവ്വഹണം നടത്തുന്ന സാഹചര്യത്തിൽ ഏജൻസികൾക്ക് നൽകുന്ന സെന്റേജ് ചാർജ് മൂലം പദ്ധതി ചെലവിന്റെ 6.9% ശതമാനത്തോളം അധിക ചെലവ് നഗരസഭക്ക് ഉണ്ടാവുന്നുണ്ട്.

18.04.2021 തിയ്യതിയിലെ GO(P)No.67/2021/Fin സർക്കാർ ഉത്തരവ് പ്രകാരം നഗരസഭക്ക് വേണ്ടി മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട Planning, Design, Preparation Of Drawings, Detailed Estimates And DPR, Preparation Of Tender Documents, Evaluation Tenders, Award Of Work And Execution Of Contract, Supervision, Quality Control, Measurement, Check Measurement, Preparation And Passing Of Contract Bills എന്നീ സേവനങ്ങൾ നൽകുന്നതിന് വേണ്ടിയാണ് സെന്റേജ് ചാർജ് നൽകുന്നത്. മേൽ സേവനങ്ങളിൽ പ്രത്യേകിച്ച് Supervision, Measurement, Check Measurement എന്നിവയിൽ വീഴ്ചയുണ്ടായിട്ടുണ്ട്. അക്രഡിക്കഡ് ഏജൻസിയുടെ ഭാഗത്ത് നിന്നുണ്ടായിട്ടുള്ള വീഴ്ച്ചയിന്മേൽ വിശദീകരണം ഭരണ സമിതിക്ക് നൽകേണ്ടതാണ്. ആയതിന്മേൽ ഭരണസമിതിയുടെ അഭിപ്രായം/ തീരുമാനം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-39 വെറ്റിറിനറി ആശുപത്രി നവീകരണം - പ്രവൃത്തിയിൽ അധികം നൽകിയ 48,774 രൂപ തിരിച്ചടവാക്കി

സെക്രട്ടറി നിർവഹണം നടത്തിയ വെറ്റിറിനറി ആശുപത്രി നവീകരണം (88/25) എന്ന പ്രൊജക്ട് പ്രകാരം വെറ്റിറിനറി ആശുപത്രി കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. FOREST INDUSTRIES (TRAVANCORE) LIMITED (FIT) എന്ന അക്രഡിക്കുഡ് ഏജൻസി [Project Management Consultancy (PMC)] മുഖേനയാണ് പ്രൊജക്ട് നിർവ്വഹണം നടത്തിയിട്ടുള്ളത്. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പ്രകാരമുള്ള ഗുണ നിലവാരത്തിൽ നിർമാണ സാമഗ്രികൾ ഉപയോഗിച്ച് പ്രവൃത്തികൾ ചെയ്യേണ്ടത് കരാറുകാരന്റേയും ആയത് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടത് അക്രഡിക്കുഡ് ഏജൻസിയുടേയും ബാധ്യതയാണ്. മേൽ വിഷയത്തിൽ കരാറുകാരന്റേയും, അക്രഡിക്കുഡ് ഏജൻസിയുടേയും ഭാഗത്തുനിന്നും വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

K Smart File No	788178-2025
ഫണ്ട്/ അടങ്കൽ	500000 (MG-NR)
കരാർ	6/7.2.25 (Tender Variation - Nil)
മൂല്യനിർണ്ണയം	489649
AS	E1-3079/23/27.12.2023
M Book	1525/24-25
BRN നമ്പർ	24151747000901714070/31.3.25
കരാറുകാരൻ	Ameerali.N
അക്രഡിക്കുഡ് ഏജൻസി	FOREST INDUSTRIES (TRAVANCORE) LIMITED (FIT) Centage Charge - 6.9%

പ്രവൃത്തി ചെയ്ത അക്രഡിക്കുഡ് ഏജൻസിയുടെ അസി.എൻജിനീയറുടെ സാന്നിധ്യത്തിൽ 6.3.26 ന് നടത്തിയ സൈറ്റ് പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്റ്റീൽ പ്രവൃത്തികളുടെ മൂല്യ നിർണ്ണയത്തിൽ അധിക ചെലവ്.

MBook ഇനം 31.03 (DSR Spec Code 10.26.3) പ്രകാരം കെട്ടിടത്തിന്റെ ഭാഗമായ സ്റ്റെയർകേസിന് വേണ്ടി സ്റ്റീൽ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. 20*20 സ്ക്വയർ പൈപ്പുകൾ ഉപയോഗിച്ചാണ് സ്റ്റീൽ പ്രവൃത്തികൾ ചെയ്തിട്ടുള്ളത്. 1 മീറ്റർ നീളത്തിന് 3.53 Kg, 3.07 Kg ളുക്കമുള്ളതായി (2.95 Kg/M/3.07 Kg) M Book-ൽ രേഖപ്പെടുത്തിയാണ് മൂല്യ നിർണ്ണയും നടത്തിയിട്ടുള്ളത്. എന്നാൽ 6.03.2026 തിയ്യതിയിൽ അക്രഡിക്കുഡ് ഏജൻസിയുടെ അസി.എൻജിനീയറുടെ സാന്നിധ്യത്തിൽ പരിശോധിച്ചതിൽ പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ള 20*20 സ്ക്വയർ പൈപ്പുകളുടെ ളുക്കം 2.20 Kg/M ആണെന്ന് ബോധ്യപ്പെട്ടു. തെറ്റായ മൂല്യ നിർണ്ണയം മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

ഇനം	ആകെ നീളം (M)	അനുവദിച്ച ളുകം (Kg)	അനുവദിക്കാവുന്ന ളുകം (Kg)	അധികം (Kg)
ഇനം 31.03 (10.26.3)	31.68 M	100.266 Kg [31.68 M * 3.53 Kg/3.07 Kg /M] (20*40 സ്ക്വയർ പൈപ്പുകൾ ഒഴികെ)	69.696 Kg [31.68 M * 2.20 Kg /M] (20*40 സ്ക്വയർ പൈപ്പുകൾ ഒഴികെ)	30.57 Kg

പൈപ്പുകൾക്ക് തെറ്റായ ളുക്കം (M/Kg) അനുവദിച്ചത് മൂലമുണ്ടായ അധിക ചെലവ് ചുവടെ ചേർക്കുന്നു.

ഇനം	അനുവദിച്ച ളുക	അനുവദിക്കാവുന്ന ളുക	അധികം നൽകിയ ളുക
ഇനം	18769.79/-	13047.09/-	6753

31.03 (10.26.3)	[(100.266 Kg * 187.20 രൂപ/ Kg) + (18% GST)]	[(69.696 Kg * 187.20 രൂപ/ Kg)}	(5722.70+18% GST) 6.9% Centage Charge+18% GST On Centage Charge) (6752+504=7256)
		അക്രഡിറ്റഡ് ഏജൻസിക്ക് അധികം അനുവദിച്ചത്	

2. പ്രൊഫൈൽ ഷീറ്റ് മൂല്യ നിർണ്ണയത്തിലെ അധിക ചെലവ്.

എസ്റ്റിമേറ്റിലെ ഇനം 31.04 പ്രകാരം കെട്ടിടത്തിന്റെ ഹാളിലേക്ക് കയറുന്ന മുകൾ ഭാഗത്ത് പ്രൊഫൈൽ ഷീറ്റ് വിരിച്ചിട്ടുണ്ട് (DSR Spec Code 12.50). അളവ് പുസ്തക പ്രകാരം പ്രവൃത്തിയിൽ 0.50 Mm കനം ഉള്ള പ്രൊഫൈൽ ഷീറ്റ് പ്രവൃത്തിക്ക് ഉപയോഗിച്ചതിന് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ സൈറ്റ് പരിശോധനയിൽ പ്രവൃത്തിയിൽ 0.35 Mm കനം ഉള്ള പ്രൊഫൈൽ ഷീറ്റ് ആണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് ഷീറ്റിലെ പ്രിന്റ് കണ്ട് ബോധ്യപ്പെട്ടു. എന്നാൽ 0.50 Mm കനം ഉള്ള പ്രൊഫൈൽ ഷീറ്റ് ഉപയോഗിച്ച് പ്രവൃത്തി ചെയ്തതായി മൂല്യ നിർണ്ണയും നടത്തി തുക അനുവദിച്ചിട്ടുണ്ട്. തെറ്റായ മൂല്യ നിർണ്ണയം മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

A. കരാറുകാരന് നൽകിയ തുകയിലെ അധിക ചെലവ്.

ഇനം	ആകെ വിസ്തീർണം (M^2)	അനുവദിച്ച തുക	അനുവദിക്കാവുന്ന തുക	അധികം നൽകിയ തുക
ഇനം 31.04	29.221 M^2	21720.85/- [(29.221 M^2) *(743.33)]	16524.47/- [(29.221 M^2) *(565.50)]	6132 (5196.38+18%GST)

3. ഇനം 31.08 ആയി 80mm കനമുള്ള സിമന്റ് ബ്ലോക്ക് ഉപയോഗിച്ച് ഇന്റർലോക്ക് ചെയ്തതായി രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി 60mm - 63mm കനമുള്ള സിമന്റ് ബ്ലോക്ക് ഉപയോഗിച്ചാണ് നിർവ്വഹിച്ചിട്ടുള്ളത് എന്ന് പ്രവൃത്തി നേരിൽ പരിശോധിച്ചപ്പോൾ വ്യക്തമായി. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ആകെ വിസ്തീർണം (M^2)	അനുവദിച്ച തുക	അനുവദിക്കാവുന്ന തുക	അധികം നൽകിയ തുക
ഇനം 31.08	151.384 M^2	178574.08/- [(151.384m^2) *(1179.61)	154090.74/- [(151.384 M^2) *(1017.88)	28890 (24483.34+18%GST)

4. ഇനം 31.02 ആയി സ്റ്റീൽ വർക്ക് ചെയ്തതിന് 10.16.1 പ്രകാരമുള്ള നിരക്ക് വച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് GI പൈപ്പ് ഉപയോഗിച്ചുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് പ്രവൃത്തി നേരിൽ പരിശോധിച്ചപ്പോൾ വ്യക്തമായി. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	അനുവദിച്ച തുക	അനുവദിക്കാവുന്ന തുക	അധികം നൽകിയ തുക
ഇനം 31.02	33438.91/- [(196.850 Kg) *(169.87/Kg)	30175.13/- [(196.850 M^2) *(153.29/Kg)	3851 (3263.78+18%GST)

മേൽ പ്രവൃത്തിയിൽ കരാറുകാരന് അധികം അനുവദിച്ച ഉകയും അക്രഡിക്ടഡ് ഏജൻസിക്ക് അധികം അനുവദിച്ച ഉകയും താഴെ പറയുന്നു.

കരാറുകാരന് പ്രവൃത്തിയിൽ അധികം അനുവദിച്ചത് - 45626

അക്രഡിക്ടഡ് ഏജൻസിക്ക് അധികം അനുവദിച്ചത് - 3148

(5722.70+5196.38+24483.34+ 3263.78 = 38666.20x6.9% Centage Charge=2668+18 GST On Centage Charge=3148)

പ്രവൃത്തിയിൽ ആകെ അധികം അനുവദിച്ച ഉക - 48,774 രൂപ

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ചെയ്യാത്തത് കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ച്ചയായും, തെറ്റായി മൂല്യ നിർണ്ണയം നടത്തിയത് അക്രഡക്ടഡ് ഏജൻസിയുടെ ഭാഗത്തുനിന്നുള്ള വീഴ്ച്ചയായും ഓഡിറ്റ് വിലയിരുത്തുന്നു. ഓഡിറ്റ് പരാമർശത്തിന് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയെ (Audit Enquiry No.54/09.03.2026) തുടർന്ന് കരാറുകാരന് അധികം നൽകിയ **45626**/-രൂപ R-M100700-25032508/10.3.26 നമ്പർ രസീതി പ്രകാരവും, സെന്റേജ് ചാർജ് ഇനത്തിൽ അക്രഡിക്ടഡ് ഏജൻസിക്ക് അധികം നൽകിയ **3148**/-രൂപ R-M100700-25032553/10.3.26 നമ്പർ രസീതി പ്രകാരവും, നഗരസഭ ഫണ്ടിൽ തിരിച്ചടവാക്കി.

ഓഡിറ്റ് പരാമർശം/ നിർദ്ദേശം.

നഗരസഭ എൻജിനീയറിംഗ് വിംഗിന്റെ ജോലി ഭാരം പരിഗണിച്ചാണ് ഇത്തരം പ്രൊജക്ടുകൾ അക്രഡിക്ടഡ് ഏജൻസികൾ മുഖേന നിർവ്വഹണം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്. അക്രഡിക്ടഡ് ഏജൻസികൾ മുഖേന നിർവ്വഹണം നടത്തുന്ന സാഹചര്യത്തിൽ ഏജൻസികൾക്ക് നൽകുന്ന സെന്റേജ് ചാർജ് മൂലം പദ്ധതി ചെലവിന്റെ 6.9% ശതമാനത്തോളം അധിക ചെലവ് നഗരസഭക്ക് ഉണ്ടാവുന്നുണ്ട്.

18.04.2021 തിയ്യതിയിലെ GO(P)No.67/2021/Fin സർക്കാർ ഉത്തരവ് പ്രകാരം നഗരസഭക്ക് വേണ്ടി മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട Planning, Design, Preparation Of Drawings, Detailed Estimates And DPR, Preparation Of Tender Documents, Evaluation Tenders, Award Of Work And Execution Of Contract, Supervision, Quality Control, Measurement, Check Measurement, Preparation And Passing Of Contract Bills എന്നീ സേവനങ്ങൾ നൽകുന്നതിന് വേണ്ടിയാണ് സെന്റേജ് ചാർജ് നൽകുന്നത്. മേൽ സേവനങ്ങളിൽ പ്രത്യേകിച്ച് Supervision, Measurement, Check Measurement എന്നിവയിൽ വീഴ്ചയുണ്ടായിട്ടുണ്ട്. അക്രഡിക്ടഡ് ഏജൻസിയുടെ ഭാഗത്തുനുണ്ടായിട്ടുള്ള വീഴ്ച്ചയിന്മേൽ വിശദീകരണം ഭരണ സമിതിക്ക് നൽകേണ്ടതാണ്. ആയതിന്മേൽ ഭരണസമിതിയുടെ അഭിപ്രായം/ തീരുമാനം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-40 റോഡ് കോൺക്രീറ്റിങ് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി-ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി 144845 രൂപ തിരിച്ചടവാക്കി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ ഭാഗമായി റോഡ് കോൺക്രീറ്റ് ചെയ്തതിന് MoRD സ്പെസിഫിക്കേഷൻ അംഗീകൃത ഒബ്സർവ്ഡ് കോഡ് 75.8.1 പ്രകാരമുള്ള നിരക്കാണ് നല്കിയിട്ടുള്ളത്. ഈ ഡാറ്റയിൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തിക്കുള്ള നിരക്കും ഉൾപെടുന്നുണ്ട്. Project Management Consultancy ആയി FOREST INDUSTRIES TRAVANCORE LIMITED (FIT) അക്രഡിറ്റഡ് ഏജൻസി മുഖേനയാണ് പ്രവൃത്തികൾ നടപ്പാക്കിയിട്ടുള്ളത്.

എന്നാൽ ചുവടെ കാണിച്ച പ്രവൃത്തികളിൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തി ചെയ്തിട്ടില്ല എന്ന് പ്രവൃത്തി ചെയ്ത FIT യിലെ അസി.എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 6.3.26 ന് പ്രവൃത്തികൾ നേരിൽ പരിശോധിച്ചപ്പോൾ വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രവൃത്തി	സിമന്റ് കോൺക്രീറ്റ് അളവ്	നൽകിയ ഉക	നൽകാവുന്ന ഉക	അധികം (18%GST അടക്കം)
1	പാപ്പായി ചോലമാട് റോഡ് കോൺക്രീറ്റ് (350/25) മൂല്യനിർണ്ണയം- 795362.07 ഫണ്ട്- തനത് വൗച്ചർ-24000901/17.2.25 കരാർ 05/7.1.2025	67.34m^3	562871.65 @8358.28/ M^3	541200.13 @8036.83/ M^3	25572 (21671.52+18% GST)

	അളവ് പുസ്തകം 61/24-25 കോൺട്രാക്ടർ ശ്രീ.അമീറലി.എൻ കോസ്റ്റ് ഇൻഡക്സ് 36.44%				
2	ചെനക്കപ്പാറ കാലടി റോഡ് കോൺക്രീറ്റ് (369/25) മൂല്യനിർണ്ണയം- 334984 ഫണ്ട്- തനത് വൗച്ചർ-25001390/31.3.25 കരാർ 05/7.1.2025 അളവ് പുസ്തകം 44/24-25 കോൺട്രാക്ടർ ശ്രീ.അമീറലി.എൻ കോസ്റ്റ് ഇൻഡക്സ് 36.44%	28.363m^3	237065.90 @8358.28/ M^3	227948.60 @8036.83/ M^3	10758 (9117.30+18% GST)
3	മുണ്ടിയൻതറ കുറുക്കൻകുണ്ട് റോഡ് കോൺക്രീറ്റ് (347/25) മൂല്യനിർണ്ണയം- 495758.69 ഫണ്ട്- തനത് വൗച്ചർ-24000902/17.3.25 കരാർ 05/7.1.2025 അളവ് പുസ്തകം 58/24-25 കോൺട്രാക്ടർ ശ്രീ.അമീറലി.എൻ കോസ്റ്റ് ഇൻഡക്സ് 36.44%	42.015m^3	351173.13 @8358.28/ M^3	337667.41 @8036.83/ M^3	15937 (13505.72+18% GST)
4	കാവതികളം കോട്ടപ്പറമ്പ് റോഡ് കോൺക്രീറ്റ് (373/25) മൂല്യനിർണ്ണയം- 439180.57 ഫണ്ട്- തനത് വൗച്ചർ-24001048/31.3.25 കരാർ 05/7.1.2025 അളവ് പുസ്തകം 55/24-25 കോൺട്രാക്ടർ ശ്രീ.അമീറലി.എൻ കോസ്റ്റ് ഇൻഡക്സ് 36.44%	37.185 M^3	310804.73 @8358.28/ M^3	298849.52 @8036.83/ M^3	14107 (11955.21+18% GST)
5	കോലേത്ത് പറങ്കിമൂച്ചി റോഡ് കോൺക്രീറ്റ് (378/25) മൂല്യനിർണ്ണയം- 495132.77 ഫണ്ട്- തനത് വൗച്ചർ-24001046/31.3.25 കരാർ 05/7.1.2025 അളവ് പുസ്തകം 59/24-25 കോൺട്രാക്ടർ ശ്രീ.അമീറലി.എൻ കോസ്റ്റ് ഇൻഡക്സ് 36.44%	42.250 M^3	353137.33 @8358.28/ M^3	339556.06 @8036.83/ M^3	16026 (13581.27+18% GST)
6	മൂച്ചിക്കുടത്തിൽ റോഡ് കോൺക്രീറ്റ് (344/25)	37.800 M^3	315942.98 @8358.28/	303792.17 @8036.83/	14338 (12150.81+18%

	മൂല്യനിർണ്ണയം- 446441.15 ഫണ്ട്- തനത് വൗച്ചർ-24000899/31.3.25 കരാർ 06/7.1.2025 (Cluster 2) അളവ് പുസ്തകം 78/24-25 കോൺട്രാക്ടർ ശ്രീ.അമീറലി.എൻ കോസ്റ്റ് ഇൻഡക്സ് 36.44%		M^3	M^3	GST)
7	കമ്മിറ്റി പീടിക മാളിയേങ്ങൽ റോഡ് കോൺക്രീറ്റ് (444/25) മൂല്യനിർണ്ണയം- 528147 ഫണ്ട്- MG® BRN-2415174700901311499/11.2.25 കരാർ 05/7.1.2025 അളവ് പുസ്തകം 65/24-25 കോൺട്രാക്ടർ ശ്രീ.അമീറലി.എൻ കോസ്റ്റ് ഇൻഡക്സ് 36.44%	48.959 M^3	409215.12 @8358.28/ M^3	393475.15 @8036.83/ M^3	18573 (15739.97+18% GST)
8	സൂപ്പിബസാർ നന്തയിൽ പറമ്പ് റോഡ് കോൺക്രീറ്റ് (419/25) മൂല്യനിർണ്ണയം- 299141.02 ഫണ്ട്- തനത് വൗച്ചർ-24001079/25.3.25 കരാർ 05/7.1.2025 അളവ് പുസ്തകം 168/24-25 കോൺട്രാക്ടർ ശ്രീ.അമീറലി.എൻ കോസ്റ്റ് ഇൻഡക്സ് 36.44%	25.155 M^3	210252.53 @8358.28/ M^3	202166.45 @8036.83/ M^3	9542 (8086.07+18% GST)
9	നരസിംഹ മൂർത്തി ടെമ്പിൾ റോഡ് കോൺക്രീറ്റ് (161/25) മൂല്യനിർണ്ണയം- 298928 ഫണ്ട്- MG® BRN-2415174700901311512/11.2.25 കരാർ 05/7.1.2025 അളവ് പുസ്തകം 70/24-25 കോൺട്രാക്ടർ ശ്രീ.അമീറലി.എൻ കോസ്റ്റ് ഇൻഡക്സ് 36.44%	28.073 M^3	234637.82 @8358.28/ M^3	225617.92 @8036.83/ M^3	10643 (9019.90+18% GST)
ആകെ					135496
FIT ക്ക് Centage Charge ഇനത്തിൽ അധികം നൽകിയത് - 9349 (114827.77 X 6.9% Centage Charge + GST On Centage Charge)					9349
പ്രവൃത്തികളിൽ ആകെ അധികം നൽകിയത്					144845

മേൽ പ്രവൃത്തിയിൽ കരാറുകാരന് അധികം അനുവദിച്ച തുകയും അക്രഡിറ്റഡ് ഏജൻസിക്ക് അധികം അനുവദിച്ച തുകയും താഴെ പറയുന്നു.

കരാറുകാരന് പ്രവൃത്തിയിൽ അധികം അനുവദിച്ചത് - 135496

അക്രഡിക്കുഡ് ഏജൻസിക്ക് അധികം അനുവദിച്ചത് - 9349

പ്രവൃത്തിയിൽ ആകെ അധികം അനുവദിച്ച തുക – 144845 രൂപ

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ചെയ്യാത്തത് കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ച്ചയായും, തെറ്റായി മൂല്യ നിർണ്ണയം നടത്തിയത് അക്രഡുക്കുഡ് ഏജൻസിയുടെ ഭാഗത്തുനിന്നുള്ള വീഴ്ച്ചയായും ഓഡിറ്റ് വിലയിരുത്തുന്നു. ഓഡിറ്റ് പരാമർശത്തിന് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയെ (Audit Enquiry No.55/09.03.2026) തുടർന്ന് കരാറുകാരന് അധികം നൽകിയ 135496/-രൂപ R-M100700-25032542/10.3.26 നമ്പർ രസീതി പ്രകാരവും, സെന്റേജ് ചാർജ് ഇനത്തിൽ അക്രഡിക്കുഡ് ഏജൻസിക്ക് അധികം നൽകിയ 9349/-രൂപ R-M100700-25032553/10.3.26 നമ്പർ രസീതി പ്രകാരവും, നഗരസഭ ഫണ്ടിൽ തിരിച്ചടവാക്കി.

ഓഡിറ്റ് പരാമർശം/ നിർദ്ദേശം.

അക്രഡിക്കുഡ് ഏജൻസികൾ മുഖേന നിർവ്വഹണം നടത്തുന്ന സാഹചര്യത്തിൽ ഏജൻസികൾക്ക് നൽകുന്ന സെന്റേജ് ചാർജ് മൂലം പദ്ധതി ചെലവിന്റെ 6.9% ശതമാനത്തോളം അധിക ചെലവ് നഗരസഭക്ക് ഉണ്ടാവുന്നുണ്ട്.

18.04.2021 തിയ്യതിയിലെ GO(P)No.67/2021/Fin സർക്കാർ ഉത്തരവ് പ്രകാരം നഗരസഭക്ക് വേണ്ടി മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട Planning, Design, Preparation Of Drawings, Detailed Estimates And DPR, Preparation Of Tender Documents, Evaluation Tenders, Award Of Work And Execution Of Contract, Supervision, Quality Control, Measurement, Check Measurement, Preparation And Passing Of Contract Bills എന്നീ സേവനങ്ങൾ നൽകുന്നതിന് വേണ്ടിയാണ് സെന്റേജ് ചാർജ് നൽകുന്നത്. മേൽ സേവനങ്ങളിൽ പ്രത്യേകിച്ച് Supervision, Measurement, Check Measurement എന്നിവയിൽ വീഴ്ച്ചയുണ്ടായിട്ടുണ്ട്. അക്രഡിക്കുഡ് ഏജൻസിയുടെ ഭാഗത്തുനുണ്ടായിട്ടുള്ള വീഴ്ച്ചയിന്മേൽ വിശദീകരണം ഭരണ സമിതിക്ക് നൽകേണ്ടതാണ്. ആയതിന്മേൽ ഭരണസമിതിയുടെ അഭിപ്രായം/ തീരുമാനം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-41 ആലിക്കൽ സബ് സെന്റർ പുനരുദ്ധാരണം – പിഴ ഈടാക്കിയില്ല

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തി നിശ്ചിത സമയപരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. കരാർ പ്രകാരം ഈടാക്കേണ്ട പിഴ പലിശ ഈടാക്കാതെ കരാറുകാരന് പേമെന്റ് അനുവദിച്ചത് ക്രമപ്രകാരം അല്ല.

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല. ഉദ്ദേശ സ്വയംഭരണവകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നാണ് നിർദേശിച്ചിട്ടുള്ളത്. ഇക്കാര്യം കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തി	സൈറ്റ് കൈമാറിയ തിയ്യതി	പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയ്യതി	ഈടാക്കേണ്ട പിഴ
ആലിക്കൽ സബ്സെന്റർ പുനരുദ്ധാരണം പ്രോജക്ട് നമ്പർ - SO231/25 ഫണ്ട് - CSS Fund കരാറുകാരൻ -	25.6.23	24.12.23	25.12.23-24.3.24 = 5327 25.3.24-24.6.24 =

PP.സിറാജുദ്ദീൻ അളവ് പുസ്തകം - E Mbook കരാർ - 14/ 15.6.23 മൂല്യനിർണ്ണയം - 457311 വൗച്ചർ നമ്പർ - P-M100700-25000056/31.3.25 DSR 2018 – C I- 36.44% PRICE ID- 90211/2022 സാങ്കേതികാനുമതി- 111855/23.3.23- 7,00,000 PAC- 532709 പ്രവൃത്തി പൂർത്തീകരണ കാലയളവ് - 6 മാസം (As Per LOA) പ്രവൃത്തി പൂർത്തീകരിച്ച തിയതി -01.01.25			10654 25.6.24-24.9.24 = 10654 25.9.24-24.12.24 = 10654 25.12.24-01.01.25 = 947 ആകെ - 38,236

പിഴയിനത്തിൽ ഈടാക്കേണ്ട തുക - 38,236 രൂപ

പിഴയിനത്തിൽ ഈടാക്കിയ തുക - 5328 രൂപ

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയ തുക 32908 രൂപ

പ്രവൃത്തി സമയം ദീർഘിപ്പിച്ച് നൽകുവാൻ പല തവണയായി കരാറുകാരൻ താഴെ പറയും പ്രകാരം അപേക്ഷിച്ചിട്ടുണ്ടെങ്കിലും താഴെ പറയുന്ന പട്ടികയിലെ കോളം 4 ൽ പറയുന്ന കാരണങ്ങളാൽ പിഴ ഈടാക്കാതെ പ്രവൃത്തി കാലയളവ് ദീർഘിപ്പിച്ച് നൽകിയത് അനുവദിക്കുന്നില്ല. കൂടാതെ പ്രവൃത്തി സമയം നീട്ടി നൽകുന്നതിന് ഭരണ സമിതിയുടെ തീരുമാനവും ഇല്ല.

1	18.12.2023 ലെ കരാറുകരന്റെ കത്ത്	നിലവിൽ പ്രവർത്തിച്ച് പോരുന്ന സബ്സെന്ററിന്റെ പ്രവർത്തനം മറ്റൊരിടത്തേക്ക് മാറ്റി സൈറ്റ് പ്രവൃത്തിക്ക് അനുയോജ്യമാക്കാൻ കാലതാമസം നേരിട്ടു. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 24.04.24 വരെ സമയം അനുവദിക്കണമെന്ന് അപേക്ഷിച്ചു. (മുനിസിപ്പൽ എഞ്ചിനീയർ 7.2.24 വരെ സമയം നീട്ടി നൽകി.)	തടസ്സങ്ങൾ നീക്കിയതിന് ശേഷം മാത്രമാണ് സൈറ്റ് ഹാൻഡ് ഓവർ ചെയ്യേണ്ടതും കരാറുകാരൻ വാങ്ങേണ്ടതും.
2	6.12.2024 ലെ കരാറുകരന്റെ കത്ത്	മഴ കാരണം പ്രവൃത്തി തടസ്സപ്പെട്ടു. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 31.03.24 വരെ സമയം അനുവദിക്കണമെന്ന് അപേക്ഷിച്ചു.	കാലാവസ്ഥ ഘടകങ്ങൾ കൂടി പരിഗണിച്ചതിന് ശേഷം മാത്രമാണ് പ്രവൃത്തിക്ക് ആവശ്യമായ സമയം

		(മുനിസിപ്പൽ എഞ്ചിനീയർ 31.3.24 വരെ സമയം നീട്ടി നൽകി.)	അനുവദിക്കുന്നത്.
3	30.3.2024 ലെ കരാറുകരന്റെ കത്ത്	പ്രവൃത്തിക്കാവശ്യമായ മെറ്റീരിയൽസ് ലഭിക്കാത്ത സാഹചര്യം ഉണ്ടായി. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 30.06.24 വരെ സമയം അനുവദിക്കണമെന്ന് അപേക്ഷിച്ചു. (മുനിസിപ്പൽ എഞ്ചിനീയർ 30.06.24 വരെ സമയം നീട്ടി നൽകി.)	പ്രവൃത്തിക്കാവശ്യമായ മെറ്റീരിയൽസ് ഉറപ്പാക്കേണ്ടത് കരാറുകാരന്റെ ബാധ്യതയാണ്.
4	20.6.2024 ലെ കരാറുകരന്റെ കത്ത് (10.7/24 ലെ കത്ത് തിയതി വെട്ടിമാറ്റി 20.6.2024 എന്നാക്കി)	കെട്ടിടത്തിൽ നിലവിലുള്ള വൈദ്യുതി കണക്ഷൻ ഉള്ള പൈപ്പുകളും കേബിളുകളും പ്രവൃത്തിക്ക് തടസ്സമായി നിൽക്കുന്നു. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 22.10.24 വരെ സമയം അനുവദിക്കണമെന്ന് അപേക്ഷിച്ചു. (മുനിസിപ്പൽ എഞ്ചിനീയർ 1% പിഴയോടു കൂടി 30.09.24 വരെ സമയം നീട്ടി നൽകി.)	തടസ്സങ്ങൾ നീക്കിയതിന് ശേഷം മാത്രമാണ് സൈറ്റ് ഹാൻഡ് ഓവർ ചെയ്യേണ്ടതും കരാറുകാരൻ വാങ്ങേണ്ടതും.
5	28.9.2024 ലെ കരാറുകരന്റെ കത്ത് (14.10/24 ലെ കത്ത് തിയതി വെട്ടിമാറ്റി 28.9.2024 എന്നാക്കി)	കെട്ടിടത്തിൽ നിലവിലുള്ള വൈദ്യുതി കണക്ഷൻ ഉള്ള പൈപ്പുകളും കേബിളുകളും പ്രവൃത്തിക്ക് തടസ്സമായി നിൽക്കുന്നു. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 22.01.25 വരെ സമയം അനുവദിക്കണമെന്ന് അപേക്ഷിച്ചു. (മുനിസിപ്പൽ എഞ്ചിനീയർ 10.01.25 വരെ സമയം നീട്ടി നൽകി.)	തടസ്സങ്ങൾ നീക്കിയതിന് ശേഷം മാത്രമാണ് സൈറ്റ് ഹാൻഡ് ഓവർ ചെയ്യേണ്ടതും കരാറുകാരൻ വാങ്ങേണ്ടതും.

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (58/9.3.26) മറുപടി

ലഭ്യമാക്കിയില്ല. മേൽ അപാകതക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ് അല്ലാത്തപക്ഷം ഴയിനത്തിലുള്ള നഷ്ടം 32908 രൂപ ഈടാക്കേണ്ടതാണ്.

1-42 മുനിസിപ്പൽ എഞ്ചിനീയർ - ടെണ്ടർ ഫീ നഗരസഭയിലേക്ക് നൽകിയിട്ടില്ല

എൽ.എസ്.ജി.ഡി സെക്ഷൻ മുനിസിപ്പൽ എഞ്ചിനിയറുടെ പേരിൽ കോട്ടക്കൽ SBI ശാഖയിൽ ഉള്ള 67335418465 നമ്പർ ബാങ്ക് അക്കൗണ്ടിലാണ് ടെണ്ടർ ഫീയിനത്തിലുള്ള വരവുകൾ വരുന്നത്. 31.3.2025 ന് 1,71,737 രൂപ ഈ അക്കൗണ്ടിൽ നീക്കിയിരിപ്പ് ഉണ്ട്. ഇത് ടെണ്ടർ ഫീ ഇനത്തിലുള്ള വരവുകൾ ഉൾപ്പെടെ ആണെന്ന് ബോധ്യപ്പെട്ടു. സാമ്പത്തിക വർഷാവസാനത്തിൽ ടെണ്ടർ ഫീയിനത്തിൽ ലഭിച്ച വരവുകൾ മുഴുവനായും നഗരസഭയിലേക്ക് കൈമാറേണ്ടതായിരുന്നുവെങ്കിലും ആയത് പാലിച്ചിട്ടില്ല. അതുകൊണ്ട് തന്നെ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ വാർഷിക കണക്ക് തയ്യാറാക്കിയപ്പോൾ തൻവർഷത്തിൽ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച എല്ലാ വരവുകളും ഉൾപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി. 28.02.2026 ന് മേൽ അക്കൗണ്ടിൽ 3,27,321 രൂപ നീക്കിയിരിപ്പ് ഉണ്ട്.

അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (73/11.3.26) മറുപടി ലഭ്യമാക്കിയില്ല. ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച വരവുകൾ മുഴുവനായും നഗരസഭയിലേക്ക് കൈമാറി വിവരം അറിയിക്കേണ്ടതാണ്.

1-43 തൊഴിൽ നികുതി - അപാകതകൾ

2024-2025 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ(എംപ്ലോയീസ്), തൊഴിൽ നികുതി ഒടുക്ക് വരുത്തേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ തൊഴിൽ നികുതി പൂർണ്ണമായി പിരിച്ചെടുത്തതായി കാണുന്നില്ല. തൊഴിൽ നികുതി ഒടുക്കു വരുത്താത്ത സ്ഥാപനങ്ങൾ/ വ്യക്തികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	രജിസ്റ്ററിലെ ക്രമ നം.	വ്യക്തി/ സ്ഥാപനം	കാലയളവ്
1	രജിസ്റ്ററിൽ ചേർത്തിട്ടില്ല	The Longue Cafe Beyond	ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ
2	രജിസ്റ്ററിൽ ചേർത്തിട്ടില്ല	Muthoot Fin Corps , Changuvetty	രണ്ടാം അർദ്ധ വർഷം
3	രജിസ്റ്ററിൽ ചേർത്തിട്ടില്ല	Earnad Hallmark Centre	ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ
4	രജിസ്റ്ററിൽ ചേർത്തിട്ടില്ല	KNF Group Ready Made Shop	ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ
5	രജിസ്റ്ററിൽ ചേർത്തിട്ടില്ല	Best Ready Made Centre	ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ
6	രജിസ്റ്ററിൽ ചേർത്തിട്ടില്ല	Avanir Kitchen	ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ
7	രജിസ്റ്ററിൽ ചേർത്തിട്ടില്ല	Wazee Watermate	ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ
8	രജിസ്റ്ററിൽ ചേർത്തിട്ടില്ല	Zeenath Garments	ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ
9	രജിസ്റ്ററിൽ ചേർത്തിട്ടില്ല	Bharath Lajna Multi State Housing Co-Operative Society	ഒന്നാം അർദ്ധ വർഷം
10	രജിസ്റ്ററിൽ ചേർത്തിട്ടില്ല	Green Natural Dental Studio	ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ
11	രജിസ്റ്ററിൽ ചേർത്തിട്ടില്ല	Scot Urban Nidhi Ltd	ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ
12	രജിസ്റ്ററിൽ ചേർത്തിട്ടില്ല	Show Man Gents Wedding	ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ
13	രജിസ്റ്ററിൽ ചേർത്തിട്ടില്ല	Udaya Finance	ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ

14	രജിസ്റ്ററിൽ ചേർത്തിട്ടില്ല	Best Ready Mix Concrete	ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ
15	രജിസ്റ്ററിൽ ചേർത്തിട്ടില്ല	Al Reem Kuzhimanthi	ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ
16	രജിസ്റ്ററിൽ ചേർത്തിട്ടില്ല	MSS College	ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ
17	രജിസ്റ്ററിൽ ചേർത്തിട്ടില്ല	Mahindra And Magindra Finance	ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ
18	രജിസ്റ്ററിൽ ചേർത്തിട്ടില്ല	Al Shifa Dental Clinic	ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ
19	രജിസ്റ്ററിൽ ചേർത്തിട്ടില്ല	IOC Petrol Bank	ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ
20	രജിസ്റ്ററിൽ ചേർത്തിട്ടില്ല	Green Wich Ayurveda	ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ
21	7	Easy Beauty Ready Mades	രണ്ടാം അർദ്ധ വർഷം
22	31	Parag, Chankuvetty	രണ്ടാം അർദ്ധ വർഷം
23	105	Shriram Finance Ltd	രണ്ടാം അർദ്ധ വർഷം
24	125	Kottakkal Co Operative Urban Bank Ltd, Changuvetty	രണ്ടാം അർദ്ധ വർഷം
25	151	Sub Treasury Kottakkal	രണ്ടാം അർദ്ധ വർഷം
26	197	Medere Dental Clinic And Ayurvedic Clinic	രണ്ടാം അർദ്ധ വർഷം
27	200	Shifa Dental Care	രണ്ടാം അർദ്ധ വർഷം
28	290	Ahalia Fin	ഒന്നാം അർദ്ധ വർഷം

മറ്റു അപാകതകൾ ചുവടെ ചേർക്കുന്നു.

1. ക്രമ നമ്പർ 1 മുതൽ 20 വരെയുള്ള സ്ഥാപനങ്ങളുടെയും, തൊഴിൽ നികുതി അടവാക്കിയ മറ്റു 20 സ്ഥാപനങ്ങളുടെയും പേര് വിവരങ്ങൾ തൊഴിൽ നികുതി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

2. നഗരസഭ സൂക്ഷിക്കുന്ന തൊഴിൽ നികുതി ഒടുക്ക് വരുത്തേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റിൽ 249 സ്ഥാപനങ്ങളുടെ വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ രജിസ്റ്ററിൽ 291 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ വിവരങ്ങൾ ചേർത്തിട്ടുണ്ട്. സ്ഥാപനങ്ങളുടെ / വ്യക്തികളുടെ കൃത്യമായ വിവരം ലഭ്യമല്ല.

3. 2024-2025 വർഷത്തെ വാർഷിക കണക്കിൽ 1,34,73,966 രൂപ തൊഴിൽ നികുതി (എംപ്ലോയീസ്) ഇനത്തിൽ വരവുണ്ട്. എന്നാൽ രജിസ്റ്ററിൽ , തൊഴിൽ നികുതി (എംപ്ലോയീസ്) ഡി സി ബി സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ പരാമർശിച്ച സ്ഥാപനങ്ങൾ / വ്യക്തികൾ 2024-2025 വർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ടി വിവരങ്ങളും, ഈടാക്കാൻ അവശേഷിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാൻ നഗരസഭ സ്വീകരിച്ച നടപടി വിവരങ്ങളും അറിയിക്കുന്നതോടൊപ്പം, ക്രമ നം 1,2,3 എന്നിവ പ്രകാരമുള്ള അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/02.03.2026 ന് മറുപടിയായി തൊഴിൽ നികുതി അടവാക്കുവാൻ അവശേഷിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് തയ്യാറാക്കി നൽകുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചു. മറ്റു അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടിശ്ശിക ഈടാക്കി അറിയിക്കുന്നതോടൊപ്പം, ക്രമ നം. 1,2,3 എന്നിവ പ്രകാരമുള്ള അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-44 തൊഴിൽ നികുതി (ട്രേഡേഴ്സ്) പൂർണ്ണമായി ഈടാക്കിയിട്ടില്ല

2024-2025 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ (ട്രേഡേഴ്സ്) പരിശോധിച്ചതിൽ തൊഴിൽ നികുതി പൂർണ്ണമായി പിരിച്ചെടുത്തതായി കാണുന്നില്ല. നഗരസഭയിലെ തൊഴിൽ നികുതി (ട്രേഡേഴ്സ്) ഇനത്തിൽ ഈടാക്കിയ തുകയുടേയും ഒടുക്കു വരുത്താൻ അവശേഷിക്കുന്ന തുകയുടേയും വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ്	രജിസ്റ്റർ പ്രകാരം	രജിസ്റ്റർ പ്രകാരം	ഈടാക്കുവാൻ

നം	ഈടാക്കാനുള്ള തൊഴിൽ നികുതി	ഈടാക്കിയ തൊഴിൽ നികുതി	അവശേഷിക്കുന്ന തുക
1	4,45,990	3,24,040	1,21,950
2	1,90,960	1,68,210	22,750
3	9,56,620	6,78,710	2,77,910
4	7,22,550	5,63,170	1,59,380
5	1,07,440	72,520	34,920
6	1,07,020	76,420	30,600
7	20,230	14,600	5,630
8	16,030	11,180	4,850
9	16,400	15,200	1,200
10	11,750	9,600	2,150
11	19,850	6,850	13,000
12	4,230	2,130	2,100
13	13,400	11,900	1,500
14	6,710	3,710	3,000
15	20,680	12,330	8,350
16	32,130	24,380	7,750
17	38,210	29,830	8,380
18	81,470	66,390	15,080
19	3,900	1,800	2,100
20	44,880	29,150	15,730
21	17,050	9,450	7,600
22	26,410	21,580	4,830
23	11,330	8,830	2,500
24	72,850	40,000	32,850
25	32,900	25,450	7,450
26	15,030	9,530	5,500
27	83,210	55,730	27,480
28	1,11,350	91,100	20,250
29	4,600	900	3,700
30	30,890	22,840	8,050
31	1,03,600	72,600	31,000
32	1,24,470	1,04,170	20,300
ആകെ	34,94,140	25,84,300	9,09,840

മേൽ പരാമർശിച്ചത് പ്രകാരം ആകെ 9,09,840 രൂപ, 31.03.2025 തീയതിയിൽ സ്ഥാപനങ്ങളിൽ / വ്യക്തികളിൽ നിന്നും തൊഴിൽ നികുതി (ട്രേഡേഴ്സ്) ഇനത്തിൽ ഈടാക്കുവാൻ അവശേഷിക്കുന്നുണ്ട്. 31.03.2025 ന് ശേഷം 2024-2025 വർഷത്തെ തൊഴിൽ നികുതി (ട്രേഡേഴ്സ്) കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ടി വിവരങ്ങളും, അവശേഷിക്കുന്ന കുടിശ്ശിക ഈടാക്കുവാൻ നഗരസഭ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങളും അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 09/28.02.2026 ന് മറുപടിയായി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് തയ്യാറാക്കി നൽകിയതായും 25.02.2026 തീയതി വരെ 6,61,809 രൂപ പിരിച്ചെടുത്തതായും, അവശേഷിക്കുന്ന് കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഊർജ്ജിത നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചു. പിരിച്ചെടുക്കാൻ അവശേഷിക്കുന്ന 2,48,031 രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

1-45 തരിശു ഭൂമി കൃഷി യോഗ്യമാക്കൽ-മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രോജക്ട് നം, പേര്	:	551/2025 – തരിശ്ശു ഭൂമി കൃഷിയോഗ്യമാക്കൽ
അടങ്കൽ	:	₹1,00,000 തനത് ഫണ്ട്
ആകെ ചെലവ്/ വൗച്ചർ	:	₹24,896 24000568/ 04.01.2025

2024-2025 വർഷം കൃഷി ഓഫീസർ നിർവഹണം നടത്തിയ തരിശ്ശു ഭൂമി കൃഷിയോഗ്യമാക്കൽ എന്ന പദ്ധതി പ്രകാരം നഗരസഭ പരിധിയിലെ 4 ഗുണഭോക്താക്കൾക്കായി തരിശ്ശു കൃഷിക്കായി ആകെ ₹24,896 ധനസഹായം നൽകിയിട്ടുണ്ട് . സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം തരിശ്ശു കൃഷിക്കായി ധനസഹായം നൽകുന്നതിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങളിൽ ചിലത് ചുവടെ ചേർക്കുന്നു .

1. മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവൃത്തികൾ ചെയ്തിട്ടില്ലാത്ത ഭൂമിയെ ആണ് തരിശ് ഭൂമി ആയി പരിഗണിക്കേണ്ടത്. ഇത് ബന്ധപ്പെട്ട കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തണം.

2. തരിശ് ഭൂമിയിലെ ആദ്യ കൃഷിക്കു മാത്രമാണ് ഈ ആനുകൂല്യം നൽകാവുന്നത്.

3. നിർദ്ദേശിച്ചിട്ടുള്ള ആനുകൂല്യം രണ്ട് തവണകളായി നൽകാം. ആദ്യ തവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടാം തവണ സീസൺ പകുതി ആകുമ്പോൾ പരിശോധനയ്ക്ക് ശേഷവും നല്കാവുന്നതാണ്.

4. തരിശ്ഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പൂർണ്ണമായി ഉപയോഗപ്പെടുത്തണം. തരിശ്ഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുകയാണെങ്കിൽ സ്ഥിരം കൃഷിക്കുള്ള (Regular Farming) സഹായമേ അനുവദിക്കാവൂ.

5. വിളകളെ സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷുറൻസ് സ്കീമിന്റെ ഭാഗമാക്കേണ്ടതാണ്..

6. പാട്ടകൃഷിയാണെങ്കിൽ പാട്ടത്തിനെടുത്ത് കൃഷി ചെയ്തതാണെന്ന നിർവഹണ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് വേണ്ടതാണ്.

അപേക്ഷകൾ പരിശോധിച്ചതിൽ പദ്ധതി പ്രകാരം ധനസഹായം നൽകിയതിൽ മേൽ പരാമർശിച്ച വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല. ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും, ചെലവ് രേഖകൾ പ്രകാരം പദ്ധതിക്കായി വിനിയോഗിച്ച ₹24,896 -യുടെ വിശദാംശങ്ങൾ കൃഷി ഓഫീസറുടെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്താത്തതിന്റെ കാരണം അറിയിക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 43/06.03.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, പദ്ധതി നിർവഹണത്തിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവു തുക ₹24,896 തടസ്സം ചെയ്യുന്നു.

1-46 സമഗ്ര തെങ്ങ് കൃഷി വികസനം- അപാകതകൾ

പ്രോജക്ട് നം, പേര്	:	77/2025 – സമഗ്ര തെങ്ങ് കൃഷി വികസനം
അടങ്കൽ	:	₹11,26,945 വികസന ഫണ്ട് ജനറൽ- ₹8,26,945 ഗുണഭോക്തൃ വിഹിതം- ₹3,00,000
ആകെ ചെലവ്	:	₹8,26,945
വൗച്ചർ നം., തീയതി		24000461/ 04.01.2025 (322168) 24000683/ 30.10.2024 (483329) 24000482/ 27.01.2025 (21448)

2024-2025 വർഷം കൃഷി ഓഫീസർ നിർവഹണം നടത്തിയ സമഗ്ര തെങ്ങ് കൃഷി വികസനം എന്ന പദ്ധതി പ്രകാരം നഗരസഭ പരിധിയിലെ 207 ഗുണഭോക്താക്കൾക്കായി കുമ്മായം, ജൈവവളം എന്നിവക്കുള്ള ധനസഹായമായി ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കൾ നേരിട്ട ചെലവഴിക്കുകയും വികസന ഫണ്ടിൽ നിന്നും ആകെ ₹8,26,945 ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കൾ നേരിട്ട ചെലവഴിച്ചതിനാൽ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ വിവരം മാത്രമാണ് സുലേഖ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരമുള്ള അപാകതകൾ കാണുന്നു.

1) സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം ജൈവവളം, കുമ്മായം, ഡോളോമൈറ്റ്, വളർച്ചാത്വരകങ്ങൾ, ജീവാണുവളങ്ങൾ എന്നിവ വാങ്ങിക്കുന്നതിലേക്കായി ജനറൽ വിഭാഗത്തിന് 75 % സബ്സിഡി നൽകാവുന്നതാണെന്നും, പരമാവധി സബ്സിഡി തുക തദ്ദേശ ഭരണ സ്ഥാപനം നിശ്ചയിക്കണം എന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് പ്രകാരം നഗരസഭ നിശ്ചയിച്ച പരമാവധി സബ്സിഡി തുക എത്രയാണെന്ന് വ്യക്തമാക്കിയിട്ടില്ല.

2) കൃഷി സ്ഥലത്തിന്റെ വിസ്തൃതി, വിളകളുടെ എണ്ണം എന്നിവക്ക് അനുസൃതമായാണ് വളം വാങ്ങിക്കേണ്ടതും ആയതു പ്രകാരമുള്ള സബ്സിഡി തുക അനുവദിക്കേണ്ടതും. എന്നാൽ അപേക്ഷകൾക്കൊപ്പം ലാൻഡ് റെവന്യൂ വകുപ്പിന്റെ സ്ഥലത്തിന്റെ കരം അടച്ച രസീത് ഹാജരാക്കുന്നു എന്നതൊഴിച്ചാൽ അപേക്ഷകളിൽ നൽകിയ വിളകളുടെ വിവരങ്ങൾ കൃഷി ഓഫീസർ പരിശോധന നടത്തി ബോധ്യപ്പെട്ട് സാക്ഷ്യപ്പെടുന്നില്ല. കൃഷി അസിസ്റ്റന്റിന്റെ പരിശോധനാ റിപ്പോർട്ടിലോ, നിർവ്വണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തിലോ വിളകളുടെ എണ്ണം, കൃഷി സ്ഥലത്തിന്റെ വിസ്തൃതി എന്നിവയെ സംബന്ധിക്കുന്ന രേഖപ്പെടുത്തൽ കാണുന്നില്ല. ലഭ്യമാക്കിയ ബില്ലുകളുടെ 75% തുക അനുവദിക്കുക മാത്രമാണ് ചെയ്യുന്നത്. മറ്റു സ്ഥല/ വിള പരിശോധനയുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമല്ല.

മേൽ പരാമർശിച്ച വിഷയങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 47/07.03.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതും, മാർഗ്ഗരേഖ പ്രകാരം പദ്ധതി നിർവഹണം നടത്തുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

1-47 വാഴ കൃഷിക്ക് ധനസഹായം- അപാകതകൾ

പ്രോജക്ട് നം, പേര്	:	79/2025 -വാഴ കൃഷിക്ക് ധനസഹായം
അടങ്കൽ	:	₹1,18,694 വികസന ഫണ്ട് ജനറൽ- ₹93,694 ഗുണഭോക്തൃ വിഹിതം- ₹25,000
ആകെ ചെലവ്	:	₹93,694
വൗച്ചർ നം., തീയതി		24000527/ 20.12.2024

2024-2025 വർഷം കൃഷി ഓഫീസർ നിർവഹണം നടത്തിയ വാഴ കൃഷിക്ക് ധനസഹായം എന്ന പദ്ധതി പ്രകാരം നഗരസഭ പരിധിയിലെ 25 ഗുണഭോക്താക്കൾക്കായി വാഴ കൃഷിക്ക് കൂലിച്ചെലവ്, വളം വാങ്ങിയതിലേക്കുള്ള ധനസഹായം എന്നീ ഇനങ്ങളിൽ ആകെ ₹93,694 നൽകിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കൾ നേരിട്ടു ചെലവഴിക്കുകയും വികസന ഫണ്ടിൽ നിന്നും ആകെ ₹93,694 ചെലവഴിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കൾ നേരിട്ടു ചെലവഴിച്ചതിനാൽ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ വിവരം മാത്രമാണ് സുലേഖ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരമുള്ള അപാകതകൾ കാണുന്നു.

1) സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം വിളകളെ സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷുറൻസ് സ്കീമിന്റെ ഭാഗമാക്കേണ്ടതാണ്. എന്നാൽ പരിശോധനക്കായി ലഭ്യമാക്കിയ അപേക്ഷകളോടൊപ്പം ഇൻഷുറൻസ് രേഖകൾ ലഭ്യമല്ല.

2) ധനസഹായത്തിനായി നൽകിയ അപേക്ഷകൾ പരിശോധിച്ചതിൽ 5 അപേക്ഷകരുടെ ബാങ്ക് അക്കൗണ്ട് നമ്പറുകൾ പദ്ധതി ധനസഹായം കൈമാറിയ ബാങ്ക് അക്കൗണ്ട് നമ്പറുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	അപേക്ഷകർ നൽകിയ ബാങ്ക് അക്കൗണ്ട് നമ്പർ	ധനസഹായം കൈമാറിയ ബാങ്ക് അക്കൗണ്ട് നമ്പർ
1	ഹുസൈൻ	57021918173	14270100181752
2	മൊയ്തീൻ കുട്ടി മാട്ടിൽ	42824200977	40900100000867
3	മുഹമ്മദലി	67135209752	38303272856
4	കുഞ്ഞീൻ	110163613240	40255100102877
5	ഗോപാലൻ കെ	42521418560	33120458674

മേൽ പരാമർശിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 25/05.03.2026 ന്, പദ്ധതി ആരംഭിച്ച സമയത്ത് വാഴയുടെ ഇൻഷ്വർ പ്രായം കഴിഞ്ഞ് പോയതിനാലാണ് 2024-25 വർഷം ഇൻഷ്വർ ചെയ്യാൻ സാധിക്കാതിരുന്നത് എന്നും, ധനസഹായങ്ങൾക്ക് അപേക്ഷ നൽകുന്ന സമയത്ത് കർഷകർ വിവിധ ബാങ്ക് അക്കൗണ്ടുകൾ നൽകാറുണ്ടെന്നും , അപേക്ഷക്കൊപ്പം നൽകിയ അക്കൗണ്ട് ചേരാതെ വന്നാൽ സാംഖ്യയിൽ ആക്ടീവ് ആയിട്ടുള്ള അപേക്ഷകന്റെ മറ്റ ബാങ്ക് അക്കൗണ്ടിലേക്ക് ഇക കൈമാറുകയാണ് ചെയ്യുന്നത് എന്നും, ഇക ലഭ്യമായ വിവരം കർഷകർ അറിയിക്കാറുണ്ടെന്നും മറുപടി ലഭ്യമാക്കി. അപേക്ഷക്കൊപ്പം നിലവിൽ ആക്ടീവ് ആയിട്ടുള്ള ബാങ്ക് അക്കൗണ്ട് നമ്പർ ലഭ്യമാക്കുവാനും, മാർഗ്ഗരേഖ പ്രകാരം വിളകളെ ഇൻഷ്വർ ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്താനും ശ്രദ്ധിക്കേണ്ടതാണ്.

1-48 വെറ്റില കൃഷിക്ക് സഹായം- അപാകതകൾ

പ്രോജക്ട് നം, പേര്	:	78/2025 – വെറ്റില കൃഷിക്ക് സഹായം
അടങ്കൽ	:	₹3,89,346 വികസന ഫണ്ട് ജനറൽ- ₹2,16,846 ഗുണഭോക്തൃ വിഹിതം- ₹1,72,500
വികസന ഫണ്ട് ആകെ ചെലവ്	:	₹2,16,846
വൗച്ചർ നം., തീയതി		24000562/ 04.01.2025

2024-2025 വർഷം കൃഷി ഓഫീസർ നിർവഹണം നടത്തിയ വെറ്റില കൃഷിക്ക് ധനസഹായം എന്ന പദ്ധതി പ്രകാരം നഗരസഭ പരിധിയിലെ 45 ഗുണഭോക്താക്കൾക്കായി വെറ്റില കൃഷിക്ക് വളം വാങ്ങിയതിലേക്കുള്ള ധനസഹായമായി ആകെ ₹2,16,846 നൽകിയിട്ടുണ്ട് . ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കൾ നേരിട്ട ചെലവഴിക്കുകയും വികസന ഫണ്ടിൽ നിന്നും ആകെ ₹2,16,846 ചെലവഴിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കൾ നേരിട്ട ചെലവഴിച്ചതിനാൽ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച ഇകയുടെ വിവരം മാത്രമാണ് സുലേഖ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരമുള്ള അപാകതകൾ കാണുന്നു.

1) ധനസഹായത്തിനായി നൽകിയ അപേക്ഷകൾ പരിശോധിച്ചതിൽ 8 അപേക്ഷകരുടെ ബാങ്ക് അക്കൗണ്ട് നമ്പറുകൾ പദ്ധതി ധനസഹായം കൈമാറിയ ബാങ്ക് അക്കൗണ്ട് നമ്പറുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	അപേക്ഷകർ നൽകിയ ബാങ്ക് അക്കൗണ്ട് നമ്പർ	ധനസഹായം കൈമാറിയ ബാങ്ക് അക്കൗണ്ട് നമ്പർ
1	ഗോവിന്ദൻ പി	4297000100029343	855910110003727
2	അബ്ദുൽ നാസർ	42921208739	68930100002004
3	അബ്ദുൽ കരീം	42921241085	68930100007674
4	കുഞ്ഞീൻ	110163613240	40255100102877
5	അഹമ്മദ്	40255100103843	4700101000137
6	മുഹമ്മദ് കുട്ടി	0338101033563	200110101015237
7	സൈദലവി പള്ളിപ്പുറം	57022123221	40255101038116
8	അബ്ദു റഹിമാൻ	67045494716	6052081929

2) സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം ജൈവവളം, കുമ്മായം, ഡോളോമൈറ്റ്, വളർച്ചാത്വരകങ്ങൾ, ജീവാണുവളങ്ങൾ എന്നിവ വാങ്ങിക്കുന്നതിലേക്കായി ജനറൽ വിഭാഗത്തിന് 75 % സബ്സിഡി നൽകാവുന്നതാണെന്നും, പരമാവധി സബ്സിഡി തുക തദ്ദേശ ഭരണ സ്ഥാപനം നിശ്ചയിക്കണം എന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് പ്രകാരം നഗരസഭ നിശ്ചയിച്ച പരമാവധി സബ്സിഡി തുക എത്രയാണെന്ന വിവരം ലഭ്യമല്ല.

മേൽ പരാമർശിച്ച വിഷയങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 28/05.03.2026 ന് മറുപടിയായി ധനസഹായങ്ങൾക്ക് അപേക്ഷ നൽകുന്ന സമയത്ത് കർഷകർ വിവിധ ബാങ്ക് അക്കൗണ്ടുകൾ നൽകാറുണ്ടെന്നും , അപേക്ഷക്കൊപ്പം നൽകിയ അക്കൗണ്ട് ചേരാതെ വന്നാൽ സാംഖ്യയിൽ ആക്ടീവ് ആയിട്ടുള്ള അപേക്ഷകന്റെ മറ്റു ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറുകയാണ് ചെയ്യുന്നത് എന്നും, തുക ലഭ്യമായ വിവരം കർഷകർ അറിയിക്കാറുണ്ടെന്നും, പരമാവധി സബ്സിഡി തുക നഗരസഭ നിശ്ചയിച്ച് നൽകിയിട്ടില്ല എന്നും അറിയിച്ചു. വരും വർഷങ്ങളിൽ അപേക്ഷക്കൊപ്പം നിലവിൽ ആക്ടീവ് ആയിട്ടുള്ള ബാങ്ക് അക്കൗണ്ട് നമ്പർ ലഭ്യമാക്കുവാനും, മാർഗ്ഗരേഖ പ്രകാരം പരമാവധി സബ്സിഡി തുക തദ്ദേശ ഭരണ സ്ഥാപനം നിശ്ചയിച്ച് നൽകുവാനും ശ്രദ്ധിക്കേണ്ടതാണ്.

1-49 സമഗ്ര നെൽകൃഷി വികസനം- അപാകതകൾ

പ്രോജക്ട് നം, പേര്	:	02/2025 – സമഗ്ര നെൽകൃഷി വികസനം
അടങ്കൽ	:	₹37,75,000 വികസന ഫണ്ട് ജനറൽ- ₹27,75,000 ഗുണഭോക്തൃ വിഹിതം- ₹10,00,000
ആകെ ചെലവ്	:	₹28,11,249 വികസന ഫണ്ട് ജനറൽ- ₹27,20,106 ഗുണഭോക്തൃ വിഹിതം- ₹91,143

വൗച്ചർ നം., തീയതി	:	1) 24000470/ 07.10.2024 (51450 രൂപ) 2) 24000502/ 07.10.2024 (118132 രൂപ) 3) 24000592/ 07.10.2024 (252000രൂപ) 4) 24000650/ 07.02.2025 (116475 രൂപ) 5) 24000725/ 07.02.2025 (6660 രൂപ) 6) 24000554/ 07.02.2025 (32160 രൂപ) 7) 24000793/ 29.01.2025 (1919529 രൂപ) 8) 24000566/ 07.03.2025 (72780 രൂപ) 9) 24000722/ 11.03.2025 (116068രൂപ) 10) 24000485/ 20.11.2024 (34852 രൂപ) 11) 24000614/ 15.11.2024 (39378 രൂപ) 12) 24000960/ 04.03.2025 (51765 രൂപ)

2024-2025 വർഷം കൃഷി ഓഫീസർ നിർവഹണം നടത്തിയ സമഗ്ര നെൽകൃഷി വികസനം എന്ന പദ്ധതി പ്രകാരം നഗരസഭ പരിധിയിലെ ഗുണഭോക്താക്കൾക്കായി നെൽകൃഷിക്കുള്ള വിത്ത്, വളം എന്നിവ വാങ്ങി വിതരണം നടത്തുകയും, കൂലിച്ചെലവ് ഇനത്തിൽ ഗുണഭോക്താക്കൾ ഹാജരാക്കിയ വൗച്ചറുകൾ പ്രകാരമുള്ള തുക നൽകുകയും ചെയ്തിട്ടുണ്ട്. ക്രമ നം.7, 8, 9, 10 എന്നീ വൗച്ചറുകൾ പ്രകാരമുള്ള തുകകൾ കൂലിച്ചെലവ് ഇനത്തിൽ ഗുണഭോക്താക്കൾക്ക് നൽകിയതാണ്.

സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം നെൽ കൃഷിക്കായി ധനസഹായം നൽകുന്നതിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങളിൽ ചിലത് ചുവടെ ചേർക്കുന്നു.

1) സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം വിളകളെ സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷുറൻസ് സ്കീമിന്റെ ഭാഗമാക്കേണ്ടതാണ്.

2) പാട്ടകൃഷിയാണെങ്കിൽ പാട്ടത്തിനെടുത്ത് കൃഷി ചെയ്തതാണെന്ന നിർവഹണ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് വേണ്ടതാണ്.

3) വിത്ത്, വളം കീടനാശിനികൾ തുടങ്ങിയ ഉത്പാദനോപാദികൾ സബ്സിഡി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ പ്രകാരം അനുവദിക്കുകയാണെങ്കിൽ അവയുടെ വില കുറവ് ചെയ്ത് (മാർഗ്ഗരേഖ പ്രകാരം ബാധകമായ ഗുണഭോക്തൃ വിഹിതം ഉൾപ്പടെയുള്ള തുക) ബാക്കി തുക സഹായമായി അനുവദിക്കാവുന്നതാണ്.

ഗുണഭോക്താക്കൾക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ കൂലിച്ചെലവ് ഇനത്തിൽ ധനസഹായം നൽകിയവരിൽ ചിലരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	അപേക്ഷയിൽ നിർവഹണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയ സ്ഥല വിസ്തീർണ്ണം (ഹെക്ടറിൽ)	അനുവദിച്ച തുക
1	ശ്രീമതി. ഹസ്നത്ത് പി	0.4	24950
2	ശ്രീ. രാജൻ സി	1.6	49378
3	ശ്രീ. മൊയ്തീൻ കോഴിക്കൽ	0.68	32848
4	ശ്രീ. ഹംസ	1.48	39106

5	ശ്രീ. മുരളി	0.5	20133
6	ശ്രീ. മൊയ്തീ പി പി	1.6	39850
7	ശ്രീമതി. റാബിയ	1.06	38110
8	ശ്രീ. അഷ്റഫ്	1.5	42086
9	ശ്രീ. മൂസ	0.8	25030
	ആകെ		311491

ഗുണഭോക്താക്കൾക്ക് വിത്ത്, വളം കീടനാശിനികൾ തുടങ്ങിയവ അനുവദിക്കുകയാണെങ്കിൽ അവയുടെ വില കുറവ് ചെയ്താണ് സഹായമായി അനുവദിക്കാവുന്നത് എന്നിരിക്കേ മേൽ പരാമർശിച്ച പ്രകാരം കൂലിച്ചെലവ് നൽകിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. (ഹെക്ടറിന് പരമാവധി അനുവദിക്കാവുന്ന തുക 25000 രൂപയാണ്) കൂടാതെ ക്ര നം. 1,2 എന്നിവ സംബന്ധിച്ച രേഖകൾ ലഭ്യമല്ല. മേൽ പരാമർശിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.71/10.03.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വസ്തുതാപരമായ മറുപടി ലഭ്യമാക്കേണ്ടതാണ്. മറുപടി ലഭ്യമാക്കുന്നതു വരെ 311491 രൂപ തടസ്സം ചെയ്യുന്നു.

1-50 വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണ- പ്രവർത്തനങ്ങളിലെ അപാകതകൾ

നഗരസഭയിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(കൈ) നം.86/2022/LSGD, തീയതി 19.04.2022, ഖ.3.1.2 ൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടനയും ചുമതലകളും വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി വാർഡ് സഭാ/ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ തലങ്ങളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക, പ്രോജക്ടുകളുടെ അടങ്കൽ തുകയെ കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തുക, പ്രോജക്ടുകളുടെ യുക്തി, ക്ഷമത, പ്രായോഗികത, അനുയോജ്യത എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുക, വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങിയതിന് ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ പ്രധാന ചുമതലകൾ. വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും ഗുണമേൻമ ഉറപ്പ് വരുത്തേണ്ടതുമാണെന്ന് മേൽ ഉത്തരവിൽ ഖണ്ഡിക-14 ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് മോണിറ്ററിംഗ് കമ്മിറ്റികൾ നിർവ്വഹണ ഘട്ടത്തിൽ നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. നിർവ്വഹണ ഘട്ടത്തിൽ പ്രോജക്ടിന്റെ ഗുണമേൻമയും കാര്യക്ഷമതയും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി മോണിറ്ററിംഗ് കമ്മിറ്റിക്ക് അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ നിർവ്വഹണോദ്യോഗസ്ഥന് നൽകാവുന്നതാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ മിനട്സുകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ അതാതു മേഖലകളിലെ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല എന്ന് കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതും ഫലപ്രദമായ മോണിറ്ററിംഗ് ഉറപ്പ് വരുത്തേണ്ടതുമാണ്.

2. മാർഗ്ഗരേഖ പ്രകാരം ഓരോ വർക്കിംഗ് ഗ്രൂപ്പിലും വനിതാ പ്രാതിനിധ്യവും, പട്ടിക ജാതി പ്രാതിനിധ്യവും ഉണ്ടായിരിക്കണം. എന്നാൽ 2024-2025 ലെ വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണത്തിൽ ചുവടെ ചേർത്ത പ്രകാരമുള്ള അപാകതകൾ കാണുന്നു.

ക്രമനം	വർക്കിംഗ് ഗ്രൂപ്പിന്റെ പേര്	കുറിപ്പ്
1	പൊതുമരാമത്ത്, ഊർജ്ജം	വനിതാ പ്രാതിനിധ്യമില്ല
2	പ്രാദേശിക സാമ്പത്തിക വികസനം	പട്ടിക ജാതി പ്രാതിനിധ്യവും വനിതാ പ്രാതിനിധ്യവുമില്ല
3	ദാരിദ്ര്യ ലഘൂകരണം	പട്ടിക ജാതി പ്രാതിനിധ്യവും വനിതാ പ്രാതിനിധ്യവുമില്ല
4	സാമൂഹ്യ നീതി	പട്ടിക ജാതി പ്രാതിനിധ്യമില്ല
5	വനിതാ വികസനം	പട്ടിക ജാതി പ്രാതിനിധ്യമില്ല
6	മൃഗ സംരക്ഷണവും ക്ഷീര വികസനവും	പട്ടിക ജാതി പ്രാതിനിധ്യവും വനിതാ പ്രാതിനിധ്യവുമില്ല
7	കുടിവെള്ളം	പട്ടിക ജാതി പ്രാതിനിധ്യമില്ല
8	കൃഷിയും അനുബന്ധ മേഖലയും	പട്ടിക ജാതി പ്രാതിനിധ്യമില്ല
9	ശുചിത്വം മാലിന്യ സംസ്കരണം	പട്ടിക ജാതി പ്രാതിനിധ്യമില്ല

3. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ കൺവീനറുടെ ഹാജർ നിർബന്ധമാണ്. എല്ലാ വർക്കിംഗ് ഗ്രൂപ്പുകളുടേയും യോഗ മിനുട്സുകളിൽ കൺവീനറുടെ തസ്തിക രേഖപ്പെടുത്താത്തതിനാൽ കൺവീനറുടെ ഹാജർ ഉറപ്പു വരുത്താൻ കഴിയില്ല.

4. പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പ് ഓഡിറ്റ് വർഷത്തിൽ യോഗങ്ങളൊന്നും ചേർന്നിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 76/11.03.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വരും വർഷങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണത്തിലും, പ്രവർത്തനങ്ങളിലും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

1-51 തുല്യതാ പരീക്ഷക്ക് വിഹിതം നൽകൽ- വിശദാംശങ്ങൾ ഹാജരാക്കിയില്ല

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ തുല്യതാ പരീക്ഷക്ക് വിഹിതം നൽകൽ എന്ന പേരിൽ നടപ്പാക്കിയ രണ്ടു പ്രൊജക്ടുകളിലായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

പ്രൊജക്ട്	അടങ്കൽ/(ഫണ്ടിനം)	ചെലവ്	വൗച്ചർ നമ്പർ	റിമാർക്സ്
124/25 തുല്യതാ പരീക്ഷക്ക് വിഹിതം നൽകൽ	170000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	104750 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	24001031/14.03.25-104750	കേരള സംസ്ഥാന സാക്ഷരതാ മിഷൻ അക്കൗണ്ടിലേക്ക് നൽകിയത് പത്താം തരം തുല്യത- 29250 രൂപ (15 വിദ്യാർത്ഥികൾക്ക്) ഹയർസെക്കണ്ടറി തുല്യത- 75500 രൂപ (പ്ലസ് വൺ 14 പേർക്ക് 2600 വീതം, പ്ലസ് ടു 17 പേർക്ക് 2300 വീതം)
304/25 തുല്യതാ പരീക്ഷക്ക് വിഹിതം നൽകൽ - സ്പിൽ ഓവർ	160,000 (119081 ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 40919 തനത് ഫണ്ട്)	151150 (119081 ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 32069 തനത് ഫണ്ട്)	24000674/27.01.25-119081 രൂപ 24000816/30.1.25-32069	119081 രൂപ മുനിസിപ്പൽ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് നൽകിയത്- ചെലവിന്റെ വിശദാംശങ്ങൾ ഇല്ല. 32069 രൂപ മുനിസിപ്പൽ സെക്രട്ടറിയുടെ

				അക്കൗണ്ടിലേക്ക് നൽകിയത്- ചെലവിന്റെ വിശദാംശങ്ങൾ ഇല്ല.

ഉല്യതാ പരീക്ഷക്ക് തെരഞ്ഞെടുക്കപ്പെട്ട പഠിതാക്കളുടെ നഗരസഭ അംഗീകരിച്ച പട്ടിക, വാർഡ് സഭ അംഗീകരിച്ച വിവരം, പരീക്ഷ എഴുതിയത് സംബന്ധിച്ചുള്ള വിവരം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവയൊന്നും പരിശോധനക്ക് ലഭ്യമായിട്ടില്ല.

പ്രൊജക്ട് 304/25 പ്രകാരം ഉക നഗരസഭ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഉല്യത പ്രോജക്ടിന് വേണ്ടി പിൻവലിച്ച ഉക സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് നൽകാനുള്ള കാരണം വ്യക്തമല്ല. ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണ്.

രേഖകൾ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 41 /06.03.2026 ക്ക് മറുപടി ലഭ്യമായില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്. ചെലവു ഉക 2,55,900 രൂപ തടസ്സം ചെയ്യുന്നു.

1-52 2024-25 ബജറ്റ്- അപാകതകൾ

2024-25 സാമ്പത്തിക വർഷത്തെ ബജറ്റും അനുബന്ധരേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തൻവർഷ ബജറ്റ് പ്രകാരമുള്ളതും വാർഷിക കണക്കു പ്രകാരമുള്ളതുമായ വരവ് ചെലവുകൾ തമ്മിലുള്ള വ്യത്യാസം

2024-25 ബജറ്റ് എസ്റ്റിമേറ്റിലേയും പുതുക്കിയ എസ്റ്റിമേറ്റിലെയും കണക്കുകൾ യഥാർത്ഥ കണക്കുകളുമായി വലിയ വ്യത്യാസമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	വാർഷിക ധനകാര്യ പത്രിക പ്രകാരം	ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം
മുന്നിരിപ്പ്	17,78,45,505	45,77,446	17,78,45,506
വരവ്	23,66,86,939	34,50,04,646	44,26,64,161
ആകെ	41,45,32,444	34,95,82,092	62,05,09,667
ചെലവ്	23,48,85,378	34,08,81,158	55,96,84,677
നീക്കിയിരിപ്പ്	17,96,47,066	87,00,934	6,08,24,990

2024-25 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റിലെ മുന്നിരിപ്പ് ഉകയും പുതുക്കിയ ബജറ്റിലെ മുന്നിരിപ്പ് ഉകയും തമ്മിൽ വ്യതിയാനം ഇല്ല. നഗരസഭയുടെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും യഥാർത്ഥ വരവും ചെലവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. തൻവർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) 620509667/- രൂപയും വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) 414532444/- രൂപയുമാണ്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർഥ വരവും തമ്മിൽ 205977223/- രൂപയുടെ വലിയ വത്യാസമുണ്ട്. വ്യതിയാനങ്ങൾക്കുള്ള കാരണം എവിടെയും വിശദീകരിച്ചിട്ടില്ല.

2) 2024-25 വർഷത്തെ ബജറ്റ് പ്രൊവിഷനും യഥാർഥ ചെലവും തമ്മിലുള്ള വ്യത്യാസം

കേരള മുനിസിപ്പാലിറ്റി നിയമം 293-ാം വകുപ്പ് 6-ാം ഉപവകുപ്പ് പ്രകാരം അനിവാര്യമായ അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു ഉകയും ചെലവാക്കാൻ പാടില്ലാത്തതാകുന്നു. ആയതിനാൽ ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ഏതെങ്കിലും ഒരു ചെലവ് നഗരസഭ വരുത്തിവെയ്ക്കാൻ പാടില്ലാത്തതാണ്. ഉക വകയിരുത്തിയ ചില ഇനങ്ങൾക്ക് നാമമാത്രമായും ചിലയിനങ്ങൾക്ക് വകയിരുത്തിയതിൽ കൂടുതലായും ഉക ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള ഒരു ബജറ്റ് സാമ്പത്തിക നിയന്ത്രണം സാധ്യമാക്കാനോ സ്ഥാപനത്തിന്റെ പ്രകടനം മെച്ചപ്പെടുത്താനോ ഉതകുന്നതല്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	ഇന വിവരം	2024-25 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരം വകയിരുത്തൽ	2024-25 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം ചെലവ് (I &E Statement പ്രകാരം)
1	ബോണസ്	40,000	28,000
2	വേതനം	84,00,000	86,47,605
3	വാട്ടർ ചാർജ്	6,00,000	4,96,836
4	പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി	8,12,600	4,11,897

5	ഡീസൽ, പെട്രോൾ, ഗ്യാസ്	5,00,000	5,36,800
6	അറ്റകുറ്റപ്പണിയും സംരക്ഷണവും- Roads And PAVEMENTS	32,53,707	2,11,85,007
7	അറ്റകുറ്റപ്പണിയും സംരക്ഷണവും-വാഹനങ്ങൾ	4,23,545	3,59,391
8	വൈദ്യുതി ചാർജ്ജുകൾ-ഓഫീസ്	7,00,000	5,30,183
9	മിസലാനിയസ് അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ	5,23,129	6,74,918

3) നഗരസഭ പുതിയ വരുമാനമാർഗ്ഗം കണ്ടെത്തുന്നില്ല.

പുതിയ വരുമാന മാർഗ്ഗങ്ങൾ തേടുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നില്ല. ബജറ്റിൽ പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായി നിർദ്ദേശങ്ങൾ ഉണ്ടായിട്ടില്ല. പുതിയ നികുതി നിർദ്ദേശങ്ങളോ അത്തരത്തിലുള്ള ചർച്ചകളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടായില്ല. നഗരസഭയുടെ വരുമാന വർദ്ധനവിനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പാക്കാൻ ഉതകുന്ന നിർദ്ദേശങ്ങൾ, കാര്യക്ഷമമായ ഇടപെടലുകൾ എന്നിവ സ്റ്റാൻഡിങ് കമ്മിറ്റികളുടെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതുണ്ട്.
ഇക്കാര്യങ്ങൾ ഓഡിറ്റ് എൻക്വയറി 65/ 10.03.2026 മുഖേന നഗരസഭയുടെ ശ്രദ്ധയിൽ പെടുത്തി.അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.വരും വർഷങ്ങളിൽ ബജറ്റ്/പുതുക്കിയ ബജറ്റ് തയ്യാറാക്കുമ്പോൾ ഇക്കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1-53 2.86 കോടിയിലധികം രൂപ മുൻകൂർ- ക്രമീകരിച്ചിട്ടില്ല

നഗരസഭയുടെ 31.03.2025 ലെ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ നഗരസഭയിൽ നിന്ന് വിവിധ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും മുൻകൂറായി നൽകിയ 2.86 കോടിയിലധികം രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ട് എന്ന് വ്യക്തമായി. വിശദ വിവരം താഴെ നൽകുന്നു.

ഇനം (B18 Schedule Of AFS)	31.03.2025 ന് ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക
Festival Advance To Employees	77,000
Other Loans And Advances	14,57,814
Temporary Advance For Official Purposes	4,76,480
Advance To NREGS/AUGES	12,10,857
Electricity Deposits	71,000
Water Deposits	2,31,92,427
Commuted Value Of Pension	21,35,242
ആകെ	**2,86,20,820**

മുൻകൂർ നൽകിയ തുകകളുടെ വിവരം രേഖപ്പെടുത്തിയ മുൻകൂർ രജിസ്റ്റർ , മുൻകൂറുകളുടെ വിശദ വിവരങ്ങൾ , അവയുടെ നിലവിലെ സ്ഥിതി , മുൻകൂർ ക്രമീകരിക്കുന്നതിന് നഗരസഭ സ്വീകരിച്ച വരുന്ന നടപടികളുടെ രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 66/ 10.03.2026 ക്ക് മറുപടിയായി AUGES ഇനത്തിലെ മുൻകൂർ തുക 12,10,857 ക്രമീകരിച്ച രേഖകൾ ഹാജരാക്കി. എന്നാൽ ആയത് വാർഷിക കണക്കിൽ ഉൾപ്പെടാത്തതിന് കാരണം വ്യക്തമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണവും അവശേഷിക്കുന്ന മുൻകൂറുകളുടെ ക്രമീകരണ വിവരവും അറിയിക്കേണ്ടതാണ്.

1-54 ഫെസ്റ്റിവൽ അഡ്വാൻസ് സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല.

ഫെസ്റ്റിവൽ അഡ്വാൻസ് അനുവദിച്ച് സർക്കാർ കാലാകാലം പുറപ്പെടുവിക്കുന്ന ഉത്തരവിൽ ഇത്തരത്തിൽ അനുവദിക്കുന്ന മുൻകൂർ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് തന്നെ തിരികെ ഈടാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. (ഫെബ്രുവരി മാസത്തെ ശമ്പളത്തോട് കൂടി) നഗരസഭയുടെ 31.03.2025 ലെ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ 77000 രൂപ സാമ്പത്തിക വർഷം അവസാനത്തിൽ തിരികെ ഈടാക്കാൻ അവശേഷിക്കുന്നതായി വ്യക്തമായി. 77000 രൂപ സർക്കാർ ഉത്തരവ് പ്രകാരം

തിരികെ ഈടാക്കിയിട്ടില്ല എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. മുൻകൂർ ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 67 /10.03.2026 ക്ക് മറുപടി ലഭ്യമായില്ല. ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദ വിവരം, തുക ഈടാക്കാതെ അവശേഷിച്ചതിന് കാരണം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-55 വാർഡ് സഭ യോഗം- മുനിസിപ്പാലിറ്റി നിയമം, ചട്ടങ്ങൾ എന്നിവ പൂർണ്ണമായി പാലിക്കുന്നില്ല.

നഗരസഭയിലെ വാർഡുസഭാ യോഗ മിനുട്സ് പരിശോധിച്ചതിൽ കേരള മുനിസിപ്പാലിറ്റി നിയമം, ചട്ടങ്ങൾ എന്നിവ പൂർണ്ണമായി പാലിക്കാതെയാണ് വാർഡുസഭാ യോഗങ്ങൾ നടക്കുന്നത് എന്ന് വ്യക്തമായി.

വിശദ വിവരങ്ങൾ താഴെ നൽകുന്നു.

കേരള മുനിസിപ്പാലിറ്റി നിയമം 42 A, 46 വകുപ്പുകളിൽ വാർഡ് സഭകളുടെ രൂപീകരണം , അവകാശങ്ങൾ എന്നിവയെക്കുറിച്ച് താഴെ പരാമർശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

. ഒരു വാർഡിനെ പ്രതിനിധീകരിക്കുന്ന കൗൺസിലർ ആ വാർഡ് സഭയുടെ കൺവീനറായിരിക്കും. (Section 42 A (2))

. വാർഡ് സഭ കുറഞ്ഞപക്ഷം മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരണം. ഏതൊരു യോഗത്തിലും ചെയർപേഴ്സണോ അദ്ദേഹത്തിന്റെ അസാനിദ്ധ്യത്തിൽ ഡെപ്യൂട്ടി ചെയർപേഴ്സണോ ചെയർപേഴ്സൻ നിർദ്ദേശിക്കുന്ന ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനോ അവരുടെ അസാനിദ്ധ്യത്തിൽ കൺവീനറോ അദ്ധ്യക്ഷം വഹിക്കേണ്ടതാണ്. (Section 42 A (3))

. ഒരു വാർഡിനെ സംബന്ധിച്ച മുൻവർഷത്തെ വികസന പരിപാടികളും നടപ്പുവർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വികസന പരിപാടികളും അതിനു വേണ്ടിവരുന്ന ചെലവും സംബന്ധിച്ച ഒരു റിപ്പോർട്ടും മുൻവർഷത്തെ വാർഷിക കണക്കുകളുടെ ഒരു സ്റ്റേറ്റ്മെന്റും ഭരണ നിർവഹണത്തിന്റെ റിപ്പോർട്ടും വാർഡ് സഭ മുമ്പാകെ കൺവീനർ വയ്ക്കേണ്ടതാണ്. (Section 42 A (6))

. വാർഡ് സഭയുടെ അവകാശങ്ങൾ (Section 46 (2))

I) അടുത്ത മൂന്ന് മാസങ്ങളിൽ ലഭ്യമാക്കേണ്ട സേവനങ്ങൾ, ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുക.

Ii) ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദമായ കണക്കുകൾ സംബന്ധിച്ച വിവരം ലഭിക്കുക.

Iii) വാർഡ് പ്രദേശത്തെ സംബന്ധിച്ച കൗൺസിലിന്റെ ഓരോ തീരുമാനവും യുക്തിപൂർവ്വമാണോ എന്നറിയുക

Iv) വാർഡ് സഭയുടെ തീരുമാനത്തിൽ എടുത്ത ഉടർ നടപടികളെപ്പറ്റിയും ഏതെങ്കിലും തീരുമാനം നടപ്പാക്കിയില്ല എങ്കിൽ അതിനുള്ള കാരണവും അറിയുക.

V) വാർഡിനെ സംബന്ധിച്ച വിശദമായ നഗരാസൂത്രണ പദ്ധതികൾ, കെട്ടിട നിർമ്മാണ പെർമിറ്റുകൾ മുതലായവ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുക.

നഗരസഭയിലെ 38 വാർഡുകളുടെയും വാർഡ് സഭ യോഗ മിനുട്സ് പരിശോധിച്ചതിൽ യോഗങ്ങൾ ചേരുന്നതിലും , യോഗ നടപടിക്രമങ്ങളിലും, അജണ്ടയിലും നിയമപ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല എന്ന് വ്യക്തമായി.

ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

1) നിശ്ചിത ഇടവേളകളിൽ യോഗം ചേരുന്നില്ല.

വാർഡ് സഭ കുറഞ്ഞപക്ഷം മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരണം എന്ന് ചട്ടത്തിൽ വ്യക്തമായി നിർദ്ദേശിച്ചതാണ് . എന്നാൽ നഗരസഭയിലെ വാർഡ് സഭ മിനുട്സ് പരിശോധിച്ചതിൽ 2024, 2025 കലണ്ടർ വർഷങ്ങളിൽ ആകെ നാല് വാർഡ് സഭായോഗങ്ങൾ മാത്രമാണ് ചേർന്നത് എന്ന് വ്യക്തമായി.

(2024 ജനുവരി,ആഗസ്റ്റ് , 2025 ജനുവരി, 2025 ജൂലൈ) .

2024- 25 സാമ്പത്തിക വർഷത്തിൽ ആകെ രണ്ട് യോഗങ്ങൾ മാത്രമേ ചേർന്നിട്ടുള്ളൂ.

2) വികസന പ്രവർത്തനങ്ങളുടെ വിവരം, വാർഷിക കണക്ക് എന്നിവ വാർഡ് സഭയിൽ അവതരിപ്പിക്കുന്നില്ല.

ഒരു വാർഡിനെ സംബന്ധിച്ച മുൻവർഷത്തെ വികസന പരിപാടികളും നടപ്പുവർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വികസന പരിപാടികളും അതിനു വേണ്ടിവരുന്ന ചെലവും സംബന്ധിച്ച ഒരു റിപ്പോർട്ടും മുൻവർഷത്തെ വാർഷിക കണക്കുകളുടെ ഒരു സ്റ്റേറ്റ്മെന്റും ഭരണ നിർവഹണത്തിന്റെ റിപ്പോർട്ടും വാർഡ് സഭ മുമ്പാകെ കൺവീനർ വയ്ക്കേണ്ടതാണെങ്കിലും നഗരസഭയിലെ ഒരു വാർഡ് സഭയിലും ഇത്തരത്തിലുള്ള റിപ്പോർട്ട് അവതരിപ്പിച്ചിട്ടില്ല.

3) വാർഡ് സഭയുടെ തീരുമാനങ്ങളിൽ എടുത്ത തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യുന്നില്ല.

വാർഡ് സഭയുടെ തീരുമാനത്തിൽ എടുത്ത തുടർ നടപടികളെപ്പറ്റിയും ഏതെങ്കിലും തീരുമാനം നടപ്പാക്കിയില്ല എങ്കിൽ അതിനുള്ള കാരണവും വാർഡ് സഭകളിൽ റിപ്പോർട്ട് ചെയ്യുന്നില്ല.

വാർഡ് സഭായോഗം സംബന്ധിച്ച് മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നിയമപ്രകാരം യോഗം ചേരുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറി 68 /10.03.2026 മൂടെ അപാകതകൾ നഗരസഭയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

1-56 ചിറകളുടെ നവീകരണം-പൂർത്തീകരണ വിവരം ലഭ്യമല്ല. 40,00,000 രൂപ തടസ്സം ചെയ്യുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് നമ്പർ 321 / 25 പ്രകാരം വിവിധ ചിറകളുടെ നവീകരണം എന്ന പ്രവൃത്തിക്ക് 4000000/- വകയിരുത്തിയതിൽ പ്രവൃത്തി നടത്തുന്നതിന് മൈനർ ഇറിഗേഷൻ മലപ്പുറത്തിന് തുക PFMS വഴി അടവാക്കിയിട്ടുണ്ട് (വൗച്ചർ നമ്പർ 24000798 തിയ്യതി 18-01-2025). എ5/3427/2024 തിയ്യതി 03.12.2024 ആയി നഗരസഭാ സെക്രട്ടറിയും Minor Irigation, എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിൽ ഡെപ്പോസിറ്റ് പ്രവൃത്തിയായി ചെയ്യുന്നതിന് കരാർ വെക്കുകയും ചെയ്തിട്ടുണ്ട്. 3 ചിറകളുടെ നവീകരണമാണ് പ്രൊജക്ടിൽ ഉൾപ്പെടുന്നത്. കരാറനുസരിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ച് കരാറിലേർപ്പെടുന്ന തിയ്യതി മുതൽ ഒരു വർഷമാണ് പ്രവൃത്തിയുടെ കാലാവധി നിശ്ചയിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ ടെണ്ടർ നടപടി വിവരങ്ങൾ, പ്രവൃത്തി പൂർത്തീകരണ വിനിയോഗ വിവരങ്ങൾ തുടങ്ങിയ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 70/10.03.2026 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണ വിവരം അനുബന്ധ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. ചെലവു തുക 40,00,000 രൂപ തടസ്സം ചെയ്യുന്നു.

1-57 മരാമത്ത് പ്രവൃത്തികളുടെ സെന്റേജ് ചാർജിനത്തിൽ 18.29 ലക്ഷം രൂപ ചെലവഴിച്ചു.

മുനിസിപ്പാലിറ്റിയിലെ മരാമത്ത് പ്രവൃത്തികൾ പി.എം.സി അടിസ്ഥാനത്തിൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിനെ ഏൽപ്പിച്ചതിനാൽ 2024-25 സാമ്പത്തിക വർഷം 87 പ്രവൃത്തികളിലായി 18.29 ലക്ഷം രൂപ സെന്റേജ് ചാർജ് ആയി പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എഞ്ചിനീയറിംഗ് വിംഗ് ഉണ്ടായിരിക്കെ സെക്രട്ടറിയാണ് പ്രവൃത്തികളുടെ നിർവ്വഹണം നടത്തിയിട്ടുള്ളത്.

29.06.2024 ലെ 7/1 നമ്പർ തീരുമാനത്തിൽ "കോട്ടക്കൽ നഗരസഭ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിൽ വരുത്തുന്നതിനായി വിവിധ സമയങ്ങളിൽ ടെണ്ടർ /ഇ ടെണ്ടർ ,ക്വട്ടേഷൻ നടത്തിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളിൽ കരാറുകാർ ആരും തന്നെ ഏറ്റെടുക്കാൻ തയ്യാറായിട്ടില്ല എന്നതിനാൽ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി ചെയ്യുന്നതിന് തീരുമാനിച്ചു." ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിനെ പ്രവൃത്തി ഏൽപിച്ചിട്ടുള്ളത്.

പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ, ഇ- ടെണ്ടർ വിശദാംശങ്ങളും അനുബന്ധ തീരുമാനങ്ങളും പി.എം.സി ആയി പ്രവൃത്തി ചെയ്യുന്നതിന് ആധാരമായ മറ്റ് വിശദാംശങ്ങൾ എന്നിവയും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 50/07.03.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയിൽ എഞ്ചിനീയറിംഗ് വിഭാഗം ഉണ്ടായിരിക്കെ ഇത്തരത്തിൽ പ്രൊജക്ടുകൾ വ്യാപകമായി അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിക്കുന്നത് അഭിലഷണീയമല്ല. നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സേവനം മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ഉപയോഗപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-58 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിലെ അപാകതകൾ

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 22 (ഡി) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രധാന ചുമതലകൾ താഴെ നൽകുന്നു.

I) ബജറ്റ് ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച് മേൽനോട്ടം വഹിക്കേണ്ടതും മുനിസിപ്പൽ കൗൺസിലിന് കിട്ടേണ്ടതായ നികുതികളുടെയും ഫീസുകളുടെയും വാടകകളുടെയും മറ്റ് തുകകളുടെയും യഥാസമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടതും,

(Ii) മുനിസിപ്പൽ കൗൺസിലിന്റെ അക്കൗണ്ടുകൾ കൂടെക്കൂടെ പരിശോധിക്കേണ്ടതും,

(Iii) സർക്കാരിൽ നിന്നും വിതരണം ചെയ്യുന്ന ഗ്രാന്റുകളും അവയുടെ ശരിയായ ഉപയോഗവും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടതും,

(Iv) അക്കൗണ്ടുകൾ മാസംതോറും ആഡിറ്റ് ചെയ്യേണ്ടതും, മാസംതോറുമുള്ള തുക ആവശ്യപ്പെടലും, തുക പിരിച്ചെടുക്കലും, നീക്കിയിരിപ്പു തുകയും സെക്രട്ടറി സമർപ്പിക്കുന്ന പ്രകാരമുള്ള തൊട്ടുമുമ്പുള്ള മാസത്തെ വരവു ചെലവുകളുടെ സംക്ഷേപവും പരിശോധിക്കേണ്ടതും;

(V) കൗൺസിലിന് ലഭിക്കേണ്ടതും വസൂലാക്കാവുന്നതല്ലെന്ന് കമ്മിറ്റിക്ക് തോന്നുന്നതുമായ തുകകൾ നിർണ്ണയിക്കപ്പെടുന്ന ട്ടങ്ങൾക്ക് വിധേയമായി എഴുതി തള്ളാവുന്നതും,

(Vi) വാർഷിക അക്കൗണ്ടുകളും തുക ആവശ്യപ്പെടലുകളും പിരിച്ചെടുത്ത തുകയും നീക്കിയിരിപ്പ് തുകയും സൂക്ഷ്മപരിശോധന നടത്തേണ്ടതും;

(Vii) 286-ാം വകുപ്പുപ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി അത് കൗൺസിലിന്റെ മുമ്പാകെ വയ്ക്കേണ്ടതും,

(Viii) മുനിസിപ്പൽ കൗൺസിൽ ചെലവാക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകയും കൗൺസിൽ അനുമതി നൽകിയിട്ടുള്ള ബഡ്ജറ്റിൽ വകവരുത്തിയിട്ടുള്ളതാണോ എന്നും അതിലേക്ക് ആവശ്യമായ തുക ഉണ്ടോയെന്നും പരിശോധിക്കേണ്ടതും;

(Ix) കൗൺസിൽ നിർദ്ദേശിക്കുന്നപക്ഷം മുനിസിപ്പൽ കൗൺസിലിലെ ജീവനക്കാർക്ക് എതിരെയുള്ള ആരോപണങ്ങളിൻമേൽ അന്വേഷണം നടത്തേണ്ടതും അതിന്റെ ഫലം കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും;

(X) നികുതി സംബന്ധമായ അപ്പീലുകൾ തീർപ്പാക്കേണ്ടതും, നികുതി ചുമത്തുന്നതിൽ നിന്ന് വിട്ടുപോയ കേസുകളിൽ നികുതി ചുമത്തുന്നതിലേക്കും, മൂല്യം കുറച്ച് നികുതി ചുമത്തിയ കേസുകൾ പുനഃപരിശോധിക്കുന്നതിലേക്കും സെക്രട്ടറിക്ക് നിർദ്ദേശം നൽകേണ്ടതും ആകുന്നു.

നഗരസഭയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 2024-25 സാമ്പത്തിക വർഷത്തെ യോഗ മിനുട്സ് പരിശോധിച്ചതിൽ സ്റ്റാന്റിംഗ് കമ്മിറ്റി നിയമപ്രകാരമുള്ള ചുമതലകൾ നിറവേറ്റിയതായി കാണുന്നില്ല.

ഓഡിറ്റ് പരിശോധനയിൽ വ്യക്തമായ വിവരങ്ങൾ താഴെ നൽകുന്നു.

1.ബജറ്റ് ഗ്രാന്റുകളുടെയും സർക്കാരിൽ നിന്ന് ലഭിക്കുന്ന ഗ്രാന്റുകളുടെയും ശരിയായ വിനിയോഗം പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടില്ല.

2.മുനിസിപ്പൽ കൗൺസിലിന് കിട്ടേണ്ടതായ നികുതികളുടെയും ഫീസുകളുടെയും വാടകകളുടെയും മറ്റ് തുകകളുടെയും യഥാസമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും നിരീക്ഷിക്കുകയോ നിർദ്ദേശം നൽകുകയോ ചെയ്തിട്ടില്ല

3. 2024-25 വാർഷിക കണക്ക് പ്രകാരം നഗരസഭക്ക് വിവിധ ഇനങ്ങളിലായി 45.30 കോടിയിലധികം രൂപ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. (B14 Schedule). എന്നാൽ 16.12.2024 ലെ (7) നമ്പർ തീരുമാനത്തിൽ വസ്തു നികുതി അടവാക്കാത്തവരുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനും പിരിച്ചെടുക്കുന്നതിനായി 8 പേരെ താൽക്കാലികമായി നിയമിക്കുന്നതിനുമുള്ള ഒരു തീരുമാനമല്ലാതെ മറ്റു നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുകയോ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തതായി മിനിട്സിൽ തീരുമാനങ്ങൾ ഇല്ല.

4. നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും , നികുതികളിലും ഫീസുകളിലുമുണ്ടാകുന്ന ചോർച്ച കണ്ടുപിടിക്കുന്നതിനും പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ സംബന്ധിച്ച് ചർച്ച നടത്തുകയോ തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല.

5. മുനിസിപ്പാലിറ്റിയുടെ അക്കൗണ്ട് സൂക്ഷ്മ പരിശോധന നടത്തി ആസ്തി ബാധ്യതകൾ സംബന്ധിച്ച് വ്യക്തമായ വിവരം ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കുകയോ നഗരസഭയുടെ സാമ്പത്തിക നില സംബന്ധിച്ച് വ്യക്തമായ ചിത്രം തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

6. വാർഷിക കണക്കുകൾ , വരവുകളുടെ ഡിമാന്റ് , കളക്ഷൻ, ബാലൻസ് എന്നിവ പരിശോധിക്കുന്നില്ല. നഗരസഭയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുതകുന്ന നിർദ്ദേശങ്ങൾ ഒന്നും തന്നെ നൽകിയിട്ടില്ല.

7. നികുതി ചുമത്തുന്നതിന് വിട്ടുപോയ കേസുകൾ, മൂല്യം കുറച്ച് നികുതി ചുമത്തിയ കേസുകൾ എന്നിവ കണ്ടെത്തുന്നതിനും, പരിഹരിക്കുന്നതിനും ഉചിതമായ നടപടികൾ നിർദ്ദേശിച്ചിട്ടില്ല.

8. നഗരസഭയുടെ ഓരോ ചെലവിനും ബജറ്റ് പ്രൊവിഷൻ ഉണ്ടോ എന്നത് പരിശോധിച്ചതായി കാണുന്നില്ല.

9. നഗരസഭയുടെ വാർഷിക പദ്ധതി പുരോഗതി വിലയിരുത്തി നിർദ്ദേശങ്ങൾ നൽകിയിട്ടില്ല

മിനുട്സ് പരിശോധിച്ചതിൽ നികുതികളിൽ ഇളവ് നൽകൽ (വേക്കൻസി റമിഷൻ) , വിവിധ ചെലവുകൾ അംഗീകരിക്കൽ , നികുതി സംബന്ധമായ പരാതികൾ , അപ്പീലുകൾ പരിഗണിക്കൽ എന്നിവയിൽ മാത്രമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം പരിമിതപ്പെട്ടു എന്നാണ് വ്യക്തമാകുന്നത്.

അപാകത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിയമപരമായ ചുമതലകൾ നിറവേറ്റുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 69/10.03.2026 ആയി ഇക്കാര്യം നഗരസഭയുടെ ശ്രദ്ധയിൽ പെടുത്തി)

1-59 വെറ്ററിനറി ഹോസ്പിറ്റൽ -സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങലുകൾ നടത്തി

പ്രോജക്ട് നം, പേര്	അടങ്കൽ	ബിൽനം.തീയതി&തുക

125/25 വെറ്ററിനറി ഹോസ്പിറ്റലിലേക്ക് ഇൻവെർട്ടർ വാങ്ങി സ്ഥാപിക്കൽ	78,000 (വികസന ഫണ്ട്) ചെലവ്:78000	241517470020011317 8/04.1.2025:-78,000 രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്ററിനറി സർജൻ	

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ജി. ഒ.(പി) നം. 259/2010/ത.സ്വ.ഭ.വ തീയതി 08.11.2010 പ്രകാരം നഗരസഭകളുടെ വാങ്ങലുകളിൽ 50000 രൂപക്ക് മുകളിലും 100000 രൂപക്ക് താഴെയുമായിട്ടുള്ള വാങ്ങലുകളും സേവനങ്ങളും ലിമിറ്റഡ് ടെണ്ടർ മുഖേനയാണ് നടപ്പിലാക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വെറ്ററിനറി ഹോസ്പിറ്റലിലേക്ക് ഇൻവെർട്ടർ വാങ്ങി സ്ഥാപിക്കൽ എന്ന പദ്ധതിയിൽ ക്വട്ടേഷൻ ക്ഷണിക്കുകയും 3 ക്വട്ടേഷൻ ലഭിച്ചതിൽ ഏറ്റവും കുറവ് ഉക ക്വാട്ട് ചെയ്ത BENTECH POWER Systems എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ടി സ്ഥാപനത്തിൽ നിന്ന് ഇൻവെർട്ടർ വാങ്ങി സ്ഥാപിക്കുകയും (ഇൻവോയിസ് നംBT-063/31.12.2024:78,000/-) ചെയ്തിട്ടുണ്ട്.

ലിമിറ്റഡ് ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നല്കിയതിന്(നം.29/5.3.2026) ലഭ്യമാക്കിയ മറുപടിയിൽ ക്വട്ടേഷൻ മുഖേന വാങ്ങിയത് അറിവില്ലായ്മ മൂലമണെന്നും ഇൻവെർട്ടർ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-60 തെരുവ് വിളക്കുകളുടെ രജിസ്റ്റർ പരിപാലനം- അപാകതകൾ

നഗരസഭയിലെ തെരുവ് വിളക്കുകളുടെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ന്യൂനതകൾ കണ്ടെത്തി.

1)തെരുവ് വിളക്കുകളുടെ എണ്ണം കാണിക്കുന്ന രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നില്ല

തനതുഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ 2024-25 വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 39,59,610 രൂപ ചെലവഴിച്ചിട്ടുണ്ട്. (ഫയൽ നം 869040-2024) എന്നാൽ നഗരസഭ പരിധിയിലുള്ള മുഴുവൻ തെരുവു വിളക്കുകളും ഉൾപ്പെടുത്തി ഇനം തിരിച്ചുള്ള എണ്ണം കാണിക്കുന്ന രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. തെരുവുവിളക്ക് പരിപാലന പൊതു മാർഗ്ഗരേഖ അനുസരിച്ച് സൂക്ഷിക്കേണ്ട തെരുവുവിളക്ക് മെയിന്റനൻസ് രജിസ്റ്റർ , പരാതി രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബ്ൾ ഐറ്റംസ് എന്നിവയും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2)സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം ലഭ്യമല്ല

ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011 പ്രകാരം കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.
രജിസ്റ്ററുകൾ സൂക്ഷിയ്ക്കാത്തതിന് മറുപടി ലഭ്യമാക്കുന്നതിനും തെരുവുവിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം ലഭ്യമാക്കുന്നതിനും ഓഡിറ്റ് അന്വേഷണം 52/9.3.2026 നൽകിയതിന് തെരുവുവിളക്ക് മെയിന്റനൻസ് രജിസ്റ്റർ ഹാജരാക്കിയെങ്കിലും മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

തെരുവുവിളക്ക് പരിപാലന പൊതു മാർഗ്ഗരേഖ അനുസരിച്ച് സൂക്ഷിക്കേണ്ട മുഴുവൻ രജിസ്റ്ററുകളും കൃത്യമായ രേഖപ്പെടുത്തലോടെ സാക്ഷ്യപ്പെടുത്തി സൂക്ഷിയ്ക്കേണ്ടതും തെരുവുവിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-61 മെഡിക്കൽ ഓഫീസറുടെ പദ്ധതിച്ചെലവ്- സൂലേഖ സ്റ്റേറ്റ്മെന്റിലെ ചെലവ് അപാകങ്ങൾ

1.മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യകേന്ദ്രം, കോട്ടക്കൽ നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം, ചെലവുകൾ നടത്തിയിട്ടുണ്ടെങ്കിലും സൂലേഖ സ്റ്റേറ്റ്മെന്റിൽ ചെലവ് വിവരം ഉൾപ്പെടുത്തിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ	അടങ്കൽ/ചെലവ്	വൗച്ചർ നമ്പർ/ തിയ്യതി,തുക
1) 570/25, കാൻസർ കെയർ പ്രോജക്ട്	2,05,000/ (ഹെൽത്ത് ഗ്രാന്റ്)	25000604 /25.3.25: 8931/-

		ചെലവ്: 8931/-	
2)568/25 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സാർവത്രികമാക്കൽ(NEW)		24,00,000 (ഹെൽത്ത് ഗ്രാന്റ്) ചെലവ്: 1,70,474/-	1)2400115/27.3.25, തുക: 1,62,544/- 2)2500007/31.3.25, തുക: 7,930/- **ആകെ: 170474/-**

മേൽപറഞ്ഞ പദ്ധതികൾ പ്രകാരമുള്ള ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2.സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം പ്രോജക്ട് നം. 104/25 വൃക്കരോഗികൾക്ക് ഡയാലിസിസ് നഗരസഭാ വിഹിതം നൽകൽ എന്ന പദ്ധതി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സെക്രട്ടറിയാണ് യഥാർത്ഥത്തിൽ പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത് . സുലേഖ സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ചെലവ് വിവരം തെറ്റായി രേഖപ്പെടുത്തിയതിന് കാരണം വിശദമാക്കേണ്ടതാണ്.
മേൽപറഞ്ഞ അപാകങ്ങൾ അറിയിച്ചതിന്(ഓഡിറ്റ് എൻക്വയറി നം62/9.3.2026) ലഭ്യമാക്കിയ മറുപടിയിൽ കൃത്യമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല . അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-62 സാമൂഹികാരോഗ്യകേന്ദ്രത്തിലേക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യകേന്ദ്രം,കോട്ടക്കൽ നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം, മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ	അടങ്കൽ/ ചെലവ്	മരുന്ന് വാങ്ങുന്നതിന് വേണ്ടി ചെലവഴിച്ച തുക/ വൗച്ചർ നമ്പർ/ തീയ്യതി	പ്രൊഫോമ ഇൻവോയ്സ് നമ്പർ/ തിയ്യതി	ലഭ്യമായ മരുന്നുകൾ, തുക	ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക
1.22/25, എഫ്.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ	4,50,000/ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) ചെലവ്: 4,49,205/-	M100700-2400064/ 18.2.2025: 3,52,000 രൂപ	PRF3656/ 14.2.2025: 3,52,000 രൂപ	ഇൻവോയിസ് നം. 1.349/5.5.2025: 13,254 രൂപ 2.967/17.6.2025: 91,004 രൂപ 3.1940/15.9.2025 89,101 രൂപ 4.2506/22.11.2025; 8328 രൂപ ആകെ :2,01,687	1,50,313
2.568/25 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സാർവ്വത്രികമാക്കൽ (NEW)	24,00,000 (ഹെൽത്ത് ഗ്രാന്റ്) ചെലവ്: 1,70,474	1.M100700-2400115/ 27.3.25: 1,62,544	PRF 3673/ 15.2.2025: 1,62,544	0	1,62,544
3.14/25 കിടപ്പിലായ	14,61,920 (വികസന ഫണ്ട്)	M100700-24000493/ 18.2.2025:	PRF3657/ 14.2.25:	ഇൻവോയിസ് നം. 1.400/8.5.25:	2,18,013

രോഗികൾ ക്ക് പാലിയേറ്റീവ് പരിചരണം (NEW)	ആകെ ചെലവ്: 13,06,936)	5,52,000/-	5,52,000	1,10,701 രൂപ 2.575/23.5.25: 14,375 രൂപ 3.1939/15.9.25: 24,283 രൂപ 4.2226/24.10.25: 50,400 രൂപ 5.2505/22.11.25: 18,798 രൂപ 6.2692/12.12.24: 37,800 രൂപ 7.3240/21.1.26: 77630 രൂപ ആകെ:3,33,987	
				ആകെ	**5,30,870**

മരുന്നുകൾ ലഭിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതും ക്രമ നം.2 പദ്ധതി പ്രകാരമുള്ള ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാത്തതിന് വിശദീകരണവുമാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയതിന് (നം.60/9.3.2026)ലഭ്യമാക്കിയ മറുപടിയിൽ കെ.എം.സി.എല്ലിൽ നിന്നും ഘട്ടം ഘട്ടമായി മാത്രമെ മരുന്നുകൾ ലഭ്യമാകുള്ളുവെന്നും ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തിന്റെ വിവരം അറിയിക്കേണ്ടതാണ്.

1-63 അർബൻ പി.എച്ച്.സി-സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങലുകൾ നടത്തി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ജി. ഒ.(പി) നം. 259/2010/ത.സ്വ.ഭ.വ തീയതി 08.11.2010 പ്രകാരം നഗരസഭ മുഖേനയുള്ള വാങ്ങലുകളിൽ 50000 രൂപക്ക് മുകളിലും 1,00,000 രൂപക്ക് താഴെയുമായിട്ടുള്ള വാങ്ങലുകളും സേവനങ്ങളും ലിമിറ്റഡ് ടെണ്ടർ മുഖേനയാണ് നടപ്പിലാക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ കുരിയാട് അർബൻ പ്രൈമറി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ ഹെൽത്ത് ഗ്രാന്റിൽ നിന്ന് 87,150 രൂപയുടെ ഫർണ്ണിച്ചർ കവ്ട്ടേഷൻ മുഖേന മോഡേൺ ഫർണ്ണിച്ചർ, കോട്ടക്കൽ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. (ഇൻവോയിസ് നം503/29.10.2024:87,150/-) (ചെക്ക് നം.097158/11.11.2024:87150)

ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങലുകൾ നടത്തിയതിന് മറുപടി ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം78/11.3.2026) നല്കിയതിന് ലഭ്യമാക്കിയ മറുപടിയിൽ അറിവില്ലായ്മ മൂലമാണ് പ്രസ്തുത അപാകത സംഭവിച്ചതെന്നും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കില്ല എന്നും അറിയിച്ചിട്ടുണ്ട്. മേലിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് വാങ്ങലുകൾ നടത്തേണ്ടതാണ്.

1-64 നഗരസഭയിലേയ്ക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - ചെലവു രേഖകൾ ഹാജരാക്കിയില്ല

നിർവഹണം : സെക്രട്ടറി

പ്രൊജക്ട് : നഗരസഭയിലേയ്ക്ക് കമ്പ്യൂട്ടർ, ലാപ്ടോപ്പ്, മറ്റു അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ (സ്പിൽ ഓവർ 171/25)

അടങ്കൽ: 4,00,000/-

ആകെ ചെലവ് : 198073/-(Plan General) J-M 100700-24000620 തീയതി 16.5.2024

മേൽ പ്രൊജക്ട് പ്രകാരമുള്ള മുഴുവൻ ചെലവു രേഖകളും സ്റ്റോക്ക് വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവുരേഖകൾ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 64/10.3.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ 198073 രൂപ തടസ്സം ചെയ്യുന്നു.

1-65 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - വിശദാശങ്ങൾ ലഭ്യമാക്കിയില്ല

മരണപ്പെട്ടവരെയും അനർഹരായവരെയും സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ (എസ് എഫ്സി-ബി) വകുപ്പിന്റെ 63/2021/ധന.

തീയതി.02.08.2021ലെ സർക്കുലർ പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം സ്വീകരിക്കേണ്ട താഴെ പറയുന്ന ഉടർ നടപടികൾ നഗരസഭ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

1) പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്തമാസം 10-ാം തീയതിക്കു മുമ്പ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് മരണപ്പെട്ട/ അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ്. ഇത്തരത്തിൽ നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരം.

2)പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ, മരണപ്പെട്ടവരുടെ വിവരങ്ങൾ, ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ കൃത്യമായി അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും താമസംവിനാ ഒഴിവാക്കേണ്ടതുമാണ്. ഇത്തരത്തിൽ ഓരോ പെൻഷൻ വിതരണത്തിന് ശേഷം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ ലിസ്റ്റ് .

3)എല്ലാ പ്രാദേശിക സർക്കാർ പരിധിക്കുള്ളിലും മരണപ്പെടുന്നവരുടെ വിവരങ്ങൾ 3 മാസത്തിലൊരിക്കൽ വീഴ്ചകൂടാതെ ധനകാര്യ (എസ്എഫ് സി-ബി) വകുപ്പിൽ അറിയിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഡാറ്റാ ഇൻഫർമേഷൻ കേരള മിഷൻ 'സേവന'യുമായി പരിശോധന നടത്തേണ്ടതും മരണപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തുന്ന പക്ഷം ആയത് ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്. ഇത്തരത്തിലുള്ള വിവരം ധനകാര്യ വകുപ്പിന് നൽകിയതിന്റെ രേഖ.

4)ഗുണഭോക്താവ് മരണപ്പെട്ടാൽ ഗുണഭോക്താക്കളുടെ അവകാശികളോ അടുത്ത ബന്ധുക്കളോ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ വീഴ്ച കൂടാതെ അറിയിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യുന്നതിനായി സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ/അപേക്ഷകരിൽ നിന്നും സത്യപ്രസ്താവന വാങ്ങേണ്ടതാണ്. നഗരസഭയിൽ സ്വീകരിക്കുന്ന പെൻഷൻ അപേക്ഷകളോടൊപ്പം ഇത്തരത്തിൽ സത്യപ്രസ്താവന ഉൾപ്പെടുത്തിയതായുള്ള വിവരം.
5)നിലവിൽ അനർഹരായ ഏതെങ്കിലും ഗുണഭോക്താക്കൾ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപറ്റുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നതും ഉണ്ടെങ്കിൽ ആയതിനെതിരെ സ്വീകരിച്ച ഉടർ നടപടികളുടെ വിവരവും.
മേൽ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 63/10.3.26 ന്ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ പ്രഥമമറുപടിയിൽ തന്നെ ലഭ്യമാക്കി അറിയിയ്ക്കേണ്ടതാണ്.

1-66 ഫയൽ പരിശോധനക്ക് ലഭ്യമാക്കിയില്ല

ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ നം.190/25 കോവിഡ് അനുബന്ധ പ്രവർത്തനങ്ങൾ പ്രോജക്ട് ഫയൽ (അടങ്കൽ തുക: 60076(KSWMP-Externally Aided - 58765 , KSWMP-State Share - 1311), ചെലവ് തുക : 44,400-സുലേഖ പത്രിക പ്രകാരം) പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല പ്രോജക്ട് ഫയലും ചെലവ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ചെലവ് തുക 44,400 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി നം.10/28.2.2026)

1-67 കിണർ റീ-ചാർജ്-അപാകങ്ങൾ

ക്രമ നം.	പ്രൊജക്ട് നമ്പർ/ പേര്.	അടങ്കൽ തുക.	ചെലവ് തുക സുലേഖ പത്രിക പ്രകാരം
1	93/25 കിണർ റീ-ചാർജ്(New)	60,00,00 (ധനകാര്യ കമ്മീഷൻ അവാർഡ്)	28,37,606
2	307/25 കിണർ റീ-ചാർജ്(SO)	52,88,386 (ധനകാര്യ കമ്മീഷൻ അവാർഡ്)	25,92,851

ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കിണർ റീ-ചാർജ്ജ് പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.സ.ഉ.(കൈ)നം.115/2022 ത.സ്വ.ഭ.വ.തീയതി 28.5.2022 നമ്പർ സബ്സിഡി,ധനസഹായംസബന്ധിച്ച മാർഗ്ഗരേഖയിലെ ക്രമനമ്പർ 6.2(2) ലെ വ്യവസ്ഥ പ്രകാരം കിണർ റീചാർജ്ജിംഗിന് ധനസഹായം

കൈപറ്റുന്നവർ നിലവിൽ കിണർ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളവരോ അതിനായി ആനുകൂല്യം കൈപ്പറ്റിയവരോ ആകരുത്. ഹാജരാക്കിയ അപേക്ഷകളിൽ മേല്പറഞ്ഞ വ്യവസ്ഥ പാലിച്ചുവെന്നത് സംബന്ധിച്ച സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല.

2.സൂലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ക്രമ നം.1. പദ്ധതിയുടെ ആകെ ചെലവ് 28,37,606 രൂപയും യഥാർത്ഥ ചെലവ് 27,01,440/രൂപയും ആണ്.

3.സൂലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ക്രമ നം.2. പദ്ധതിയുടെ ആകെ ചെലവ് 25,92,851 രൂപയും യഥാർത്ഥ ചെലവ് 26,28,095/രൂപയും ആണ്.

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നല്കിയതിന്(നം.8/28.2.26) ന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭ ഓവർസിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഇക അനുവദിച്ചിട്ടുള്ളതെന്നും വരും വർഷങ്ങളിൽ അപേക്ഷയോടൊപ്പം മുൻപ് ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കുന്നതിൽ ശ്രദ്ധിക്കുന്നതാണെന്നും ചെലവ് ഇകയിൽ വന്ന വ്യത്യാസം സാങ്കേതിക പിഴവാണെന്നും അറിയിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ മേൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-68 റിജക്ടഡ് മാലിന്യം നീക്കം ചെയ്യൽ -അപാകങ്ങൾ

ക്രമ നം.	പ്രൊജക്ട് നമ്പർ/ പേര്	അടങ്കൽ ഇക	ചെലവ് ഇക
1	306/25 അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ(SO)	3,00,000 (ധനകാര്യ കമ്മീഷൻ അവാർഡ്)	1.വൗച്ചർനം.J-M100700-24000924/2.2.2025: 1,35,300/- 2.വൗച്ചർനം.J-M100700-24000527/21.10.2024: 1,60,050/- ആകെ – 2,95,350/- രൂപ.
2	84/25 റിജക്ട് മാലിന്യം നീക്കം ചെയ്യൽ(New)	42,19,196 (ധനകാര്യ കമ്മീഷൻ അവാർഡ്)	1.വൗച്ചർനം.J-M100700-25000963/31.3.2025: 7,03,815/- 2.വൗച്ചർനം.J-M100700-24000805/21.1.2025: 4,70,815/- 3.വൗച്ചർനം.J-M100700-24000959/01.03.2025: 2,69,005/- 4.വൗച്ചർനം.J-M100700-24000701/12.12.2024: 3,60,710/- ആകെ – 18,04,345/- രൂപ.

കോട്ടക്കൽ നഗരസഭ ഹരിതകർമസേന വഴി ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ 18.1.2023ലെ എഗ്രിമെന്റ് നം.11/22-23 പ്രകാരം ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എൽ.എൽ.പി എന്ന സ്ഥാപനത്തിന് കൈമാറിയിരുന്നു. (കരാർ കലാവധി 3 വർഷം -18.1.2026 വരെ) എന്നാൽ മേൽ സ്ഥാപനം 25.5.2024 മുതൽ മാലിന്യം നീക്കം ചെയ്യുന്നത് നിർത്തിവെക്കുന്നതായി രേഖാമൂലം കത്ത് സമർപ്പിക്കുകയും തുടർന്ന് ബദൽ സംവിധാനം ഒരുക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കറവ് നിരക്ക് ക്വാട്ട് ചെയ്ത ഭാരതിയാർ അസ്സോസ്സിയേറ്റ്സ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 24.7.2024ലെ കൗൺസിൽ തീരുമാനം നമ്പർ-3 പ്രകാരം ഭാരതിയാർ അസ്സോസ്സിയേറ്റ്സ് എന്ന സ്ഥാപനത്തിന് 3 മാസത്തെ താല്ക്കാലികാനുമതി നല്കുകയും തുടർന്ന് 3 മാസം കൂടി നീട്ടി നല്കുകയും 29.12.2024ന് കാലാവധി അവസാനിക്കുകയും ചെയ്തു. കരാർ നിബന്ധനകൾ പാലിക്കപ്പെടാതിരിക്കുന്നപക്ഷം കരാർ റദ്ദ് ചെയ്യുന്നതിന് ഇരു കക്ഷികൾക്കും തുല്യ അവകാശമുണ്ടായിരിക്കും എന്ന എഗ്രിമെന്റിലെ ക്ലോസ് നം.12 പ്രകാരം മാലിന്യം ശേഖരിക്കുന്നത് നിർത്തി വെക്കുന്നതായി നോട്ട് ഫയലിൽ

രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനുള്ള കാരണമൊന്നും വ്യക്തമാക്കിയിട്ടില്ല. കരാർ വ്യവസ്ഥ പാലിക്കപ്പെടാത്ത പക്ഷം സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് നഗരസഭയുടെ താൽപര്യങ്ങൾക്കനുസൃതമായി വ്യവസ്ഥകൾ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

നഗരസഭയിലെ പ്ലാസ്റ്റിക് അടക്കമുള്ള അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് 2024-25 വർഷം ഇ-ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ യുക ക്വാട്ട് ചെയ്ത Eco-Green Kerala,കോട്ടക്കൽ എന്ന സ്ഥാപനവുമായി നെഗോഷിയേറ്റ് ചെയ്ത് 5.50 രൂപ നിരക്കിൽ അംഗീകരിക്കുകയും എന്നാൽ പ്ലാന്റിന്റെ നവീകരണാർത്ഥം ഒരു മാസത്തെ സമയം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 31.12.2024ന് Eco-Green ന് അനുമതി നല്കുകയും sl സ്ഥാപനവുമായി 3.1.2025ന് കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എൽ.എൽ.പി എന്ന സ്ഥാപനം , 3 വർഷത്തെ കരാറിൽ നിന്നും പിന്മാറിയതിന് നഷ്ടപരിഹാരം ഈടാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

2.ഭാരതിയാർ അസ്സോസ്സിയേറ്റ്സ് എന്ന സ്ഥാപനവുമായുള്ള കരാർ ഉടമ്പടിയിലെ ക്രമ നം.4 പ്രകാരം ജി.പി.എസ്.ഘടിപ്പിച്ച വാഹനത്തിൽ മാത്രമെ മാലിന്യ നീക്കം നടത്താൻ പാടുള്ളൂ. മാലിന്യം എവിടെയാണ് സംസ്കരിക്കുന്നതെന്നുള്ള വിവരവും ബില്ലിനോടൊപ്പം അറിയിയ്ക്കേണ്ടതാണ്(ക്രമനം.5). എന്നാൽ മേൽ വ്യവസ്ഥകൾ പാലിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

3.ക്രമ നം2 പദ്ധതി പ്രകാരമുള്ള മാലിന്യം നീക്കംചെയ്തതിന്റെ കൃത്യത നഗരസഭയിലെ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതിന്റ വിവരം ഫയലിൽ ലഭ്യമല്ല.

4.കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നവർക്കെതിരെ സ്വീകരിക്കേണ്ട വ്യവസ്ഥകൾ കരാർ വ്യസ്ഥയിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽപറഞ്ഞ അപാകങ്ങൾ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.16/3.3.2026) പ്രകാരം അറിയിച്ചതിന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭയ്ക്ക് കരാർ പ്രകാരമുള്ള നിബന്ധനകൾ പൂർണ്ണമായും പാലിക്കാൻ കഴിയാത്തതിനാലും സാമ്പത്തിക ബാധ്യത ഇല്ലാത്തതിനാലാണ് ഗ്രീംവോംസ് എന്ന സ്ഥാപനത്തിൽ നിന്ന് നഷ്ട പരിഹാരം ഈടാക്കാതിരുന്നതെന്നും ഒരിക്കൽ തീപ്പിടുത്തം ഉണ്ടായ സാഹചര്യത്തിലാണ് ഭാരതിയാറിന് കൗൺസിൽ തീരുമാന പ്രകാരം താല്കാലികാനുമതി നല്കി മാലിന്യം നീക്കം ചെയ്തിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ മാലിന്യം നീക്കം ചെയ്യുന്നതിന്റെ കൃത്യത നഗരസഭയിലെ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതിന്റെ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കുകയും എഗ്രിമെന്റ് വ്യവസ്ഥയ്ക്ക് വിരുദ്ധമായി കരാറുകാരൻ പ്രവർത്തിക്കുന്നതെങ്കിൽ നഷ്ടം ഈടാക്കുന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നഗരസഭയുമായി കരാറിലേർപ്പെടുന്ന എല്ലാ പദ്ധതികളിലും കരാർ വ്യവസ്ഥ ലംഘിക്കുന്നവർക്കെതിരെ നഷ്ടമുക ഈടാക്കുന്നതിന് വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണ്. ഇക്കാര്യം കൗൺസിലിന്റെ ശ്രദ്ധയിൽപെടുത്തുന്നു.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം-ഒടുക്ക് പരിശോധന

കോട്ടയ്ക്കൽ നഗരസഭയിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1). മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ).

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം.*	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/22മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ).	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക.	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക.	റിമാർക്സ്.
28	1,57,000	1,57,000	0	-

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

2).മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ജീവനക്കാരുടെ എണ്ണം.*	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക.	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക.	റിമാർക്സ്.
2	9000	9000	0	കുടിശ്ശിക തുക അടവാക്കിയിട്ടില്ല.

3). മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 മുതൽ 31.07.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

4). മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ജീവനക്കാരുടെ എണ്ണം.*	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക.	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക.	റിമാർക്സ്.
1	സെപ്റ്റംബർ	3500	3500	0	കുടിശ്ശിക തുക അടവാക്കിയിട്ടില്ല

ഇതു സംബന്ധിച്ച് നമ്പർ 2/26.2.26പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എൻക്വയറിക്ക് മറുപടി ലഭ്യമായതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി	സർട്ടിഫിക്കറ്റ് നമ്പർ/തിയ്യതി
2024-2025	2024-2025 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി	റിപ്പോർട്ടിന്റെ ഭാഗമാക്കി.

4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-4 നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവർത്തിയുടെ പേര്	വൗച്ചർ നം/ ബിൽ നം/ ചെക്ക് നം.	മുൻകൂർ നല്കിയ തുക (₹)	ചെലവഴിച്ച തുക (₹)	പൂർത്തികരിച്ച വിവരം	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
കെ.എസ്.ഇ.ബി	പ്രോജക്ട് നം: 294/25 – വിവിധ വാർഡുകളിൽ റോഡ് നവീകരണത്തിന് തടസ്സം നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ	C112422962051/ 31.03.2025 (27311 രൂപ) C102415177272/ 31.03.2025 (13371 രൂപ) C1224435648700/ 31.03.2025 (28586 രൂപ) C03248695438/ 03.04.2024 (66556 രൂപ) C03248693888/ 03.04.2024 (23165 രൂപ)	157452	0	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല	157452
മൈനർ ഇറിഗേഷൻ, മലപ്പുറം	പ്രോജക്ട് നം: 321/25- വിവിധ ചിറകളുടെ നവീകരണം	24000798 / 18.01.2025	40,00,000	0	വിനിയോഗ വിവരം ലഭ്യമല്ല	40,00,000

4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

4-6 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടവിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പതുകയുടേയും വിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	വായ്പയുടെ ഉദ്ദേശ്യം	ഉത്തരവ് നം./ തിയ്യതി	വായ്പ തുക (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി (₹)	തൻവർഷം അടച്ചത് (₹)		വർഷാവസാന ബാക്കി (₹)
					മുതൽ	പലിശ	
1	KURDFC ലോൺ – PMAY	ജി.ഒ (എം.എസ്) നം. 68/2018/ എൽ.എസ്.ജി.ഡി, തീയ്യതി 18.05.2018	0	1,93,33,333	19,33,333	-	1,74,00,000
2	KURDFC ലോൺ – ബസ് സ്റ്റാന്റ് കം	സ.ഉ (സാധാ) നം. 2547/2018/ ത.സ്വ.ഭ.വ, തീയ്യതി	0	2,66,42,395	50,74,394	24,53,410	2,15,68,001

	ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം	03.10.2018					
3	AMRUT	ലഭ്യമല്ല	8,00,00,000	0	0	0	8,00,00,000

കുറിപ്പ്: നഗരസഭയുടെ ലോൺ സംബന്ധിച്ച ഫയലുകളും പരിശോധനക്ക് ലഭ്യമാക്കിയ രേഖകളും അനുസരിച്ചുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകളിൽ യഥാർത്ഥ വിവരങ്ങളല്ല ഉൾപ്പെടുത്തിയിരിക്കുന്നത്. ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

4-7 സ്ഥിര നിക്ഷേപങ്ങൾ

വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം	3,15,74,700
തൻവർഷം നിക്ഷേപിച്ച തുക	16,63,199
ആകെ	3,32,37,899
തന്നാണ്ടിൽ പിൻവലിച്ച തുക	5,000
വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം	3,32,32,899

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

നിക്ഷേപത്തിന്റെ വിവരം	തുക (₹)	രശീതി നം.
Punjab National Bank	6,61,514	3568/13.12.2024
Kottakkal Service Co-Operative Bank	7,23,121	456588306/31.12.2024
Kottakkal Co-Operative Urban Bank (Town Ladies Branch)	8,18,117	12317/22.09.2024
Kerala Gramin Bank	5,35,617	50009/25.01.2025
Kottakkal Co-Operative Urban Bank (Main Branch)	7,60,411	58135/29.11.2024
Malappuram District Co-Operative Bank	6,76,504	520050/28.03.2025
Malappuram District Co-Operative Bank	6,38,913	520014/26.03.2025
Sub Treasury, Kottakkal	55,21,221	79901050309 4363/03.01.2025
Sub Treasury, Kottakkal	6,79,366	79901050309 4364/03.01.2025
Kottakkal Service Co-Operative Bank	60,87,870	456588304/23.01.2025
Kottakkal Service Co-Operative Bank	60,87,870	456588305/23.01.2025
Kottakkal Service Co-Operative Bank	44,14,616	456588303/19.10.2024
Kottakkal Co-Operative Urban Bank (Town Ladies Branch)	36,26,759	12318/22.02.2024
Clean Kerala Mission	20,00,000	025/26.05.2014
Malappuram Co-Operative Spinning Mills LTD	1,000	
ആകെ	3,32,32,899	

4-8 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീതി നം./ തിയ്യതി
2022-23	1-47	484531	ശ്രീ. മുഹമ്മദ് ഷാഫി	24000542/

			ഉള്ളാടശ്ശേരി, PWD Contractor	08.04.2024
2019-20	3-4(3), 3-4(4),3-5,3-6	15324	ശ്രീമതി. മിനിമോൾ പി ടി, അസിസ്റ്റന്റ് എഞ്ചിനീയർ	24022523/ 01.02.2025
2019-20	3-4(3), 3-4(4),3-5,3-6	21962	ശ്രീ. മാധവൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	24022522/ 01.02.2025
2023-24	എൻക്വയറി നം. 61	215000	ശ്രീ. സുധീർ കെ, PWD Contractor	24027050/ 27.02.2025
2023-24	എൻക്വയറി നം. 62	2500	ശ്രീ. സഹദ് പള്ളിയാലിൽ	24030691/ 19.03.2025
2023-24	എൻക്വയറി നം. 62	1000	ശ്രീമതി. റിയ ഫാത്തിമ	24030692/ 19.03.2025
2019-20	3-4(1), 3-4(3) Part & 3-4(4)	16138	ശ്രീമതി. മിനിമോൾ പി ടി, അസിസ്റ്റന്റ് എഞ്ചിനീയർ	24030893/ 20.03.2025
2019-20	3-3	4123	ശ്രീമതി. മിനിമോൾ പി ടി, അസിസ്റ്റന്റ് എഞ്ചിനീയർ	24030990/ 21.03.2025
ആകെ		760578		

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999-2000	37(3)(a)	2002-03	-	പത്രം പരസ്യം 15160/- രൂപ അധിക തുക നൽകി	നടപടി തുടരുന്നു
2002-03	18	2005-06	-	വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനത്തിന് അധിക തുക നൽകി	നടപടി തുടരുന്നു
2007-08	3-33, 3-29, 3-32	2010-11		സ്റ്റേഡിയം നിർമ്മാണം, (ഭൂമി), കുടിവെള്ള പദ്ധതി, പേപ്പർ ബാഗ് യൂണിറ്റ്	നടപടി തുടരുന്നു
2010-11, 2011-12, 2012-13	3-1, 3-38, 3-39	2013-14		ലഘു അവലോകനം (പെർഫോമൻസ് ഗ്രാന്റ്)	നടപടി തുടരുന്നു
2016-17	2(4)2	2017-18		വസ്തു നികുതി നിർണ്ണയത്തിലും നികുതി പിരിവിലുമുള്ള അപാകതകൾ	നടപടി തുടരുന്നു

4-10 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ് നടപടികൾ വഴി തുക ഈടാക്കിയ/ഈടാക്കുവാൻ അവശേഷിക്കുന്ന തുക

ക്രമ നം.	റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	ഉത്തരവാദിയായ വ്യക്തി	സർചാർജ് സർട്ടിഫിക്കറ്റ്		ഇപ്പോഴത്തെ അവസ്ഥ
				നമ്പർ/തീയതി	തുക (₹)	

1	2004-05	2-1	എം പി നന്ദകുമാർ സെക്രട്ടറി	LF 14219/ Spl.Cell/SC/D1/12 14.12.2012	46,850	ഉക അടവാക്കാൻ അവശേഷിയ്ക്കുന്നു
2	2006-07	2-1	എം ശിവശങ്കരൻ	LF 7325/Spl.Cell/ SCD1/12.Dt.12.09.14 (ചാർജ്)	41,952	ഉക അടവാക്കാൻ അവശേഷിയ്ക്കുന്നു.
3	2006-07	2-4 2-11	കെ സോമസുന്ദരൻ	LF 8588/Spl.Cell/CSC/ D1/12.Dt.14.07.14 (ചാർജ്)	4,920	ഉക അടവാക്കാൻ അവശേഷിയ്ക്കുന്നു.

ബി) സർചാർജ് നടപടി വഴി ഈടാക്കുവാൻ അവശേഷിക്കുന്ന ഉക

സർചാർജ് നടപടികളുടെ വിവരം

ക്രമ നം	റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	ഉത്തരവാദിയായ വ്യക്തി	സർചാർജ് സർട്ടിഫിക്കറ്റ്		ഇപ്പോഴത്തെ അവസ്ഥ
				നമ്പർ/തിയതി	ഉക (₹)	
1	1998-99	58pt.	പി കെ ബാബു സെക്രട്ടറി	LF 20573/Spl.Cell/ SC3/00.Dt.06.03.03	2,521	ഉക അടവാക്കാൻ അവശേഷിയ്ക്കുന്നു.
2	1998-99	58pt.	കെ മുഹമ്മദ് അഷ്റഫ്	LF 20573/Spl.Cell/ SC3/00.Dt.06.03.03	2,81,668	കോടതിയിൽ കേസ് നടന്നു വരുന്നു.
3	2003-04	3-1	എം പി നന്ദകുമാർ സെക്രട്ടറി	LF 1857/Spl.Cell/ SC5/10.Dt.15.12.10	13,500	ഉക അടവാക്കാൻ അവശേഷിയ്ക്കുന്നു.
4	2003-04	3-14	കെ എസ് ശശികല, ഹെഡ്മിസ്ട്രസ്	LF 1857/Spl.Cell/ SC5/10.Dt.15.12.10	2,240	ഉക അടവാക്കാൻ അവശേഷിയ്ക്കുന്നു.
5	2004-05	3-20(2) 3-21 3-23	എം പി നന്ദകുമാർ സെക്രട്ടറി	LF 14219/Spl.Cell/ SCD1/12.Dt.14.12.12	33,461	ഉക അടവാക്കാൻ അവശേഷിയ്ക്കുന്നു.
6	2006-07	3-5(2) 3-8 3-12 3-15	കെ സോമസുന്ദരൻ	LF 7325/Spl.Cell/ SCD1/12.Dt.09.07.12	2,41,007	ഉക അടവാക്കാൻ അവശേഷിയ്ക്കുന്നു.
7	2006-07	3-11	എം പി നന്ദകുമാർ സെക്രട്ടറി	LF 7325/Spl.Cell/ SCD1/12.Dt.09.07.12	1,78,655	ഉക അടവാക്കാൻ അവശേഷിയ്ക്കുന്നു.
8	2007-08	3-5 3-12 3-13 3-14 3-21 3-22 3-31	കെ സോമസുന്ദരൻ	LF 8588/Spl.Cell/ SCD1/12.Dt.14.02.14	13,45,621	ഉക അടവാക്കാൻ അവശേഷിയ്ക്കുന്നു.

		3-34(5)				
9	2005-06	3-19pt.	എം പി നന്ദകുമാർ സെക്രട്ടറി	LF 4100/Spl.Cell/ SC5/10.Dt.10.09.12	1,37,146	ഇക അടവാക്കാൻ അവശേഷിയ്ക്കുന്നു.
10	2003-04	2-2	എം പി നന്ദകുമാർ സെക്രട്ടറി	LF 1857/ Spl.Cell/SC5/10 15.12.10 12778	12,778	ഇക അടവാക്കാൻ അവശേഷിയ്ക്കുന്നു.
11	2006-07	2-1	എം.ശിവശങ്കരൻ സെക്രട്ടറി	LF 7325/ Spl.Cell/SCD1/12 12.09.14	41,952	ഇക അടവാക്കാൻ അവശേഷിയ്ക്കുന്നു
12	2007-08	2-4 2-11	കെ സോമസുന്ദരൻ	LF 8588/ Spl.Cell/CSC/D1/12 14.7.14 -	4,920	ഇക അടവാക്കാൻ അവശേഷിയ്ക്കുന്നു

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

ഓഡിറ്റ് വർഷത്തെ ആകെ വരവ്	23,66,86,939
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	23,48,85,378
വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത ഇക	-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ ഇക	74,82,072

(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ ഇക.

ഖണ്ഡിക നമ്പർ	ഇക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും.
1-28	1,57,452	ശ്രീ. മാമ്പള്ളി സന്തോഷ് കുമാർ,സെക്രട്ടറി
1-34	10,00,000	ശ്രീ. മാമ്പള്ളി സന്തോഷ് കുമാർ,സെക്രട്ടറി
1-35	14,89,860	ശ്രീ. മാമ്പള്ളി സന്തോഷ് കുമാർ,സെക്രട്ടറി
1-45	24,896	ശ്രീ. വൈശാഖൻ. എം. വി,കൃഷി ഓഫീസർ
1-49	3,11,491	ശ്രീ. വൈശാഖൻ. എം. വി,കൃഷി ഓഫീസർ
1-51	2,55,900	ശ്രീ.രാജൻ.എം.വി,ഹെഡ് മാസ്റ്റർ
1-56	40,00,000	ശ്രീ. മാമ്പള്ളി സന്തോഷ് കുമാർ,സെക്രട്ടറി
1-64	1,98,073	ശ്രീ. മാമ്പള്ളി സന്തോഷ് കുമാർ,സെക്രട്ടറി
1-66	44,400	ശ്രീ.സക്കീർ ഹുസൈൻ.വി.പി,ഹെൽത്ത് ഓഫീസർ
ആകെ	74,82,072	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

ഇല്ല.

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ.	ഓഡിറ്റ് വർഷം.	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം.	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം.
1	1985-86 86-87 87-88	എൽ.എഫ്.എം.18/1294/2010 തി.27.07.2010	10
2	1988-89 89-90 90-91	എൽ.എഫ്.എം.14/281/2003 തി.30.01.2003	5
3	1991-92	എൽ.എഫ്.എം.14/282/2003 തി.30.01.2003	3
4	1994-95 95-96	എൽ.എഫ്.എം.17/1297/2010 തി.27.07.2010	14
5	1996-97	എൽ.എഫ്.എം.14/285/03 തി.29.01.03	8
6	1997-98	എൽ.എഫ്.എം.17/1298/10 തി.27.07.2010	1
7	1998-99	എൽ.എഫ്.എം.17/1299/തി.27.07.2010	5
8	1999-00	എൽ.എഫ്.എം.18/1300/10 തി.27.07.2010	1
9	2001-02	എൽ.എഫ്.എം.17/1303 തി.27.07.2010	8
10	2002-03	എൽ.എഫ്.എം.17/1302 തി.27.07.2010	11
11	2003-04	എൽ.എഫ്.എം.10/1002/09 തി.06.01.2010	6
12	2004 -05	എൽ.എഫ്.എം.20/1998/10 തി.2.05.2011	31
13	2005-06	എൽ.എഫ്.എം.16/1550/10 തി.2.12.2010	9
14	2006-07	എൽ.എഫ്.എം.20/1136/09 തി.27-02-2012	13
15	2007-08	എൽ.എഫ്.എം.11/1137/09 തി.26-3-2012	21
16	2008-09	എൽ.എഫ്.എം.20/1112/12 തി.25-09-2012	21
17	2009-10	എൽ.എഫ്.എം.20/1113/12 തി.10.02.2012	27
18	2010-11 2011-12 2012-13	എൽ.എഫ്.എം.20/37/14 തി.19.07.2014	55

19	2013-14	കെ.എസ്.എ.എം.പി.എം.20/1960/2015 തി.10.09.2015	32
20	2014-15	കെ.എസ്.എ.എം.പി.എം.20/344/16 തി.26-04-2017	18
21	2015-16	കെ.എസ്.എ.എം.പി.എം.20/2758/2016 തി.03.05.2018	17
22	2016-17	കെ.എസ്.എ.എം.പി.എം.20/2439/2017 തി.22.03.2018	25
23	2017-18	കെ.എസ്.എ.എം.പി.എം.20/445/2018 തി.28.05.2019	29
24	2018-19	കെ.എസ്.എ.എം.പി.എം.20/212/20 തി.23.03.2020	47
25	2019-20	കെ.എസ്.എ.എം.പി.എം.20/5/2022 തി.08.08.2022	25
26	2020-21	കെ.എസ്.എ.എം.പി.എം.20/6/2022 തി.11.08.2022	32
27	2021-22	കെ.എസ്.എ.എം.പി.എം. 20/2913/2022 തി.03/01/2023	34
28	2022-23	കെ.എസ്.എ.എം.പി.എം. 20/192/2024 തി.21/05/2024	42
29	2023-24	കെ.എസ്.എ.എം.പി.എം. 20/ 388/2025 തി.16/07/2025	48

DISTRICT AUDIT OFFICER
KERALA STATE AUDIT DEPARTMENT
MALAPPURAM - 676 505

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 39/2025 dated 28-11-2025 and submitted on 01-12-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Kottakkal Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kottakkal Municipality as on 31-03-2025 .

Date: 16/04/2026

DISTRICT AUDIT OFFICE ★ KERALA STATE AUDIT DEPARTMENT ★ MALAPPURAM

Senior Deputy Director
District Office Malappuram
Kerala State Audit Department

Audit Report appended to the Audit Certificate of Kottakkal Municipality for the Year 2024-2025 .

1.Major Observations

NIL

2.Other Observations

1. The Asset Register is not updated.
2. All the documents prescribed in rule 58 (2) (e),(f),(3) of the Kerala Municipality Accounting Rules, 2007 are not

annexed to the annual financial statements.

3.The amount of Rs.2,23,214 as per the cheques deposited in the bank account of the institution, which were included in the municipality's accounts and recorded as income, has not been credited to the credit till date.

4.It has been shown that Rs.14,86,387 was withdrawn from the bank from various bank accounts of the municipality without being included in the municipality's accounts.

5.The amounts as per B17 schedule are not match with that of B4 schedule. The details are shown below.

Sl No	Fund	Balance amount as per B4 schedule	Balance amount as per B17 schedule
1	Integrated Child Development Scheme	3615123	9353798
2	AUEGS	1000	0
3	PMAY	57125	1968913

6.ACR is not maintained for Special purpose grants, thus the accuracy of the liability amounts booked in schedule B-4 couldnt be verified.

7.The amounts paid in part bills are not booked in the capital work in progress head in Balance Sheet.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കോട്ടക്കൽ മുനിസിപ്പാലിറ്റിയുടെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

DISTRICT AUDIT OFFICE
KERALA STATE AUDIT DEPARTMENT
MALAPPURAM - 676 505

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്